# കാർമ്മൽ



ർഷം 10 പു. 10

ത്രൈമാസികം

ലക്കം 1

ജനുവരി - 1957

# കാർമ്മൽ

വർഷം 10 പു. 10 } ജനുവരി 1957 { ലക്കം 1

# കർമ്മെലീത്തരുടെ കേരളപ്രവേശനത്തിൻെറ മൂന്നാംശതാബ്ദം

വിദേശീയ കർമ്മെലീത്തർ നമ്മുടെ കേരളക്കരയിൽ മിഷ്യൻവേലയ്ക്കു വന്നിട്ട് ഇക്കൊല്ലം മൂന്ന ശതാബ്ദങ്ങൾ പൂർത്തിയാകുകയാണ്. 1657 ഫെബ്രുവരി 22-ാനു- കൊച്ചിയിൽ വന്നിറങ്ങിയ അഞ്ചു കർമ്മെലീത്തരെ അനുഗമിച്ച് നാളിതുവരെ 24 മെത്രാന്മാരുൾപ്പെടെ 530 കർമ്മെലീത്താമിഷ്യനറിമാർ വിവിധ രാജ്യങ്ങളിൽനിന്നിവിടെ വന്ന ജോലിചെയ്തിട്ടുണ്ടെന്ന കാണുന്നു. അവരിൽ 195 പേർ മരിച്ചടക്കപ്പെട്ടിരിക്കുന്നതും നമ്മുടെ രാജ്യത്താണ്. മററു സഭക്കാർ പിൻവാങ്ങിയപ്പോൾ ബോംബെമുതൽ കന്യാകുമാരിവരെയുള്ള സ്ഥലങ്ങൾ ഒരുകാലത്ത് കർമ്മെലീത്താക്കാരുടെ മിഷ്യൻരംഗമായിരുന്നു.

**കാർമ്മെലിൻെറ സ്നേഹഭാജനങ്ങൾക്കെല്ലാം നവവത്സരമംഗളം**

അവർ എന്തിനു വന്നു, എന്തുചെയ്തു എന്നെല്ലാം കേരളസഭാചരിത്രം കുറെയെങ്കിലും പഠിച്ചിട്ടുള്ളവർക്കു അറിയാവുന്നതാണ്.

## മോൺ. ജോസഫ് സെബസ്ത്യാനി

1653 ജാനുവരി 3-ാനു- മട്ടാഞ്ചേരിയിൽവച്ച് നടന്ന കുപ്രസിദ്ധമായ കൂനൻകുരിശുസത്യത്തിൻെറ അനന്തരഫലമായി കേരള കത്തോലിക്കാ സഭയിലുണ്ടായ പിളപ്പിനെ നികത്താൻ അലെക്സാണ്ടർ സപ്തമൻ ഔദ്യോഗികമായി നിയമിച്ചതായിരുന്നു ആദ്യത്തെ കർമ്മെലീത്താപ്രേഷിതസംഘം. കേരളത്തിലെ സഭാകുഴപ്പങ്ങൾ ഒരു യഥാർത്ഥ ശിദ്മയിൽ ചെന്നവസാനിക്കാൻ ഇടവരരുത് എന്നു കരുതി മുൻകൈയ്യെടുത്തു പ്രവർത്തിച്ച ചില പ്രമുഖ വൈദികരും അത്മേനികളും ഇവിടത്തെ സ്ഥിതിഗതികൾ ഗോവായിൽ താമസിച്ചിരുന്ന ഫാ. ജോസഫ് അലക്സിസ് എന്ന കർമ്മെലീത്താ സന്യാസിവഴി യഥാവസരം റോമായിൽ അറിയിച്ചതിൻെറ ഫലമായിരുന്നു മാർപ്പാപ്പായുടെ മേൽ പ്രസ്താവിച്ച നിയമനം. ഏഴാമത്തെ അലെക്സാണ്ടർമാർപ്പാപ്പാ കർമ്മെലീത്തരുടെ ഈ ദൌത്യത്തിനു എത്ര മാത്രം പ്രാധാന്യം കൊടുത്തു എന്ന്, വിപുലമായ അധികാരം നൽകിക്കൊണ്ട് അവരെ ഏല്പിച്ച പതിനഞ്ചോളം പ്രമാണരേഖകളിൽനിന്നു കാണാവുന്നതാണ്. (1)

പേർഷ്യാ, അറേബ്യാ മുതലായ രാജ്യങ്ങളിൽക്കൂടി വളരെ കഷ്ടപ്പാടുകൾ സഹിച്ച് യാത്രചെയ്ത് ആദ്യം മലങ്കരയിലെത്തിയ കർമ്മെലീത്താ മിഷ്യനറിസംഘ

(1) Bullarium Carmelitanum III, 576—578. Cfr also 'കാർമ്മൽ' ജൂലൈ 1953—P. 17—18.

ത്തിൻെറ നേതാവ് ഫാ. ജോസഫ് (പിന്നീട് മോൺ. സെബസ്ത്യാനി) ആയിരുന്നു. അനധികൃതമായി മെത്രാൻപട്ടമേററ അർക്കദിയാക്കോൻ പറമ്പിൽ തോമ്മായെ പശ്ചാത്താപത്തിൻെറ നേർവഴിയിലേക്കു പിന്തിരിക്കുന്നതിനുള്ള അദ്ദേഹത്തിൻെറ ശ്രമം നിഷ്ഫലമായെങ്കിലും, അജ്ഞതകൊണ്ടു വഴിതെററിപ്പോയ ക്രിസ്ത്യാനികളുടെയിടയിൽ അദ്ദേഹത്തിൻെറയും അനുയായികളുടെയും പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിച്ചു താമസംവിനാ 116-ൽ 84 ഇടവകക്കാരെയും തിരിച്ചുകൊണ്ടുവരുവാൻ അവർക്കു സാധിച്ചു. ഇതിനുവേണ്ടി അവർ ചെയ്തിട്ടുള്ള ത്യാഗങ്ങളും, സഹിച്ചിട്ടുള്ള ക്ലേശങ്ങളും അവർണ്ണനീയങ്ങളാണ്. ജീവാപായം സംഭവിക്കത്തക്ക സന്ദർഭങ്ങൾപോലും പലപ്പോഴും അവർക്കു നേരിടേണ്ടിവന്നിട്ടുണ്ട്. ഫാ. ജോസഫ സെബസ്ത്യാനിയുടെ തീവ്ര ഭക്തിപ്രചുരിമയും, എരിയുന്ന തീക്ഷ്ണതയും, നിസ്വാർത്ഥ സ്നേഹവും, അചഞ്ചലമായ ക്ഷമയും, സർവ്വഥാ അനിതരസാധാരണമായ വിവേകവും ആളുകളെ അദ്ദേഹത്തിലേക്ക് അനായാസേന ആകർഷിച്ചു.

റിപ്പോർട്ടു സമർപ്പിക്കാൻ 1658-ൽ റോമായിക്കു തിരിച്ചുപോയ ഫാ. ജോസഫ് സെബസ്ത്യാനിയെ അലെക്സാണ്ടർ സപ്തമൻ ഹിയെറാപോളിയുടെ മെത്രാനും മലബാറിലെ പ്രീഫെക്ട് അപ്പസ്തോലിക്കയും ആയി നിയമിച്ചയച്ചു. 1663-ൽ ഡച്ചുകാരാൽ നാടുകടത്തപ്പെട്ടവരെ അദ്ദേഹം മാർത്തോമ്മാ ക്രിസ്ത്യാനികളെ വിജയകരമായി ഭരിച്ചിരുന്നു. 1671-ൽ ഒരാൾ അദ്ദേഹത്തെക്കുറിച്ച് പ്രൊപ്പഗന്താതിരുസംഘത്തിനിപ്രകാരം എഴുതി: "ഫാ. ജോസഫ് ആ സാന്താമരിയാ മൂന്നാം പ്രാവശ്യം മലങ്കരയ്ക്കയയ്ക്കപ്പെടുന്നെങ്കിൽ, ക്രിസ്ത്യാനികൾ ആസകലം വിളംബംവിനാ കത്തോലിക്കാസഭയ്ക്ക് വിധേയരാകും എന്നതു തീർച്ചയാണ്" (²)

റോമൻ പ്രോവിൻസിൽ കപ്രറോലാ എന്ന ഗ്രാമത്തിൽ 1623-ൽ ജനിച്ച ഇദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചതു് 1689 ലാണ്. തൻെറ ശവകുടീരത്തിൻെറ മുകളിൽ എഴുതുവാൻ അദ്ദേഹം നിർദ്ദേശിച്ച വാക്കുകൾ "കർമ്മലവനത്തിൽനിന്നു ഭൂമിയിൽക്കൂടി കാററു പറപ്പിച്ചു കൊണ്ടുപോയ ഒരില" എന്നായിരുന്നു. എത്ര വലിയ വിനയം!

## പിൻഗാമികളുടെ ചെയ്തികൾ

അദ്ദേഹത്തിനു ചെയ്തുതീർക്കാൻ സാധിക്കാത്ത ജോലികൾ അദ്ദേഹത്തിൻെറ പിൻഗാമികൾ ധൈര്യപൂർവ്വം തുടർന്നതിൻെറ ഫലമാണ് ഇന്നു കേരള കത്തോലിക്കാസഭയ്ക്കുണ്ടായിരിക്കുന്ന അഭിവൃദ്ധി. എല്ലാവരും ഒരുപോലെ മഹാമനസ്കരും തീവ്രമതികളും നിസ്വാർത്ഥസേവകരും ആയിരിക്കുകയില്ലല്ലോ. അതിനാൽ ഈ മൂന്നു നൂററാണ്ടിനിടയ്ക്ക് ചിലരുടെ ഏകസ്വവീക്ഷണത്തിൻെറ ഫലമായ പ്രവൃത്തികളും ചിരപരിചയാദവജ്ഞ: എന്ന തത്വവും കർമ്മലീത്തരുടെ നേരെ ചില കേന്ദ്രങ്ങളിൽ അല്പസ്വല്പം അതൃപ്തി ജനിപ്പിക്കുന്നതിനിടയാക്കിയിട്ടുണ്ടെങ്കിലും, അവരുടെ പൊതുവേയുള്ള സേവനങ്ങൾ എന്നും അനുസ്മരിക്കപ്പെടേണ്ടവയാണ്.

കടൽത്തീരപ്രദേശങ്ങളൊഴിച്ചാൽ ഒററ കത്തോലിക്കനില്ലാതിരുന്ന തെക്കൻ തിരുവിതാംകൂറിൽ കോട്ടാർ, തിരുവനന്തപുരം എന്നീ രൂപതകളിൽ തന്നെ ഇന്നു രണ്ടുലക്ഷത്തിൽ പരം വിശ്വാസികളുണ്ടെങ്കിൽ അതാരുടെ പ്രവർത്തനം കൊണ്ടാണ്? 1855 ൽ 120 പള്ളികൾ മാത്രമുണ്ടായിരുന്ന കൊല്ലം രൂപത വിഭജിക്കപ്പെട്ടപ്പോൾ കോട്ടാറിനു 110-ം, തിരുവനന്തപുരത്തിന് 129-ം ദേവാലയങ്ങൾ ലഭിച്ചെങ്കിൽ കർമ്മലീത്താ മിഷ്യനറിമാർ എന്തുമാത്രം ധനവും ശ്രമവും ഇക്കാര്യത്തിൽ വിനിയോഗിച്ചിട്ടുണ്ടെന്ന് ഊഹിക്കാം. വിജയപുരം രൂപതയിൽതന്നെ കഴിഞ്ഞ 25 കൊല്ലങ്ങൾക്കുള്ളിൽ കത്തോലിക്ക ജനസംഖ്യ ഇരട്ടിയായിട്ടുണ്ട്. 1955-ൽ അവിടെ 62,758 വിശ്വാസികളും 68 പള്ളികളും ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

## വിദ്യാഭ്യാസ നയം

കർമ്മലീത്താ മിഷ്യനറിമാരുടെ ശ്രദ്ധ അധികം പതിഞ്ഞതു് ആളുകളെ മാനസാന്തരപ്പെടുത്തുന്നതിലും, അവർക്കുവേണ്ടി ആരാധനസ്ഥലങ്ങൾ നിർമ്മിക്കുന്നതിലും, പ്രാഥമികവിദ്യാലയങ്ങളും, സൗകര്യമുള്ളിടത്തെല്ലാം മിഡിൽസ്കൂളുകളും ഹൈസ്കൂളുകളും സ്ഥാപിക്കുന്നതിലുമായിരുന്നു. ഇവയാണല്ലോ ഒരു മിഷ്യൻ പ്രദേശത്തെ പ്രാഥമിക അത്യാവശ്യങ്ങൾ. മുന്നോടിമിഷ്യനറിമാർ ആദ്യം അഭിമുഖീകരിക്കേ

(²) Acta Ordinis Carm. Discal. 1956 fasc. 2-3 p. 57.

ങ്ങളും ഈ പ്രശ്നങ്ങളെയാണ്. അവരുടെ കഴിവുകളും ദാനംലഭിച്ച ധനവും ഒന്നോ, രണ്ടോ കോളേജുകൾ അങ്ങോ ഇങ്ങോ സ്ഥാപിച്ച്, ഡിഗ്രികളും തദ്വാരാ ഗവമ്മെൻറുദ്യോഗങ്ങളും നേടുന്നതിനുള്ള സൌകര്യം ക്രൈസ്തവരേക്കാൾ അക്രൈസ്തവർക്കു നൽകിയിരുന്നെങ്കിൽ, ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി മുന്നിട്ടു പ്രവർത്തിച്ചു എന്ന പ്രശസ്തിക്കല്ലാതെ, കത്തോലിക്കവിശ്വാസം പ്രചരിപ്പിച്ചു എന്ന ചാരിതാർത്ഥ്യത്തിന് ഇന്നത്തെപ്പോലെ അവർക്കവകാശമുണ്ടാകുമായിരുന്നില്ല. മററുള്ള വിപുലമായ ആവശ്യങ്ങളുടെ ഇടയിൽപോലും, കർമ്മലീത്താ മിഷ്യനറിമാർ ഉന്നത വിദ്യാഭ്യാസസൌകര്യം തീരെ വിസ്മരിച്ചില്ല എന്നതിനു തെളിവാണ് എറണാകുളത്തെ സെൻറ് ആൽബെർട്ട്സ് ഹൈസ്കൂൾ കോളേജായി ഉയർത്തുന്നതിന് അവരുടെ കാലത്തുതന്നെ നടത്തിയ നിഷ്ഫലമായ ശ്രമം. പ്രതികൂല സാഹചര്യങ്ങൾകൊണ്ട് പിന്നീടു നിറുത്തേണ്ടി വന്നെങ്കിലും തിരുവനന്തപുരം ഹോളി എയിൻജൽസ് ഹൈസ്കൂൾ ഒരു കോളേജാക്കിയ കാര്യവും ഇവിടെ പ്രസ്താവ്യമാണ്.

കേരളത്തിൽനിന്ന് 1885-ൽ സുറിയാനിക്കാരും, 1903-ൽ ലത്തീൻകാരും, മംഗലാപുരത്തുനിന്ന് അവിടുത്തെ കത്തോലിക്കരും പ. സിംഹാസനത്തിലേക്ക് നിവേദനങ്ങൾ അയയ്ക്കുകയുണ്ടായി, കർമ്മലീത്തർ ഉന്നതവിദ്യാഭ്യാസം തീരെ അവഗണിക്കുന്നു എന്ന് കാണിച്ചുകൊണ്ട്. അതിനാൽ ഏതദ്ദേശീയമെത്രാന്മാരെ ലഭിക്കണം; കർമ്മലീത്തർക്കു പകരം മററു സഭക്കാരെ അയയ്ക്കണം—ഇവയൊക്കെയായിരുന്നു നിവേദകർ ചൂണ്ടിക്കാണിച്ച പ്രതിവിധികൾ.

ഈ ആവലാതികൾക്കെല്ലാം ഒരു മറുപടിയെന്നപോലെയായിരുന്നു അഭിവന്ദ്യ ദലഗാദപ്പസ്തോലിക്ക സലേസ്കി തിരുമേനി 1903 ഒക്ടോബർ 29-ാംനു കൊല്ലത്തുവച്ച് ചെയ്ത ഒരുജ്വലപ്രസംഗം(3). ഇതിൽ മിഷ്യൻ ദേശങ്ങളിൽ അനുവർത്തിക്കേണ്ട വിദ്യാഭ്യാസനയത്തെ വിശദീകരിച്ചതിനും പുറമെ, കർമ്മലീത്താ മിഷ്യനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു: "കൊല്ലം രൂപതയിലും, വിഖ്യാതമായ കർമ്മലീത്താ സഭയെ ഭരണമേല്പിച്ചിട്ടുള്ള എല്ലാ മിഷ്യൻരംഗങ്ങളിലും വിദ്യാഭ്യാസകാര്യത്തിൽ അവർ വളരെയധികം ചെയ്തിട്ടുണ്ട്, അതിനെ യുക്തിയുക്തമായ പരിധികൾക്കുള്ളിൽ നിറുത്തിക്കൊണ്ടും, രാജ്യത്തിൻെറ പൊതു ആവശ്യങ്ങളോട് പൊരുത്തപ്പെടുത്തിക്കൊണ്ടും." അന്നദ്ദേഹം തുടർന്നു പറയുകയുണ്ടായി: "ഇൻഡ്യയുടെ യാഥാർത്ഥനാശം അഭ്യസ്തവിദ്യരെന്നിവിടെ വിളിക്കപ്പെടുന്നവരുടെ ക്രമാതീതമായ ഉല്പാദനമാണ്. അവരെ ഞാൻ അർദ്ധവിദ്യരെന്നേ വിളിക്കുകയുള്ളു. ഉന്നതവിദ്യാഭ്യാസം ലഭിച്ചവരെന്ന് സ്വയം നാമകരണം ചെയ്യുന്ന ചില ഇൻഡ്യാക്കാർ ഈ രാജ്യത്തിലെ കത്തോലിക്കാ സഭയുടെമേൽ അടിച്ചേല്പിക്കാനിച്ഛിക്കുന്നതു് വിശപ്പും വിഷമവും സഹിക്കേണ്ട അഭ്യസ്തവിദ്യരുടെ സീമാതീതമായ ഉല്പാദനമാണ്."

വിവേകരഹിതമായ ഉന്നത വിദ്യാഭ്യാസം കൊണ്ട് തൊഴിലില്ലായ്മ എങ്ങിനെ വർദ്ധിക്കുന്നു എന്നു കാണിക്കാനായി നാല്പതു ഉദ്യോഗങ്ങൾക്ക് ഒഴിവുണ്ടെന്ന് ഗവമ്മെണ്ട് പരസ്യപ്പെടുത്തിയപ്പോൾ, 705 പേർ അപേക്ഷഅയച്ച വിവരം അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇന്ന് ഒരൊഴിവിനു 705 അല്ല 7005 അപേക്ഷകർ ഉള്ളതു് ഉദ്യോഗാർത്ഥികളെ സൃഷ്ടിക്കുന്ന കോളേജുകൾ കണക്കിലധികം ഉള്ളതുകൊണ്ടല്ലേ?

കർമ്മലീത്തർ ഉന്നതവിദ്യാഭ്യാസവിതരണം നേരിട്ടു കൈകാര്യംചെയ്തില്ലെങ്കിലും, അർഹിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാസ്ഥാപനങ്ങൾക്കും അവസരോചിതം സഹായംചെയ്ത് അതിനെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്ന് തെളിവില്ലാതില്ല. അഭിവന്ദ്യ ബെൻസിഗർ തിരുമേനി കൊല്ലം മെത്രാനായിരുന്നപ്പോൾ സെൻറ് ബർക്കുമാൻസ് കോളേജ് തുടങ്ങുവാൻ പതിനയ്യായിരം രൂപാ ദാനം ചെയ്തവിവരം സുവിദിതമാണല്ലോ.

## വൈദിക വിദ്യാഭ്യാസം

കർമ്മലീത്തരുടെ ദൃഷ്ടി ആരംഭംമുതൽ അത്യധികം പതിഞ്ഞതു്, ഒരു രാജ്യത്ത് കത്തോലിക്കാ സഭയുടെ നിലനില്പിന് അനുപേക്ഷണീയമായ ഏത

(3) A Man of God, by Fr. Philip, O. C. D. St. Joseph's Press, Trivandrum, p. 212.

ദ്ദേശ വൈദികരുടെ വിദ്യാഭ്യാസവിഷയത്തിലായിരുന്നു. ഇന്നു് കേരളസഭയുടെ തൊട്ടകുറിയായി ആലുവായിൽ പരിലസിക്കുന്ന ആ രണ്ടു വലിയ സെമിനാരികൾ തദത്ഥം കർമ്മലീത്തർ ചെയ്തിട്ടുള്ള നിസ്തുല സേവനങ്ങളുടെ മണിസൗധങ്ങളാകുന്നു. ഏകദേശം മുന്നൂറുകൊല്ലത്തെ ചരിത്രവും നിരവധി സാധിയസ്സുകളും ത്യാഗങ്ങളും അവയുടെ പിന്നിലുണ്ടു്.

1682-ൽ ഫാ. ആൻജെലൂസ് ഫ്രാൻസിസ് എട്ടു വിദ്യാർത്ഥികളോടുകൂടി വരാപ്പുഴ ആരംഭിച്ച വൈദിക വിദ്യാലയമാണു് ഇന്നു് അഞ്ഞൂറിൽപരം ക്ലേറിമാർക്കു് പരിശീലനം നൽകുന്ന സുപ്രസിദ്ധ മംഗലപ്പുഴ സെമിനാരിയായി രൂപം പ്രാപിച്ചിരിക്കുന്നതു്. സുറിയാനിക്കാരെ ഉദ്ദേശിച്ചാദ്യം തുടങ്ങിയ ഈ സെമിനാരി പണക്കുറവും റീത്തുവ്യത്യാസത്തിൽനിന്നുണ്ടായ വിഷമങ്ങളും നിമിത്തം അധികനാൾ നീണ്ടുനിന്നില്ല. (4). 1764-ൽ മോൺ. ഫ്ളോറൻസ് വരാപ്പുഴയിൽ ലത്തീൻകാർക്കും, മറെറാരുസ്ഥലത്തു് (Mangate) സുറിയാനിക്കാർക്കും സെമ്മിനാരി വീണ്ടും തുറന്നു. 1773-ൽ ഇരുകൂട്ടരേയും വരാപ്പുഴയിൽതന്നെ ആക്കിയെന്നും അന്നു് അവരുടെ മൊത്തം സംഖ്യ 33 ആയിരുന്നെന്നും കാണുന്നു. ഇക്കാലംമുതൽ 1866-ൽ മോൺ. ബെർണാർദീൻ പുത്തൻ പള്ളിയിലേക്കു സെമ്മിനാരി മാററുന്നതുവരെ അതു് മദ്ധ്യശതകങ്ങൾക്കുശേഷം കേരളകത്തോലിക്കാസഭയുടെ പിള്ളത്തൊട്ടിയായ വരാപ്പുഴതന്നെ സ്ഥിതിചെയ്തിരുന്നു.

1932-ലാണു് അതു് ആലുവായ്ക്കു മാററപ്പെട്ടതു്. കൊല്ലത്തെ സെമ്മിനാരി നിവൃത്തിയെതാട്ടുകൂടി, ആലുവാ ഇന്നു് കേരളത്തിലെ കേന്ദ്രസെമ്മിനാരിയായിത്തീർന്നിരിക്കുന്നു. ഇന്നും അതിൻെറ ഭാഗധേയം നയിച്ചുകൊണ്ടിരിക്കുന്നതു് കർമ്മലീത്തർ തന്നെ.

ഈ സെമ്മിനാരിയിൽനിന്നു് 17-ാം നൂററാണ്ടുമുതൽ പുണ്യത്തിലും ജ്ഞാനത്തിലും പരിശീലനം ലഭിച്ചു് പുറത്തുവന്നിട്ടുള്ള അനേകായിരം വൈദികരുടെ സേവനങ്ങൾ ഇല്ലായിരുന്നെങ്കിൽ ഇന്നു് കേരളക്കരയിൽ ഇത്രമാത്രം രൂപതകളോ, കത്തോലിക്കരോ, കത്തോലിക്കാ വിശ്വാസചൈതന്യമോ ഉണ്ടാകുമായിരുന്നില്ല. ഈ വീക്ഷണകോണത്തിൽക്കൂടി നോക്കിയെങ്കിലേ കർമ്മലീത്തരുടെ ത്യാഗക്ലേശങ്ങളുടെ വില ഗ്രഹിക്കാൻ സാധിക്കുകയുള്ളു.

ഇൻഡ്യയുടെ ഭലഗാദപ്പസ്തോലിക്കയായിരുന്ന മോൺ. സലേസ്കി തിരുമനസ്സുകൊണ്ടു് 1903 ഒക്ടോബർ 28-ാംനു- തിരുവനന്തപുരത്തുവച്ചുചെയ്ത ഒരു പ്രസംഗത്തിൽ കർമ്മലീത്തരെ പ്രശംസിച്ചിരിക്കുന്നതു് ഇപ്രകാരമാണു്: "പോർട്ടുഗീസുകാരുടെ കാലം കഴിഞ്ഞാൽ കർമ്മലീത്താ മിഷ്യനറിമാരേപ്പോലെ ഏതദ്ദേശീയവൈദികർക്കുവേണ്ടി ഇത്രമാത്രം ചെയ്തിട്ടുള്ള ഒരുത്തരുമില്ല. അവരെ ഭരമേല്പിച്ചിരിക്കുന്ന എല്ലാ മിഷ്യൻ രംഗങ്ങളിലേക്കും ദൃഷ്ടിതിരിക്കുക. കൊല്ലം, വരാപ്പുഴ, കൊച്ചി, മൂന്നു സുറിയാനിവികാരിയാത്തുകൾ, മംഗലാപുരം, ബോംബെ എന്നീ സ്ഥലങ്ങളിലെല്ലാം അവക്കു രൂപതാവൈദികരുണ്ടു്, അല്ലെങ്കിൽ അവരെ പിമ്പിൽ ആക്കിയിട്ടത്രേ കർമ്മലീത്തർ പിൻവാങ്ങിയിരിക്കുന്നതു്." (5)

## മണിമകുടം

വിദേശീയ കർമ്മലീത്തരുടെ വേദപ്രചാരണ ചൈതന്യത്തിൻേറയും പരാത്മതീക്ഷ്ണതയുടേയും ഇവിടത്തെ മുന്നൂറുകൊല്ലത്തെ മിഷ്യൻ പ്രവർത്തനങ്ങളുടേയും ഒരു ശാശ്വത സ്മാരകമാണു് ശില്പകലാവൈദഗ്ദ്ധ്യം തുളുമ്പുന്ന മംഗലപ്പുഴ സെമിനാരിയെങ്കിലും അവയെല്ലാം മകുടം ചാർത്തുന്നതു് ഏതദ്ദേശീയർക്കുവേണ്ടിയുള്ള കർമ്മെലീത്ത ഒന്നാം സഭയുടെയും രണ്ടാംസഭയുടെയും സ്ഥാപനമാകുന്നു. പുരാതനമായ കർമ്മെലീത്താ സഭാതരുവിൻെറ ഈ ഇളങ്കൊമ്പു് കേരളക്കരയിൽ ഒടിച്ചുകുത്തിയിട്ടു് 25 കൊല്ലം കഴിഞ്ഞെങ്കിലും, കൊടുങ്കാററുകളോടെതിർക്കുന്നതിനുള്ള തണ്ടും തടിയും പ്രഥമവസന്തത്തിലെ വളർച്ചകൊണ്ടു് അതിനിനിയും ലഭ്യമായിട്ടില്ല. വിദേശിയ കർമ്മെലീത്താ മിഷ്യനറിമാരുടെ ആഗമനം മുഴവൻ തന്നെ നിന്നുപോയേക്കാവുന്ന ആസന്ന ഭാവിയിൽ അവരുടെ മനോഹരമായ ദൌത്യം തുടരുന്നതിനും, സഭയുടെ ചൈതന്യം ഇന്നാട്ടിൽ നിലനിറുത്തുന്നതിനും ഏതദ്ദേശീയ കർമ്മെലീത്തരെ പ്രാപ്തരാക്കത്തക്കവണ്ണം ഒരു ദ്വതീയവസന്തം സമാഗതമാകാൻ കർമ്മെലാംബിക ദയവായി കടാക്ഷിക്കട്ടെ.

(4) Acta Ord. Carm discal; 1955, fasc. 2-3, P. 57.

(5) കാർമ്മൽ ജൂലൈ, 1953, P. 58-9.

# അമ്മയും മകനും

(ഫാ. ജെ. ഹില്ലാരിയോൻ, സി. ഡി.)

അമ്മയും മകനും, ഇവർ ഒരിക്കലും വേർപിരിയാത്തവിധം ഒട്ടിച്ചേർന്നിരിക്കേണ്ട രണ്ടു വ്യക്തികളാണ്. മാനവചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കിയാൽ കാണാം, പല മാതാക്കളേയും പുത്രന്മാരേയും, മാതാക്കളിൽ ഉദ്ഭവിച്ചു. മാതാക്കളിൽ നിന്നു ജനിച്ച് മാതാക്കളോടുകൂടി വളന്ന എത്രയോ പുത്രന്മാരാണ് ആ മങ്ങാത്ത സ്നേഹനികേതനങ്ങളെ



ഉപേക്ഷിച്ച് ദൂരദൂരം സഞ്ചരിച്ചിട്ടുള്ളതു്. ചിലർ പശ്ചാത്തപിച്ച്, വീണ്ടും മാതൃവക്ഷസ്സുകളെ അഭയം ഗമിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കലും വിട്ടുപിരിയാതെ അമ്മയോടുകൂടി ജീവിച്ച്, മരിച്ച ഒരു മകനുണ്ട്. മകനോടുകൂടി, അവിഭാജ്യമാംവിധം സംബദ്ധയായി ഇന്നും വർത്തിക്കുന്ന ഒരമ്മയുണ്ട്.

## മകനോടുകൂടെ അമ്മയും

ജോലിത്തിരക്കിനിടയ്ക്കു് ഗാലത്തായിലെ ക്രിസ്ത്യാനികൾക്ക് സെൻറ് പോൾ എഴുതി, വളരെ ചുരുക്കത്തിൽ എഴുതി "സ്ത്രീയിൽ നിന്നു് പിറന്നവനായി തന്റെ മകനെ ദൈവം അയച്ചു" എന്നു്. മറിയത്തിന്റെ പേരു പോലും ശ്ലീഹാ പറയുന്നില്ല ഇവിടെ. വി. യോഹന്നാൻ സുവിശേഷത്തിന്റെ രണ്ടാം അദ്ധ്യായാരംഭത്തിൽ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നു: "ഗാലിലിയിലെ കാനായിൽ മൂന്നാം ദിവസം ഒരു കല്യാണാഘോഷമുണ്ടായരുന്നു; മിശിഹായുടെ അമ്മയും അവിടെ ഉണ്ടായിരുന്നു." അമ്മയോടുകൂടി മകനും ഉണ്ടായിരുന്നല്ലൊ. അമ്മയുടേയും മകന്റേയും ഈ അവിഭക്തസാന്നിദ്ധ്യം ഒരു സാധാരണ സംഗതിയെന്നോണമാണ് സുവിശേഷകൻ പ്രസ്താവിക്കുന്നതു്. മകനോടുകൂടെയല്ലാതെ എങ്ങനെയാണു മറിയത്തെ നമുക്കു കാണുവാൻ സാധിക്കുക? ഒരു മംഗളസുദിനത്തിൽ ഗവ്രിയേൽ ദൈവദൂതൻ മറിയത്തിനു പ്രത്യക്ഷനായി മനുഷ്യാവതാരരഹസ്യം ഈ യഹൂദവനിതയെ അറിയിക്കുന്നു. മറിയം മിശിഹായുടെ അമ്മയായിത്തീരുന്നു. ബേദ്‌ലേഹമിലെ കാലിത്തൊഴിത്തിൽ ഭൂജാതനായ പൊന്നുമോനോടുകൂടി സകലവിധ ക്ലേശങ്ങളും അവമാനങ്ങളും മനംനീറലുകളും അമ്മ സഹിക്കുന്നു. കിഴക്കുനിന്ന് രാജകുമാരനെ തിരക്കിവന്ന മൂന്നു മഹാ പണ്ഡിതരാജാക്കന്മാർ തങ്ങളുടെ സമ്മാനങ്ങൾ സമർപ്പിച്ചപ്പോൾ "തന്റെ അമ്മയായ മറിയത്തോടുകൂടി ശിശുവിനെ അവർ കണ്ടു" മറിയം, മകന് സമർപ്പിതമായ സമ്മാനബഹുമാനങ്ങളിൽ, മനം കുളുത്തു് സന്തോഷിച്ചു, മകനോടുകൂടി ആനന്ദിച്ചു. തന്റെ പൊന്നുമോനെ കൊന്നുകളയുന്നതിന് ഹേറോദേശ് ആജ്ഞ നൽകിയതറിഞ്ഞു്, ഈ തള്ള മകനെ മാറോടമർത്തിപ്പിടിച്ച് പ്രാണരക്ഷാർത്ഥം ഓടിപ്പോകുന്നു. രണ്ടുപേരും പിന്നീട് യൂദയായിലേക്കു പ്രത്യാഗമിച്ച് അപ്രസിദ്ധമായ നസ്രസ്സിൽ വാസമുറപ്പിക്കുന്നു. എന്നാൽ ഈ പിരിയാത്ത മകൻ മൂന്നു ദിവസത്തേക്ക് അമ്മയിൽനിന്നകന്ന് പിതാവിന്റെ കാര്യത്തിൽ വ്യാപൃതനാകുന്നു. നഷ്ടപ്പെട്ട മകനെ കണ്ടെത്തുന്നതുവരെ ഈ അമ്മയ്ക്കു് സമാധാനമുണ്ടായിരുന്നില്ല എന്ന് വിശുദ്ധഗ്രന്ഥത്തിൽനിന്ന് ഗ്രഹിക്കുന്നുണ്ട്. ആ സങ്കടം മാതൃസഹജമാണ്. മകനെക്കൂടാതെയുള്ള ജീവിതം മറിയത്തിന് അസഹനീയമായിരുന്നു. എന്നാൽ മകൻ അമ്മയോടുകൂടി തന്നെ ആത്മനാ വസിച്ചു ആ വിരഹാവസരത്തിലും.

## കല്യാണ വിരുന്നിലും

ജെറുസലേം ദേവാലയത്തിൽനിന്ന് മടങ്ങിയ ശേഷം പതിനെട്ടുകൊല്ലത്തോളം അമ്മയും മകനും

ഒരുമിച്ചുജീവിച്ച നസ്രസ്സിൽ. തച്ചനായ യൗസേപ്പിനെ തന്റെ ജോലിയിൽ സഹായിച്ചുകൊണ്ടു്. മിശിഹായുടെ പരസ്യജീവിതത്തിൽ വീണ്ടും അവിടത്തെ നാം കാണുന്നു. ഒരു വിഷമസന്ധിയിൽ വധൂവരന്മാരെ സഹായിക്കുന്നവരായിട്ട കാനായിലെ കല്യാണവിരുന്നിൽ രണ്ടുപേരും പ്രത്യക്ഷപ്പെടുന്നു. "എനിക്കും നിനക്കും ഈ കാര്യത്തിൽ പ്രവേശിച്ചിട്ടെന്തു കാര്യം" എന്നു പറഞ്ഞ ക്രിസ്തുനാഥൻ തന്റെ അമ്മയുടെ ആഗ്രഹാനുസരണം പച്ചവെള്ളം പഴയവീഞ്ഞാക്കിപ്പകർത്തിക്കൊണ്ടു് ഒരത്ഭുതം തന്നെ പ്രവർത്തിക്കുന്നു. അമ്മയുടേയും മകന്റേയും സംയുക്തസാന്നിദ്ധ്യത്താൽ കല്യാണാഘോഷക്കാരെല്ലാം ധന്യരായിത്തീർന്നു.

## ശോകാത്മകമായഅന്ത്യരംഗത്തിലും

മിശിഹാ തന്റെ ജീവിതനാടകത്തിന്റെ ശോകാത്മകമായ രംഗത്തിലേക്കു് പ്രവേശിച്ചതോടെ തന്റെ അമ്മയും തന്നോടുകൂടിയുണ്ടായിരുന്നു കൃതഘ്നരും അസൂയാകലുഷിതരുമായ യഹൂദജനവ്യൂഹം നല്ലവനായ തന്റെ മകനെ പിടിച്ചു് ക്രൂരക്രൂരം മർദ്ദിച്ചശേഷം കാൽവരി മലമുകളിലേക്കു് വലിച്ചിഴച്ചുകൊണ്ടുപോകുകയാണു്. വേച്ചും വിറച്ചും ചിലപ്പോൾ നിലംപതിച്ചും മുന്നോട്ടു നടന്നുപോകുന്ന പ്രിയപുത്രനെ ഈ വത്സലമാതാവു് കണ്ടു. അവരിരുവരും പരസ്പരം കണ്ടു മൂകരായി സംസാരിച്ചു. മാതൃപുത്രഹൃദയങ്ങൾ പിടച്ചു, അവർ വിങ്ങിവിങ്ങി കരഞ്ഞു. അത്രമാത്രം. മനുഷ്യപരിത്രാണകൃത്യത്തിന്റെ അന്ത്യഘട്ടത്തിലേക്കു് മിശിഹാ പ്രവേശിച്ചിരിക്കുന്നതായിട്ടാണു് ഇപ്പോൾ നാം കാണുന്നതു്. സർവ്വാംഗം വ്രണിതനും, മർദ്ദിതനും, അവമാനിതനും, സർവ്വരാലും പരിത്യക്തനുമായ നമ്മുടെ നാഥൻ കഴുമരത്തിൽ തൂങ്ങിമരിക്കുമ്പോൾ നമ്മുടെ ദുഃഖാർത്തയായ മാതാവും കുരിശിൻ ചുവട്ടിൽ നിലകൊള്ളുന്നു. അമ്മ എന്തെങ്കിലും സംസാരിച്ചതായി നാം അറിയുന്നില്ല. ഹൃദയം പൊട്ടി, മനമുരുകി മകന്റെ ദീനരോദനങ്ങൾ ശ്രവിച്ചുകൊണ്ടു് അവിടുന്നു് നിലകൊണ്ടു. സുവിശേഷകനായ വി. യോഹന്നാൻ, "മിശിഹായുടെ കുരിശിനു് സമീപെ തന്റെ മാതാവു് നിന്നിരുന്നു" എന്നു മാത്രമേ പറയുന്നുള്ളു. മറിയം മിശിഹായോടുകൂടി നിന്നിരുന്നതു് മകന്റെ നന്ദനത്തിലല്ല നിന്ദനത്തിൽ ഭാഗഭാക്കാകുന്നതിനു വേണ്ടിയായിരുന്നു. അവിടത്തെ വിജയത്തിൽ ആഹ്ലാദിക്കുന്നതിനു വേണ്ടിയല്ല, പരാജയത്തിൽ സഹതപിക്കുന്നതിനു വേണ്ടിയായിരുന്നു. അങ്ങനെ രക്ഷകനായ മിശിഹായോടുകൂടി പീഡസഹിച്ചുകൊണ്ടു് നമ്മുടെ മദ്ധ്യസ്ഥയും സഹരക്ഷകയുമായി നിന്നു ഈ അമ്മ.

## സഭാശിശു മാതൃവക്ഷസ്സിൽ

മിശിഹായുടെ മരണശേഷം അമ്മ മകനിൽ നിന്നു് അകന്നോ! ഇല്ല ഉത്ഥാനത്തിനുശേഷം സ്വർഗ്ഗാരോഹണംവരെ പലപ്പോഴും തന്റെ ശാരീരികമായ സാന്നിദ്ധ്യത്താൽതന്നെ അമ്മയെ മകൻ സമാശ്വസിപ്പിക്കയും സന്തോഷിപ്പിക്കുകയും ചെയ്തിരുന്നു. മകന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പന്തക്കുസ്താ ദിവസം മിശിഹായുടെ തുടർച്ചയായ തിരുസഭ ഭൂജാതം ചെയ്ത സന്ദർഭത്തിൽ മറിയത്തെ വീണ്ടും നാം സഭയോടുകൂടി കാണുന്നുണ്ടു്. മിശിഹായുടെ മൗതികശരീരമാണല്ലോ തിരുസഭ. ശിശുവായ ഈശോയെ പിച്ചനടത്തിയ ആ കരങ്ങൾ തന്നെ, സഭാശിശുവിനോടുകൂടി നിന്നുകൊണ്ടു് അതിനെ സഹായിക്കുന്നു; പൊന്നുണ്ണിക്കു് അഭയം നൽകിയ ആ വക്ഷസ്സുതന്നെ ജ്ഞാനമിശിഹായെയും തന്റെ ബാല്യത്തിൽ സംരക്ഷിക്കുന്നു. മാളികമുകളിൽ ശ്ലീഹന്മാരോടുകൂടി സഭാശിശുവിനുവേണ്ടി അമ്മ പ്രാർത്ഥിക്കുന്നില്ലേ? സഭാശിശുവിനെ മാതാവു് അതിമാത്രം സ്നേഹിക്കുന്നുണ്ടു്, അതിന്റെ വളർച്ചയിൽ അവിടുന്നു് അത്യധികം തല്പരയാണു്. നിത്യജീവനിലേക്കുള്ള സമാധാനസദനമായി മാനവരാശി അതിനെ പരിഗണിച്ചു് ജീവിച്ചു് തന്റെ സുതനെപ്പോലെ സ്വർഗ്ഗത്തിലേക്കു പോകണമെന്നത്രെ ഈ സ്നേഹാർദ്രയായ അമ്മ ആഗ്രഹിക്കുന്നതു്.

## അമ്മ റാണി

മരണശേഷവും മകനോടുകൂടി ജീവിക്കുവാൻ സാധിക്കുന്ന ഏകമാതാവാണു് നമ്മുടെ പരിശുദ്ധ കന്യകാമറിയം. ആത്മശരീരങ്ങളോടുകൂടിയുള്ള സ്വർഗ്ഗാരോപണത്തിനുശേഷം, ആനന്ദത്തിന്റെ തികവിൽ, വിണ്ണിൽ രാജാവായ മകനോടുകൂടി വാണരുളുന്ന അമ്മറാണിയാണു് നമ്മുടെ അമ്മ. ചുരുക്കത്തിൽ എവിടെ മിശിഹാ ഉണ്ടോ അവിടെ മറിയവുമുണ്ടു്. മറിയത്തെക്കൂടാതെ മിശിഹായെ പ്രാപി

ക്കാൻ നമുക്കു സാദ്ധ്യമല്ലതന്നെ. സർവ്വശക്തനായ ദൈവത്തിൻെറ "പ്ലാൻ" അമ്മയോടുകൂടി മകനേ നാം പ്രാപിക്കണമെന്നുള്ളതാണ്.

## മറിയത്തിലൂടെ

മനുഷ്യാവതാരവും, മനുഷ്യപരിത്രാണത്തെക്കൂടാതെ ദൈവത്തിനു സാധിക്കുമായിരുന്നില്ലെന്നോ, മറിയത്തെക്കൂടാതെ യാതൊരു നന്മയും ദൈവത്തിനു ചെയ്യുവാൻ ശക്യമല്ലെന്നോ ഇതുകൊണ്ടു് അർത്ഥമാക്കേതില്ല. എന്നാൽ മനുഷ്യാവതാരത്തിൻപററിയ ഉപകരണമായി ദൈവം മറിയത്തെ തിരഞ്ഞെടുത്തതു മൂലം, മനുഷ്യവർഗ്ഗത്തിന്മേൽ വർഷിക്കുന്ന അനുഗ്രഹങ്ങൾ തൻെറ പ്രിയ മാതാവിൽ കൂടി ആകട്ടെ എന്നു നിശ്ചയിച്ചതിൽ യാതൊരസാംഗത്യവുമില്ലെന്നു മാത്രമല്ല നമ്മുടെ ജീവിതത്തിൽ മാതാവിനുള്ള സ്ഥാനവും സുവിശദമാകുന്നുണ്ടു്. ഒൻപതാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളതു് പ്രകൃതത്തിൽ പ്രത്യേകം ഉദ്ധാര്യമാണു്. "മിശിഹായോടു മനുഷ്യരെ യോജിപ്പിക്കുന്നതിനു് മറിയത്തിൽക്കൂടെയുള്ള മാർഗ്ഗത്തെക്കാൾ കൂടുതൽ സുനിശ്ചിതവും സുകരവുമായ വേറൊന്നില്ല തന്നെ........മറിയത്തിൽക്കൂടിയത്രെ മിശിഹായെക്കുറിച്ചുള്ള യഥാർത്ഥജ്ഞാനം നമുക്കു് ലഭിക്കുന്നതു്. മിശിഹാ ആരംഭവും ഉറവയുമായിരിക്കുന്ന ജീവിതം കൂടുതൽ എളുപ്പത്തിൽ നയിക്കുന്നതു് മറിയത്തിൽ കൂടെയത്രെ." മിശിഹായെ പ്രതിഫലിപ്പിക്കുന്ന മുകുരമാണു് മറിയം. മറിയത്തെ കൂടുതലായി നാം സമീപിക്കുമ്പോൾ മിശിഹായുടെ പരിപൂർണ്ണതകൾ കൂടുതൽ സുവ്യക്തമായി നമുക്കു് ദൃശ്യമാകുന്നു. പ്രസ്തുത പരിപൂർണ്ണതകളെ നാം അനുകരിക്കുമ്പോൾ നാം "ക്രിസ്തുവാഹി"കളും "മററു മിശിഹാ"മാരുമായിത്തീരുകയും ചെയ്യുന്നു.

## നിനക്കു ഭയമുണ്ടെങ്കിൽ

നമ്മുടെ വിശുദ്ധീകരണത്തിലും നിത്യരക്ഷയിലും നമ്മുടെ അമ്മയ്ക്കുള്ള സ്ഥാനം അനിതരവിശുദ്ധസാധാരണമായതാണു്. ദൈവത്തിനും മനുഷ്യനും ഇടയ്ക്കു് വർത്തിക്കുന്ന ഏകമദ്ധ്യസ്ഥൻ ഈശോതന്നെ. എന്നാൽ ഈശോയ്ക്കും മനുഷ്യനും ഇടയ്ക്കുള്ള മദ്ധ്യസ്ഥയത്രെ മറിയം. ഈശോയിലേയ്ക്കുള്ള മാർഗ്ഗമാണു് അവിടുന്നു്, മകനിൽ നിന്നു് അമ്മയ്ക്കു് ലഭിച്ചിട്ടുള്ള ഈ മഹനീയസ്ഥാനത്തെക്കുറിച്ചു് സഭാപിതാക്കന്മാരും ആദ്ധ്യാത്മികഗ്രന്ഥകാരന്മാരും സമ്യക്കായി പ്രതിപാദിച്ചിട്ടുണ്ടു്. വലിയ മരിയഭക്തനായ വിശുദ്ധബെർണ്ണാദിൻെറ വാക്കുകൾ ഉദ്ധരിച്ചുകൊള്ളട്ടെ: "പിതാവായ ദൈവത്തെ സമീപിക്കുന്നതിനു് നിനക്കു് ഭയമുണ്ടെങ്കിൽ, നിനക്കു് മദ്ധ്യസ്ഥനായി മിശിഹായുണ്ടു്. മിശിഹായുടെ ദൈവിക മഹത്വത്തിൻെറ മുൻപിൽ നീ വിറകൊള്ളുന്നുണ്ടെങ്കിൽ രക്ഷകനായ ദൈവത്തെ കാര്യങ്ങൾ ഉണർത്തിക്കുന്നതിനു് നിനക്കൊരു മദ്ധ്യസ്ഥയുണ്ടല്ലോ. അവളാണു് മറിയം. എപ്പോഴും നിനക്കു അവളെ അഭയം ഗമിക്കാം. നിശ്ചയമായും അമ്മയുടെ പ്രാർത്ഥന മകൻ ശ്രവിക്കും"

## കുടുംബങ്ങളിലും രാഷ്ട്രങ്ങളിലും

ഒരു വ്യക്തിയുടെ മാത്രമല്ല കുടുംബങ്ങളുടേയും രാഷ്ട്രങ്ങളുടേയും ജീവിതത്തിലും മറിയത്തിനു് ഒരു പ്രധാന സ്ഥാനമാണുള്ളതു്. ഈ സ്ഥാനമാകട്ടെ അവൾക്കു് ലഭിച്ചിട്ടുള്ളതു് തൻെറ മകനായ ദൈവത്തിൽനിന്നുമാണു്. ഫാത്തിമായിലെ കുട്ടികളോടു് ഈ അമ്മ പറഞ്ഞതും അവർവഴിയായി ലോകത്തെ ഉദ്ബോധിപ്പിച്ചിട്ടുള്ളതും ഈ സ്ഥാനമഹാത്മ്യത്തെ നിതരാം സുവ്യക്തമാക്കുന്നുണ്ടു്. ലോകത്തിൽ സമാധാനവും ശാന്തിയും ഉദയം ചെയ്യണമെങ്കിൽ തന്നെ അഭയം ഗമിച്ചു് ജപമാല ചൊല്ലണമെന്നു് അവിടുന്നു ആവശ്യപ്പെട്ടതിൻെറ കാരണം ദൂരെയെങ്ങും ആരായേണ്ട ആവശ്യമില്ല. മോണ്ടു് ഫോർട്ടിലെ വിശുദ്ധ ഗ്രിഞ്ഞോൻ പറയുകയാണു്: "മറിയത്തിൻെറ ഹൃദയത്തിലേ ലോകം യഥാർത്ഥ സാഹോദര്യം കണ്ടെത്തുകയുള്ളു, പാപപ്പൊറുതിയും കരുണയും മറിയത്തിൻെറ ഹൃദയംവഴിയായിട്ടേ അതിനു് ലഭ്യമാകയുള്ളു. പുതിയ നഗരം സത്യത്തിലും, നീതിയിലും, ഉപവിയിലും അധിഷ്ഠിതമാകണമെങ്കിൽ അതും മറിയത്തിൻെറ ഹൃദയത്തിൽക്കൂടിയേ സാദ്ധ്യമാകയുള്ളു." ദൈവം ലോകത്തിലേക്കു് ഇറങ്ങിയ കവാടത്തിലൂടെ ലോകം ദൈവത്തിലേക്കു പോകണമെന്നുള്ളതു് യുക്തിയുക്തമല്ലെ? അതിനേക്കാൾ സുകരമായ ഒരു മാർഗ്ഗത്തെക്കുറിച്ചു് നമുക്കു് വിഭാവനം ചെയ്യാൻപോലും പാടില്ല. എന്നാൽ അവളുടെ മാർഗ്ഗവും, കാൽവരിയും വേദപുസ്തകവും പഠിച്ചിട്ടുള്ളതിൽ നിന്നു് ഒട്ടുംതന്നെ വ്യത്യസ്തമല്ല.

# ശകുനമോ? യാദൃശ്ചികമോ?

ചാക്കോ, പെരിയപ്പുറം, ബി. എസ്സ്. സി. (ഓണേഴ്സ്)

അത്യാവശ്യമായി ഒരു സ്ഥലത്തു പോകേണ്ടതുണ്ടായിരുന്നു. കിഴക്കോട്ടു ബസ്സുകാത്തു ഏതാണ്ട് ഒരു മണിക്കൂറോളം നിന്നു. അതിനിടയിൽ നാലു ബസ്സുകൾ പടിഞ്ഞാറോട്ടു കടന്നുപോയി. ഒരു മണിക്കൂറിനുശേഷമാണ് എനിക്കുള്ള ബസ്സു വന്നതു്. കൈ അടയാളം കാട്ടിയിട്ട് ബസ്സ് എന്റെ അടുത്തു നിറുത്താതെ വേഗതകുറച്ചു മന്ദഗതിയിൽ മുന്നോട്ടു നീങ്ങി. അഞ്ചാറുവാരദൂരെ അതു പെട്ടെന്നു നിറുത്തിയശേഷം ഒരാളെ ഇറക്കിവിട്ടു. ഉടനെതന്നെ ഞാൻ അങ്ങോട്ടു പാഞ്ഞെത്തി പക്ഷെ ശീഘ്രത്തിൽ അതു വിട്ടുപോകുകയും ചെയ്തു. പൊരിയുന്ന മധ്യാഹ്നസമയത്തുവന്ന് ബസ്സു കാത്തുനിന്ന ഞാൻ സ്ഥലം വിട്ടപ്പോൾ മൂന്നു മണിക്കൂറുകൾ കഴിഞ്ഞിരുന്നു. എനിക്കെതിരായി നാലഞ്ചു ബസ്സുകൾ ചുരുക്കം യാത്രക്കാരുമായി കടന്നുപോയപ്പോഴാണ് ഞാൻ എന്നെ സ്വയം പഴിച്ചതു്.

വേദനയെടുത്തു ഉച്ചത്തിൽ കരയുന്ന ഒരു രോഗിയേയും കൊണ്ടു്, 45 മൈൽ അകലെയുള്ള ഒരു വൈദ്യന്റെ വീട്ടിൽ എത്തിയ എന്റെ സ്നേഹിതൻ നിരാശയോടുകൂടി പറയുകയാണ്, രണ്ടുദിവസം അവിടെ താമസിച്ചിട്ടും വൈദ്യനെ കാണാതെ മടങ്ങേണ്ടിവന്നു എന്ന്.

കൊല്ലത്തുനിന്നും കൊട്ടാരക്കരവഴി കോട്ടയത്തിന് ഏതോ മീററിംഗ് സംബന്ധിക്കുവാൻ ഒരു പ്രസംഗകൻ പോകുകയായിരുന്നു. ആ സമയത്തുതന്നെ ഒരു തീവണ്ടിയും കൊട്ടാരക്കരയ്ക്കു തിരിച്ചിരുന്നു. കാറിൽ പോയ പ്രസംഗകൻ കൊട്ടാരക്കര എത്തുന്നതുവരെ, സകല റയിൽവേ ക്രോസിംഗിലും ഗയിററടച്ചിരുന്നതു കാരണം, സമയത്തു കോട്ടയത്തെത്തി പ്രസംഗിക്കുവാൻ കഴിഞ്ഞില്ല.

സാധാരണ എവിടെയും സുലഭമായി ലഭിക്കുന്ന ഒരു പച്ചമരുന്ന്, പൊടുന്നനവേ ഉണ്ടായ ആവശ്യത്തിന് അന്വേഷിച്ചപ്പോൾ കിട്ടാത്ത ഒരു മനുഷ്യൻ പറയുകയാണ്: "ആവശ്യമില്ലെങ്കിൽ ഇഷ്ടംപോലെ കാണുന്നതു് ആവശ്യത്തിന് ഇല്ലതാനും."

ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി, അമേരിക്കൻ സർവ്വകലാശാലകളിൽ, സ്കോളർഷിപ്പ്, സമ്പാദിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന ഒരു കോളേജ് ലക്ച

---

## അമ്മേ! നയിച്ചാലും മകനിലേക്ക്

അദ്ധ്യാത്മിക ജീവിതമാർഗ്ഗം മനുഷ്യരാശിക്ക് ഭയജനകവും ദുഷ്കരവുമായി തോന്നാവുണ്ട്. എന്നാൽ വെറും മനുഷ്യവ്യക്തിയായിരുന്ന മറിയം ഈ പാതയിലൂടേ മുന്നോട്ടു പോയിട്ടുണ്ടെന്നുള്ളതു് പ്രോത്സാഹജനകമായ ഒരു ചിന്തയല്ലെ? വരപ്രസാദങ്ങൾ പ്രവാസികളായ നമുക്ക് മകനിൽ നിന്ന് വാങ്ങിത്തരുവാൻ സദാ സന്നദ്ധയാണി അമ്മ. പ്രസാദവരമാണല്ലൊ ആദ്ധ്യാത്മിക ജീവന്റെ സാരാംശം. ഈ അമ്മ ദൈവകുമാരന്റെ സ്വാഭാവിക മാതാവായിരിക്കുന്നതോടോത്തും നമ്മുടെ ഏവരുടേയും ആദ്ധ്യാത്മിക മാതാവുമാണ്. ഈ നാഥ ഒരമ്മയുടെ സ്നേഹത്തോടെ നമ്മെ സ്നേഹിക്കുന്നുണ്ട്. തന്റെ മകന്റെ ഛായയിൽ നമ്മെ കരുപിടിക്കുന്നതിന് അവൾ സദാ യത്നിച്ചുകൊണ്ടിരിക്കുകയാണ്. നാം മററു മിശിഹാമാരായിത്തീരണമെങ്കിൽ മറിയത്തെ അഭയം ഗമിക്കതന്നെ വേണം. അതുകൊണ്ടത്രെ വി. ബൊനെവെന്തൂരാ പ്രസ്താവിക്കുന്നതു് "മറിയത്തെക്കൂടാതെ ഈശോയെ കണ്ടെത്താൻ നിങ്ങൾ ശ്രമിക്കുമെങ്കിൽ അതു് നിരർത്ഥകവും നിഷ്പ്രയോജനകരവുമാണ്" എന്ന്. അതുകൊണ്ടു് നമുക്കു പ്രാർത്ഥിക്കാം: "അമ്മെ എന്നെ അങ്ങേ മകന്റെ പക്കലേക്ക് കൊണ്ടുപോകണമെ. പരാജയവും ബലഹീനതയുംകൊണ്ടു് വിരൂപനായ എന്നെ അങ്ങേ സ്നേഹമൃദുലമായ മാറിൽ മറച്ചുകൊണ്ടു് മിശിഹായിലേക്ക് എന്നെ ആനയിക്കണമെ. ഓ! സമുദ്രതാരമെ, പാപവും പ്രലോഭനവും നിറഞ്ഞ, ദുഷ്ടതയും സ്വാർത്ഥതയും നിറഞ്ഞ ഈ ലോകസമുദ്രത്തിൽ താണുപോകാതെ സ്വർഗ്ഗതുറമുഖത്തേക്ക് എന്നെ ആനയിക്കണമെ".

റക്ക് ഈയിടെ "ഉടൻതന്നെ വരണമേ"മെന്നുള്ള ക്ഷണക്കത്തു കിട്ടുകയുണ്ടായി. പക്ഷേ, ആ എഴുത്ത് അയാളുടെ കയ്യിൽ കിട്ടിയപ്പോൾ അമേരിക്കയിൽ ചെന്നെത്തേണ്ട ദിവസം കഴിഞ്ഞിരുന്നു.

ഇങ്ങനെയുള്ള അനേകമനേകം അനുഭവങ്ങൾ ഓരോരുത്തർക്കും പറയുവാനുണ്ടാവും. എന്നാൽ അതിൻെറ പിറകിൽ കിടക്കുന്ന രഹസ്യം എന്തെന്നു മനസ്സിലാക്കുവാനാണു പ്രയാസം.

ഒരത്യാവശ്യ കാര്യത്തിനു ഇറങ്ങിപ്പുറപ്പെടുന്ന മനുഷ്യൻ അയാളുടെ മാർഗ്ഗമദ്ധ്യേ ആദ്യമായി ദർശിക്കുന്ന ഏതെങ്കിലും ഒരു ജീവിയെ ആശ്രയിച്ചിരിക്കും ആ യാത്രയുടെ പരിണിതഫലവും എന്ന ധാരണ പുരാതന കാലം മുതലുള്ളതാണ്. പണ്ഡിത പാമരവ്യത്യാസമില്ലാതെ അതു വിശ്വസിക്കപ്പെട്ടുപോരുന്നു. ശകുനം എന്നു പറയപ്പെടുന്നതു വെറും തെററിദ്ധാരണയാണെന്ന് ചിലർ ഒരു കാലത്തും സമ്മതിക്കുകയില്ല. യാത്രയ്ക്കായി ഇറങ്ങുമ്പോൾ ഒരു പൂച്ച വിലങ്ങെ ചാടിയാൽ, പോകുന്നകാര്യം സാധിക്കാതെ വരാനെ ന്യായമുള്ളുവെന്നാണ് ഒരു കൂട്ടരുടെ അടിയുറച്ച ധാരണ. യാത്രാവേളയിൽ ആദ്യം കാണുന്നതു് ഒരു വൈദികനേയോ, ചില പ്രത്യേകസമുദായത്തിൽപ്പെട്ട വ്യക്തികളേയോ ആണെങ്കിൽ, അതു ഫലപ്രാപ്തിക്കു അനുകൂലമല്ലാപോലും! യാത്രപുറപ്പെട്ടിറങ്ങിക്കഴിയുമ്പോൾ ഏതെങ്കിലും സാധനം എടുക്കുവാൻ മറന്നുപോയിട്ടുണ്ടെങ്കിൽ, പിന്നോട്ടു തിരികെ വന്നെടുക്കാതെ, അവിടെത്തന്നെ നിന്നുകൊണ്ടു്, ആരെയെങ്കിലും വിളിച്ച് എടുപ്പിക്കുക മട്ടും അസാധാരണമല്ല. ഇറങ്ങിയ ഉടനെ ആരെങ്കിലും പിന്നിൽനിന്നും വിളിക്കുന്നതും ദുർലക്ഷണമാണ്. എൻെറ ഒരു സഹപാഠി ഹോസ്റ്റൽ വിട്ട് എവിടെയെങ്കിലും ദൂരെ പോകാറുള്ളപ്പോൾ എല്ലാവരോടും പ്രത്യേകം പറയാറുണ്ടു് "ഞാൻ പോകുകയാണ് എന്നെ പിറകിൽ നിന്നും വിളിക്കരുതേ" എന്ന്. ഒരവസരത്തിൽ ആരോ അറിയാതെ അയാളെ വിളിച്ചു. അന്നയാൾ പോകാതെ തിരികെ പോരുകയാണുണ്ടായതു്.

തൻെറ മകൾക്കു വിവാഹാലോചനയ്ക്കുപോയ ഒരു പിതാവു് വൈകുന്നേരം തിരികെ വന്ന്, നിരാശനായി ഭാര്യയോടു പറയുകയാണ്, "ഞാൻ ഇറങ്ങിയപ്പോഴേ അതു നടക്കുകയില്ലെന്നു തീരുമാനിച്ചതാണ്; ഗയിററു കടന്നപ്പോൾ ഒരു കല്ലിൽ എൻെറ കാൽ ചെന്നടിച്ചു."

ശകുനത്തിൽ ദൃഢവിശ്വാസികളായ പലരും, ദുശ്ശകുനത്തിനിടയാക്കിയ വ്യക്തികളോടു വിദ്വേഷം ഭാവിക്കാറുണ്ടു്. അങ്ങിനെയുള്ളവരുടെ ഭവനത്തിലേയ്ക്കു് അത്യാവശ്യമുണ്ടെങ്കിലും പ്രഭാതവേളകളിൽ കയറിച്ചെല്ലുവാൻ മടിക്കുന്നവരും ഇല്ലാതില്ല. അവരെ അരോചകപ്പെടുത്തേണ്ടായെന്നു കരുതിയാണ്. ശകുനത്തിൽ വിശ്വാസികളായ ചിലർ, ചില പ്രത്യേക ദിവസങ്ങളിൽ പുലർകാലത്തു് എഴുന്നേററുവരുമ്പോൾ തന്നെ, പ്രഥമദർശനത്തിനുവേണ്ടി നേരത്തെ, പുഷ്പങ്ങൾ തുടങ്ങിയ ശുഭസൂചകങ്ങളായ സാധനങ്ങൾ കിടക്കമുറിയുടെ വാതുക്കൽ തയ്യാർ ചെയ്തിട്ടുണ്ടാവും.

അശുഭങ്ങളായ ഈ വക സംഭവങ്ങളെപ്പററി പറഞ്ഞു സമയം ചെലവഴിക്കാതെ ഈ പ്രശ്നത്തിൻെറ വേറൊരു വശത്തേപ്പററി കൂടി ചിന്തിക്കേണ്ടതുണ്ടു്. ഇന്നു ലോകത്തിൽ ഓരോരുത്തരും പല പ്രയാസങ്ങളും അനുഭവിക്കുന്നുണ്ടെങ്കിലും, അവരുടെ എത്രയെത്ര സംഗതികളാണ് വിജയപരിയവസാനിയായിത്തീരാറുള്ളതു്. ആ വക സംഭവങ്ങൾ വിളിച്ചു പറയുവാൻ ആരുമില്ല. ഒരാളുടെ ദൃഷ്യവശം പുറമുകളിൽനിന്നും വിളിച്ചറിയിക്കുവാൻ തയ്യാറുള്ളവർ, ആ വ്യക്തിയുടെ തന്നെ, ഗുണഗണങ്ങളെ മറച്ചുകളയുന്നതു് ലോകസാധാരണമാണ്.

എനിക്കു വളരെ പരിചയമുള്ള ഒരാളുടെ അനുഭവം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. അയാളുടെ മകൾ ഒരു കന്യകാലയത്തിൽ ചേർന്നിട്ട് ചില അസൗകര്യങ്ങൾനിമിത്തം അവിടെനിന്നും ഇറങ്ങിപ്പോരുകയുണ്ടായി. അങ്ങിനെ പോരുന്നവർക്ക്, ഒരുകാലത്തും, വേറൊരു കന്യകാലയം അഭയം നൽകുക സാധാരണമല്ല. എങ്കിലും മറെറാരിടത്തു ഒന്നു പരീക്ഷിച്ചു നോക്കിക്കളയാമെന്നുകരുതി അയാൾ ഒരു ദിവസം രാവിലെ ഇറങ്ങിപ്പുറപ്പെടുകയാണ്. അയാളുടെ വീട്ടിൽ ജോലിചെയ്യുന്ന സ്ത്രീ ദുശ്ശകുനപ്പട്ടികയിൽ പെട്ട സമുദായാംഗമാണ്. അവൾ എന്നും രാവിലെ എഴുന്നേററു അവളുടെ വീട്ടിൽനിന്നും വരികയാണു പതിവു്. അവൾ വരുന്നതിനുമുമ്പ്, അവളെ വഴിയിൽവച്ചുകാണരുതെ എന്നുകരുതി, കുറേക്കൂടി രാവിലെ എഴുന്നേററു യാത്രക്കിറങ്ങി. അതിനുംപുറമേ, അവളെ കാണാതിരിക്കുവാൻ വേറൊരു കരുതൽകൂടി

എടുത്തു. ഒരു കുറുക്കുവഴിയേ ഇറങ്ങി നടന്നു. അപ്പോൾ എതിരേവന്നതു് അതേ സമുദായത്തിൽപ്പെട്ട വേറൊരു വ്യക്തിയാണു്. യാത്രക്കാരൻെറ മുഖം ചെമന്നു രക്തമയമായി. എങ്കിലും മനസ്സില്ലാമനസ്സോടെ മുന്നോട്ടുതന്നെ പോയി. അപ്രതീക്ഷിതമായി, പ്രയാസമേറിയ ആ കാര്യം സാധിച്ചുവെന്നു പറയുമ്പോൾ ആരാണു് ശകുനത്തിൽ അവിശ്വസിക്കാതിരിക്കുന്നതു്?

വളരെ തിടുക്കമായി, മൂന്നു ബസ്സുകൾ മാറിക്കയറി യാത്രചെയ്തു, നിർദ്ദിഷ്ടസ്ഥലത്തു ചെന്നെത്തേണ്ട ചിലക്ക് റോഡിൽ ചെന്നുകഴിയുമ്പോൾത്തന്നെ ബസ്സു കിട്ടുന്നതും, തെററാതെ പടിപടിയായി കണക്ഷൻ കിട്ടി വിചാരിക്കുന്ന സ്ഥാനത്തു സമയത്തെത്തിച്ചേരുന്നതുമായ എത്രയെത്ര സന്ദർഭങ്ങൾ ഉണ്ടു് അതിനാരും പ്രാധാന്യം നൽകാറില്ല. ചിലപ്പോൾ നാം ബസ്സു കാത്തുനില്ക്കുമ്പോൾ, എതുവശത്തേയ്ക്കു്— നമുക്കു് ആവശ്യമില്ലാത്ത ദിക്കിലേക്കു്—ധാരാളം ബസ്സുകൾ പോകുന്നുണ്ടു് എന്നു നാം പരാതിപ്പെടാറുണ്ടല്ലോ. ആ ബസ്സുകൾ യാത്രക്കാരില്ലാതെ വെറുതേ പോകുകയാണോ? അതിലും ആളുകളുണ്ടല്ലോ. അവരെല്ലാം ദുശ്ശകുനത്തിൽ നിന്നും രക്ഷപ്രാപിച്ചവരാണോ? പോരെങ്കിൽ ചിലപ്പോൾ നാം ബസ്സിൽ കയറി യാത്രചെയ്യുമ്പോൾ ഓരോ മുക്കിലും മൂലയിലും എതുവശത്തേയ്ക്കുള്ള ബസ്സു കാത്തുനിൽക്കുന്ന ധാരാളം യാത്രക്കാരെ കാണാറില്ലേ? അതെല്ലാം അവരുടെ മാർഗ്ഗമദ്ധ്യേ പ്രത്യക്ഷപ്പെട്ട അശുഭലക്ഷണങ്ങളുടെ ഫലമാണോ?

പണ്ടു വെറും ചില്ലറക്കച്ചവടക്കാരനായിരുന്ന ഒരാൾ ഇന്നു, ആ നാട്ടിലെ കുബേരനായി കഴിയുകയാണു്. അയാളെപ്പററി മററുള്ളവർ പറയുകയാണു് “ഏതു വ്യവസായത്തിൽ അയാൾ പ്രവേശിച്ചാലും ഈരാറു പന്ത്രണ്ടാണു്. പരാജയം അയാളുടെ ജീവിതത്തിൽ ഒരു പുത്തരിയാണു്.”

അവരവരുടെ ജീവിതത്തിൽ ഓരോ ആപത്തിൻേറയും വക്കിൽ എത്തിയിട്ടു, മരണകവാടത്തിൽ നിന്നും, രക്ഷപ്പെട്ട എത്രയെത്ര അനുഭവങ്ങൾ പറയുവാൻ കഴിയും. ശക്തിയായ ജലപ്രവാഹത്തിൽ, ചുഴിയിൽപ്പെട്ടു നട്ടംതിരിഞ്ഞു, ഒരു പുൽക്കൊടിയിൽ പിടികിട്ടി, ജീവാപായം നേരിടാതെ കരക്കേറിയവരെപ്പററി കേട്ടിട്ടില്ലേ? ഇലക്ട്രിക്പോസ്റ്റിൽചെന്നടിച്ചു, ബസ്സിലുള്ള നാല്പതിൽപ്പരം യാത്രക്കാർ ഭസ്മമായിപ്പോയതും, ബസ്സിനു് തീപിടിച്ചു ആളുകൾ ദഹിച്ചുപോയതും നമ്മെ ബോധരഹിതരാക്കിയ സംഭവങ്ങളാണു്; എങ്കിലും ചില അവസരങ്ങളിൽ, ബസ്സും കാറും തമ്മിൽ നേരെ പാഞ്ഞടുത്തു്, യാത്രക്കാരെ മൃതപ്രായരാക്കിയശേഷം കൂട്ടിമുട്ടാതെ രക്ഷപ്രാപിക്കുന്നതായും അനുഭവപ്പെടാറില്ലേ?

ചില കാഴ്ചകൾ കാണുന്നതു ദുശ്ശകുനമാണെന്നും വിധിച്ചിരിക്കുന്നതുപോലെ മററു ചിലതു ശുഭലക്ഷണമായും കരുതപ്പെടുന്നു. യാത്രാവേളയിൽ മഴപെയ്യുന്നതോ, ശവം കാണുന്നതോ, നല്ല ലക്ഷണമായി ഗണിക്കാറുണ്ടു്. ഒരു മാന്യൻ, ഏഴുമൈൽദൂരെയുള്ള ഒരു ബന്ധുവിൻെറ വീട്ടിൽ പോകയായിരുന്നു. ഇറങ്ങിയപ്പോഴേ തന്നെ അയാൾ കാണുന്നതു് ഒരു ശവമാണു്. രണ്ടു മൈൽ ദൂരം ചെന്നിട്ടുവേണം അയാൾക്കു ബസ്സുകിട്ടുവാൻ. അധികതാമസംകൂടാതെ, അയാളുടെ കാൽ ഒരു കൽക്കൂട്ടത്തിലടിച്ചു, പെരുവിരലിൻെറ നഖം നാലു കഷണമായി പൊട്ടി രക്തപ്രവാഹമായി. മന്ദം അയാൾ നടന്നു. ബസ്സ്സ്റ്റാൻറിൽ എത്തിയപ്പോൾ, ആ സമയത്തു ബസ്സില്ലായെന്നറിഞ്ഞതിൽ കുണ്ഠിതം വർദ്ധിച്ചു. ബാക്കി അഞ്ചു മൈലും അയാൾ നടന്നുപോകേണ്ടിവന്നു. നിർദ്ദിഷ്ടസ്ഥാനത്തു ചെന്നുചേരുന്നതിനുമുമ്പു്, മുട്ടിയ കാൽവിരൽ തന്നെ രണ്ടുപ്രാവശ്യംകൂടി മുട്ടി, ശക്തിയായി വേദനിച്ചു. ബന്ധുവീട്ടിൽ ചെന്നപ്പോഴാകട്ടെ, അയാൾക്കു കാണേണ്ടിയിരുന്ന വ്യക്തി അവിടെയില്ലായിരുന്നതാനും. ഇതാണു് നല്ല ശകുനത്തിൻെറ ഫലം.

ഇത്രയും വസ്തുതകളുടെ വെളിച്ചത്തിൽ ഇനി ശകുനത്തെപ്പററി ഒരു വിധി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ജീവിതത്തിൽ അനുകൂലമായും പ്രതികൂലമായും പലതും സംഭവിക്കും. അവകൾ ശകുനഫലമായിട്ടോ, വിധിയായിട്ടോ വ്യാഖ്യാനിക്കുന്നതു് തികച്ചും അർത്ഥശൂന്യമാണു്.

യാത്രയ്ക്കിറങ്ങുന്നവർക്കു ബസ്സിൻെറ സമയാസമയങ്ങളെപ്പററി ഏതാണ്ടു നിശ്ചയമുണ്ടെങ്കിൽ അനാവശ്യമായ സമയനഷ്ടം ഒഴിക്കാവുന്നതാണു്. ചില പച്ചമരുന്നുകൾ സുലഭമായ കാലങ്ങളിൽ പറിച്ചു സൂക്ഷിക്കുകയൊ, ഉപയോഗിക്കുകയൊ ചെയ്യാതെ, നമ്മുടെ ആവശ്യാവസരം പോലെ അതു കാത്തുനിൽക്കുമെന്നു കരുതുന്നതു് മൌഢ്യമാണു്. ചില കാര്യങ്ങൾ നമുക്കു

# "നന്മനിറഞ്ഞ മറിയം-" പ്രാർത്ഥന

## III

## "സ്ത്രീകളിൽ നീ അനുഗൃഹീതയാണ്"

(ഏണേക്കാട്ട യൗസേപ്പുകത്തനാർ)

ഗബ്രിയേൽ മാലാകാ പരിശുദ്ധകന്യകയെ അഭിവാദനം ചെയ്തതിൽ മൂന്നാമത്തെ വാക്യമാണല്ലോ



"സ്ത്രീകളിൽ നീ അനുഗ്രഹീതയാണ്" എന്നതു്. മുൻവാക്യങ്ങളോടു തുലനം ചെയ്താൽ ഇതിനും അതേഅർത്ഥം തന്നെ ലഭിക്കും. നന്മനിറഞ്ഞവളും ദൈവംകൂടെയുള്ളവളും യഥാർത്ഥത്തിൽ അനുഗ്രഹീതയാണല്ലോ. പഴയനിയമത്തിൽ ചില സ്ത്രീകൾ അനുഗ്രഹീതകളാണെന്നു പറഞ്ഞിരിക്കുന്നതായി കാണാം. "ന്യായാധിപന്മാർ" അഞ്ചാം അദ്ധ്യായത്തിൽ യാഹേലിനെപ്പററി ഇങ്ങനെയുണ്ടു്. അവിടെകർത്താവിൻെറ മാലാകാ-The Angel of the lord-പറകയാണു് "സ്ത്രീകളിൽ നി അനുഗ്രഹീതയാണു്" എന്നു്. വീണ്ടും യൂദിത്തിനോടു പ്രധാനാചാര്യനായ യോവാക്കിം തൻെറ അനുചരന്മാരൊന്നിച്ചു "നി എന്നാളും അനുഗ്രഹീതയായിരിക്കും" (15-ാം അദ്ധ്യായം) എന്നു പ്രസ്താവിച്ചിരിക്കുന്നു ഈ മഹിളാമണികളുടെ അലൗകിക വീരകൃത്യങ്ങളെ ആസ്പദിച്ചാണു ഇങ്ങനെ സ്തുതിക്കപ്പെട്ടിരിക്കുന്നതു എന്നതിനു സംശയമില്ല. ഇവരൊക്കെ പരിശുദ്ധകന്യകയുടെ പ്രതിരൂപങ്ങളാണെന്നു വ്യാഖ്യാനിക്കപ്പെടുന്നു.

---

പ്രതികൂലമായി സംഭവിക്കുന്നെങ്കിൽ, അതു ഒരു പക്ഷെ നമ്മുടെ പ്രാപ്തിക്കുറവുകൊണ്ടോ, അതിൽ ഇടപെടുന്ന ഇതര പാർട്ടിയുടെ അപ്പോഴത്തെ മനസ്ഥിതികൊണ്ടോ, അല്ലെങ്കിൽ സംഗതിയുടെ പ്രകൃതിവ്യത്യാസംകൊണ്ടോ ആയിരിക്കാം.

ശകുനത്തിൽ ദൃഢവിശ്വാസംവെയ്ക്കുന്ന വ്യക്തികൾക്കു, എളുപ്പം സാധിക്കാവുന്ന സംഗതികൾ, പ്രയാസമായെന്നും വരാം. ശകുനം പററിയില്ല എന്നുള്ളബോധം അയാളുടെ മനസ്ഥൈര്യത്തെ ക്ഷയിപ്പിക്കുന്നു, ഉന്മേഷം നഷ്ടപ്പെടുത്തുന്നു. കൃത്യനിർവഹണത്തിൽ ആത്മവിശ്വാസം ഇല്ലാതാക്കിത്തിക്കുന്നു അങ്ങിനെ അയാൾ ആശങ്കാഭരിതനായിത്തീന്നാൽ, ആത്മധൈര്യമില്ലാതെ ഇടപെടുന്ന ഏതൊരു പ്രവത്തനരംഗത്തും വിജയം സുസാദ്ധ്യമല്ല വിഷപ്പല്ലുകൊണ്ടു പാമ്പു കടിച്ചിട്ടില്ലെങ്കിലും, ചിലർ മൃതിയടയാറുണ്ടു്. അതു ഭയംകൊണ്ടുമാത്രമാണു്. ഇടിവെട്ടേററു മരിക്കുന്നവരിൽ പലരും യഥാർത്ഥത്തിൽ അതിൻെറ ഭീകരശബ്ദത്തിൽ ഞെട്ടി, ബോധരഹിതരാകുന്നവരാണെന്നു പറയപ്പെടുന്നു. അതുകൊണ്ടു അർത്ഥമില്ലാത്ത വിശ്വാസങ്ങളെ മുറുകെ പിടിച്ചാൽ, അനർത്ഥങ്ങൾ പലതും സംഭവിക്കുവാനിടയുണ്ടു്. അതിൽ വഴിയെപോകുന്നവരെ പഴിക്കേണ്ട ആവശ്യമുണ്ടോയെന്നു സ്വല്പം ചിന്തിച്ചുനോക്കുന്നതു് അവരവക്കും മററുള്ളവക്കും ഉപകാരപ്രദമായിരിക്കും.

ഇങ്ങിനെയുള്ള അനുകൂല പ്രതികൂല സംഭവങ്ങൾ വെറും യാദൃശ്ചികമായി കണക്കാക്കുന്നതായിരിക്കും ഏററവും വിവേകമായിട്ടുള്ളതു്. യാദൃശ്ചികമെന്നു പറയുന്നതു് ചിലർ ഭാഗ്യമെന്നും, നിർഭാഗ്യമെന്നും കരുതാറുള്ളതുതന്നെയാണു്. ഉത്തമ ദൈവവിശ്വാസികൾക്കു, ഈ യാദൃശ്ചികസംഭവങ്ങൾ "ദൈവേഷ്ടം" എന്നു മാത്രം ധരിച്ചാൽ അതുതന്നെയാണു് ഇവകളുടെയെല്ലാം പിന്നിൽ മറഞ്ഞുകിടക്കുന്ന മഹാരഹസ്യം.

---

യൂദിത്തു് "യേറുസലത്തിൻെറ മഹിമ, ഇസ്രായേലിൻെറ ആനന്ദം, നമ്മുടെ ജനങ്ങളുടെ ബഹുമാനം" എന്നും മററും വാഴ്ത്തപ്പെടുന്നു. ഗബ്രിയേൽ മാലാകാ അഥവാ എലിസബത്തു് (രണ്ടുപേരും) ഇതൊക്കെ ഇവിടെ ആവർത്തിക്കുന്നു എന്നു മാത്രമേയുള്ളു. അവരിൽ നിഴലായിരുന്നതു് ഇവിടെ യഥാർത്ഥീകൃതമായിരിക്കുന്നു. പ്രതിരൂപങ്ങൾ അവസാനിച്ചു. അവരേയും ഉൾപ്പെടുത്തി എല്ലാ സ്ത്രീകളിലും മറിയം അനുഗ്രഹിതയാണെന്നു ലോകത്തോടു പ്രഖ്യാപനം ചെയ്യുന്നു. ഇങ്ങനെയുള്ള "അനുഗ്രഹിത" ഇനിയുണ്ടാകയുമില്ല, മുൻപേ ഉണ്ടായിട്ടുമില്ല എന്നത്രേ നാമറിയേണ്ടതു്. ഏവാമുതൽ ലോകത്തിൽ അവസാനമായി പിറക്കുന്ന സ്ത്രീവരെ-അവരിൽ ചിലർ അനുഗ്രഹിക്കപ്പെട്ടവരുതന്നെ- എല്ലാവരേയും ഒന്നായി എടുത്താൽ ഈ സമൂഹത്തിൽ എത്രയും പരമോന്നത നിലയിൽ അനുഗ്രഹീതമറിയം മാത്രമാകുന്നു. വേറെ ആരും ജന്മ പാപരഹിതയല്ല. വേറെ ആരും ദൈവത്തെ പ്രസവിച്ചില്ല. വേറെ ആരും കന്യകയും മാതാവുമായില്ല. ദൈവത്തോടുകൂടെ മനുഷ്യകുലത്തേയും വേറെ ആരും ജനിപ്പിച്ചില്ല. അന്യസ്ത്രീ ശരീരത്തോടൊന്നിച്ചു് സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടില്ല. പ്രവേശിക്കയുമില്ല, പൊതു വിധിക്കുമുമ്പ്. സർവ്വലോകരാജ്ഞിയായി ത്രിത്വത്താൽ കിരീടം ധരിപ്പിക്കപ്പെടുകയുമില്ല ഇവൾതന്നെ സ്ത്രീകളിൽ അനുഗ്രഹിത, ഏദൻതോട്ടത്തിലെ 'സ്ത്രീ', കല്യാണവിരുന്നിലെ 'സ്ത്രീ', ഗാഗുൽത്തായിലെ 'സ്ത്രീ'. "നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു," വിശുദ്ധ അഗസ്റ്റിനോസു പറകയാണു്, "എന്തെന്നാൽ നീ സകല സ്ത്രീപുരുഷന്മാർക്കും ജീവനെ നൽകി, ഞങ്ങളുടെ പൂർവ്വജനനി ലോകത്തിനു് ശിക്ഷവരുത്തി; ഞങ്ങളുടെ കർത്താവിൻെറ മാതാവോ എന്നാൽ രക്ഷയെ പ്രദാനം ചെയ്തു. തിന്മയുടെ നാഥ ഏവ, നന്മയുടെ നാഥ മറിയം. ഏവ നശിപ്പിച്ചു, മറിയം ഉദ്ധരിച്ചു. അവൾ മുറിപ്പെടുത്തി, ഇവൾ സുഖപ്പെടുത്തി. അനുസരണക്കേടിനെ അനുസരണം കൊണ്ടും വിശ്വാസരാഹിത്യത്തെ വിശ്വാസംകൊണ്ടും മറിയം കൈമാറി." വെറുതേയല്ല ഗബ്രിയേൽ മാലാകാ മറിയത്തെ ഇങ്ങനെ പുകഴ്ത്തുന്നതു്. "ആകാശത്തേക്കാൾ വലിയവളും ഭൂമിയെക്കാൾ സുശക്തയും ലോകത്തെക്കാൾ വിശാലയും ആയ മറിയം വാസ്തവത്തിൽ വാഴ്ത്തപ്പെട്ടവൾതന്നെ." വിശുദ്ധ ക്രിസോലഗൂസു് തുടരുന്നു: "ഭൂലോകത്തിനു കൈയ്യടക്കാൻ സാധിക്കാത്ത ദൈവത്തെ അവൾ സ്വന്തമാക്കി, ഭൂലോകത്തെ സംവഹിക്കുന്നവനെ അവൾ കരതലത്തിലാക്കി; തൻെറ സ്രഷ്ടാവിനെ പ്രസവിച്ചു. സകല ജീവജാലങ്ങളുടെയും പരിപോഷകനെ അവൾ പരിപോഷിപ്പിച്ചു...." സ്ത്രീകളിൽ മറിയം വാഴ്ത്തപ്പെട്ടവളാകുന്നു.

വിശുദ്ധ ബ്രിജിത്തായ്ക്കു് പരിശുദ്ധകന്യക പ്രത്യക്ഷപ്പെട്ടു പറയുകയാണു്. "പുത്രൻെറ പുകഴ്ച എൻെറതുമാണു്. അവനെ ബഹുമാനിക്കുന്നവൻ എന്നേയും ബഹുമാനിക്കുന്നു. ഞങ്ങൾ രണ്ടുപേർക്കും ഒരേ ഹൃദയം മാത്രമുള്ളതുപോലെ അത്ര തീവ്രമായി അവൻ എന്നേയും ഞാൻ അവനെയും സ്നേഹിക്കുന്നുണ്ടു്."

"വലിയവനായ ദൈവം മറിയത്തിൽ ഒരു കുഞ്ഞുകുട്ടിയായിത്തീന്നതുകൊണ്ടുതന്നെ അവൾ അനുഗ്രഹിതയാണു്. ലോകാരംഭകനായ സർവശക്തൻ മറിയത്തിൻെറ ബലഹീനനായ കുഞ്ഞുപുത്രൻ, നിത്യനായ ദൈവം, അദൃശ്യനായ സ്രഷ്ടാവു്, മറിയത്തിൻെറ കൈയിൽ ഒരു വെറും പിഞ്ചുജീവി! ആദിയും അന്തവുമില്ലാത്ത ദൈവത്തിൻെറ പുത്രൻ മറിയത്തിൻെറയും പുത്രൻ! അവൻ പുരോഹിതനും രാജാക്കന്മാരുടെ രാജാവും ആയിരിക്കുന്നു." മറിയമേ, നീ വാഴ്ത്തപ്പെട്ടവളാകുന്നു

ഗബ്രിയേൽ മാലാകായുടെ ഈ വാക്യം ഒരു വസ്തുകഥനമായിട്ടും സംബോധനമായിട്ടും വ്യാഖ്യാനിക്കപ്പെടുന്നുണ്ടു്. എങ്ങനെയും സാരാർത്ഥത്തിൽ വലിയ വ്യത്യാസമുണ്ടെന്നു കരുതാനില്ല. ഇതേ വാക്യംതന്നെ തൻെറ ചാർച്ചക്കാരിയായ വിശുദ്ധ എലീശ്വായും പറയുന്നതായി സുവിശേഷത്തിലുണ്ടല്ലോ. "സ്ത്രീകളിൽ നീ അനുഗ്രഹീതയാണു്" എന്നു്. വിഷയത്തിൽനിന്നും അല്പം വ്യതിചലിച്ചാണെങ്കിലും ഈ ചാർച്ചക്കാരിയെ കാണാനുള്ള മറിയത്തിൻെറ യാത്രയെക്കുറിച്ചുംമററും കുറഞ്ഞൊന്നു പ്രസ്താവിക്കുന്നതു് അസ്ഥാനത്താകയില്ലെന്നു കരുതുന്നു. സുവിശേഷങ്ങളിൽ, ലത്തീനിൽ "കൊഗ്നാത്താ," ഇംഗ്ലീഷിൽ "കസിൻ," സുറിയാനിയിൽ "അഹിയാൻസേക്," ആധുനിക മലയാളപതിപ്പിൽ "ചാർച്ചക്കാരി" എന്നാണു് എലിസബെത്തിനു മറിയയുമായുള്ള സംബന്ധത്തെപ്പററി പറഞ്ഞുകാണു

ന്നതു്. പക്ഷേ, മുൻകാലങ്ങളിൽ മറിയത്തിൻെറ "ഇളേമ്മ"യാണു് എലീശ്വാ എന്ന നടപ്പിലിരുന്നു. ഇളേയമ്മ ഇംഗ്ലീഷിലെ "ഓണ്ട്" ആണല്ലോ. "കസിൻ" സഹജപുത്രരും, പുത്രികളും. എങ്ങനെയും ഇവരിരുവരും രക്തസംബന്ധികളാണെന്നുള്ളതിൽ സംശയമില്ല; എന്തെന്നാൽ മാലാകാ പറയുന്നതായി സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. മാർ യൗസേപ്പിൻെറ പിതാവും മാത്താൻെറ പുത്രനുമായ യാക്കോബിനു് അന്നയും സോബയും എന്ന രണ്ടു സഹോദരിമാരുണ്ടായിരുന്നു. ഇവരിൽ അന്നയുടെ മകൾ മറിയം; ലേവിഗോത്രത്തിലേയ്ക്കു വിവാഹംചെയ്യപ്പെട്ട സോബയുടെ പുത്രി എലിസബത്തു്. അതിനാൽ മറിയവും യൗസേപ്പും ഒരേരീതിയാൽ എലിസബത്തിനു സംബന്ധക്കാരാണു്. Cousins in the same degree. ഇതിൻപ്രകാരം യൗസേപ്പിൻെറ അപ്പൻ യാക്കോബും വല്യപ്പൻ മാത്താനുമാണു്. ക്രിസ്തുവിൻെറ വംശാവലി പരിഗണിക്കയിൽ മത്തായി സുവിശേഷകൻ ഇങ്ങനെ പ്രസ്താവിക്കുന്നു. എന്നാൽ ലൂക്കാസ് പറയുന്നതും ഇതും തമ്മിൽ പ്രഥമ ദൃഷ്ടിയാൽ അല്പം വ്യത്യാസം തോന്നും. യൗസേപ്പിൻെറപിതാവു് ഹേലി. ഹേലിയുടെപിതാവു മാത്താത്തു്........ശേഷവും. ആ പിതാക്കന്മാർ വ്യത്യസ്ത നാമങ്ങളിൽ അറിയപ്പെട്ടിരുന്നതുകൊണ്ടും പുനർവിവാഹം നടന്നതുകൊണ്ടും ഈവിധം വന്നതാണു്. യഥാർത്ഥത്തിൽ യോജിപ്പുകേടില്ല

മംഗളവാർത്ത കഴിഞ്ഞു് തൻെറ ഉദരത്തിൽ വചനം മാംസമായി അംകുരിച്ചിരിക്കുന്ന മറിയം, ഇനിയും പതിനഞ്ചു വയസ്സാകാത്ത ആ പാവപ്പെട്ട നിരാലംബ, വിവാഹത്തിനുള്ള മനസ്സമ്മതം—അച്ചാരക്കല്യാണം—മാത്രം നടന്നു് നാട്ടാചാരപ്രകാരമുള്ള "വിവാഹച്ചടങ്ങുകൾക്കു" ദിവസം പ്രതീക്ഷിച്ചിരിക്കുന്ന ആ സാധ്വി, ദേവാലയത്തിൽ വച്ചു തഴങ്ങിയ നൂൽനൂൽപ്പും തയ്യലും വല്ലവർക്കും വേണ്ടിച്ചെയ്തു് നിത്യവൃത്തിക്കു വല്ലതും സമ്പാദിച്ചുകൊണ്ടിരിക്കുന്ന നിസ്സഹായ മറിയക്കുട്ടി, ചാച്ചക്കാരി എലിസബത്തിനെക്കണ്ടു മംഗളം പറയാൻ ധൃതിയിൽ ഉൽസാഹത്തോടെ യൂദായിലെ മലംപ്രദേശത്തുള്ള പട്ടണത്തിലേയ്ക്കു യാത്രയ്ക്കു് ഒരുങ്ങുകയാണു്. ഗബ്രിയേലും താനും തമ്മിൽ നടന്ന സംഭാഷണക്കാര്യമൊന്നും ഭർത്താവാകാനിരിക്കുന്ന മാർ യൗസേപ്പിനോടു് പറഞ്ഞിട്ടില്ല. മറിയത്തിൻെറ ദൈവികമായ വിവേകം.

വിശുദ്ധ കുർബാനയുടെ 4 ദിവസം നീണ്ട ആദ്യത്തെ പ്രദക്ഷിണം ഉടനെയുണ്ടാകും. "പിതാവിൻെറ മടി" കഴിഞ്ഞാലുള്ള തൻെറ ഉത്തമ വാസസ്ഥലം—ആ സക്രാരി, അരുളിക്കാ (മറിയത്തിൻെറ വിനീത ഉദരം)—എത്ര അലംകൃതം! എത്ര മനോഹരം! ഏതു ദിവ്യകാരുണ്യമഹാകോൺഗ്രസ്സിൽ ഇതുപോലുള്ള ഒരു വിലയേറിയ അരുളിക്കായിൽ താൻ ഉപവിഷ്ടനായിട്ടുണ്ടോ? പ്രദക്ഷിണത്തിൻെറ ദൈർഘ്യമോ, എഴുപത്തൊൻപതു മൈൽ വഴിനീളെയുള്ള അലങ്കാരങ്ങളോ, അകമ്പടിക്കാരോ എങ്ങനെയുള്ളതു്? ആഘോഷം ഒന്നും ദൃശ്യമല്ല. മാത്രമോ? ആധുനിക കത്തോലിക്കാ മെഡിക്കൽ പ്രവർത്തനത്തിൻെറ ആദ്യത്തെ "നഴ്സ്" ദൂരത്തേക്കു പുറപ്പെടുകയാണു്. അതും ധൃതിയിൽ. വേണ്ടതൊക്കെ തൻെറ പക്കലുണ്ടു്. എല്ലാംതന്നെ.

യാത്രയ്ക്കു പുറപ്പെടാൻ സാധാരണ സ്ത്രീജനങ്ങൾക്കുള്ള താമസം മറിയത്തിനില്ലായിരുന്നു. തനിക്കും എലിസബത്തിനും സിദ്ധിച്ചിരിക്കുന്ന സൗഭാഗ്യസ്ഥിതി അന്യോന്യം വിനിമയം ചെയ്തു് അനുമോദിക്കുന്നതിനു് മറിയം ആഗ്രഹിച്ചു വചനം മാംസമായതു മനുഷ്യകുലത്തെ പാപത്തിൽനിന്നു വിമോചിപ്പാനാകയാൽ കാലത്തിനനുസരിച്ചു് ആ ഉദ്യോഗം പ്രവൃത്തിൽ വരുത്തി യോഹന്നാൻ സ്നാപകനെ പരിശുദ്ധീകരിക്കുന്നതിനു്, മറിയംവഴി ക്രിസ്തു "ധൃതി" വച്ചു. അതല്ലാതെ മറിയത്തിനു വല്ല സംശയവുമുണ്ടായിട്ടല്ല. സെക്കറിയാസ് താമസിച്ചിരുന്ന യൂദായിലെ പട്ടണം ഏതാണെന്നു തീർച്ചയായി ആരും ചൂണ്ടിക്കാണിക്കുന്നില്ല. യേറുസലത്തിനു സമീപമാണെന്നു എവരും സമ്മതിക്കുന്നുണ്ടു്. ഹെബ്രോൻ ആണെന്നു ചിലർ പറയുന്നു. യോട്ടായാണെന്നാണു മററു ചിലരുടെ അഭിപ്രായം. അയിൻകരിമിനാണു്, ഈ അവകാശം ഭൂരിപക്ഷവും നൽകുന്നതു്. സക്കറിയായുടെ വീട്ടിലേക്കു മാർ യൗസേപ്പും മറിയത്തോടുകൂടെ പോയെന്നും അതല്ല കുറെ പ്രായം കൂടിയ ഒരു സംബന്ധക്കാരിയെ കൂട്ടി അയച്ചതേയുള്ളുവെന്നും വിശ്വസ്തരായ ചില അയൽക്കാരൊന്നിച്ചു മറിയം തനിച്ചാണു പോയതെന്നും ഭിന്നരീതിയാൽ വ്യാഖ്യാനിക്കപ്പെടുന്നു. ഇവരുടെ സന്ദർശനസമയം മാർ യൗസേപ്പും സമീപത്തുള്ളതായി ചില പഴയ പടങ്ങളും മററു രേഖകളും കാണാനുള്ളതു വാസ്തവംതന്നെ.

# ക്രിസ്തുമതോൽപത്തി

(സാഹിത്യതിലകൻ സി. കെ. മററം)

യേശുക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തിനു ശേഷമുള്ള ഒന്നാമത്തെ പന്തക്കുസ്താതിരുനാളിൽ ക്രിസ്തുമതം ആരംഭിച്ചുഎന്നാണു പൊതുവേയുള്ള അഭിപ്രായം. യേശുക്രിസ്തുവിൻെറ പരസ്യജീവിതംമുതൽ കുരിശുമരണംവരെ സ്വശിഷ്യന്മാക്കും മററുള്ളവക്കും സന്മാതൃകയും സദുപദേശവും നൽകിയും സ്വർഗ്ഗീയ പിതാവിനേപ്പററിയും മററും പ്രസംഗിച്ചും അത്ഭുതങ്ങൾ പ്രവർത്തിച്ചും സ്വമതസ്ഥാപനത്തിൻെറ കരുക്കളെല്ലാം ഒരുക്കാതിരുന്നില്ല. ഈ വസ്തുത, നാം അനുസ്മരിക്കുമ്പോൾ സ്വർഗ്ഗാരോഹണത്തിനു മുമ്പായിത്തന്നെ സ്വമതം ആ ദിവ്യഗുരു സ്ഥാപിച്ചുയെന്നു തന്നെ പറയണം. മതോപദേഷ്ടക്കളായി പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തു അവക്കു ക്രിസ്തുമതം പ്രസംഗിക്കുവാനും സർവ്വരേയും മാമോദീസാമുക്കുവാനും അനുതാപാദികളുള്ള പാപികളുടെ പാപങ്ങളെ മോചിക്കുവാനും ഉള്ള അധികാരം നൽകാതിരുന്നില്ല. ഈദൃശ കാര്യങ്ങൾ നാം ആലോചിക്കുമ്പോൾ ക്രിസ്തുമതം പന്തക്കുസ്താ തിരുനാളിനുമുമ്പുതന്നെ യേശുക്രിസ്തു സ്ഥാപിച്ചുകഴിഞ്ഞിരുന്നുയെന്നു പറയാം.

ഈ വസ്തുതകൾ നമുക്കെങ്ങനെ അറിയാം?

സുവിശേഷത്തിൽനിന്ന് ഏതാനുമെല്ലാം നമുക്ക് ഗ്രഹിക്കാം. പക്ഷെ ക്രിസ്തുമതം എങ്ങനെ ലോകരംഗത്തു പ്രചരിച്ചു? ക്രിസ്തുമതസ്ഥാപകനെ തൻ വിരോധികൾ നിർദ്ദയം കുരിശിൽ തറച്ചു. സ്വശിഷ്യന്മാരെല്ലാവരുംതന്നെ ഒളിച്ചോടിപ്പോയി. യോഹന്നാനും ഏതാനും സ്ത്രീകളുംമാത്രമെ ഗാഗുൽതാമലയിൽ സന്നിഹിതരാകാൻ ധൈര്യപ്പെട്ടുള്ളു

പിന്നെയെങ്ങനെ ഈ മതം വിശ്വമതമായിതീന്നു? അതാണറിയേണ്ടതു്. നൂററാണ്ടുകളിലൂടേയുള്ള, സഭാചരിത്രം പണ്ഡിതോചിതമായി പല ഗ്രന്ഥകാരന്മാരും എഴുതിയിട്ടുണ്ടു്. പക്ഷെ അവയിൽ, ക്രിസ്തുമതത്തിൻെറ അത്യത്ഭുതാവഹമായ പ്രാരംഭ ചരിത്രം കാണുന്നില്ല.

ഈ ചരിത്രം ദൃക്സാക്ഷികൾതന്നെ എഴുതിയെങ്കിലെ നമുക്ക് വിശ്വാസ്യമാവുകയുള്ളു.

അങ്ങനെ വല്ലവരും എഴുതിയിട്ടുണ്ടോ?

ഉണ്ടു്. ശിഷ്യപ്രധാനിയായ പത്രോസിൻെറ അനുഗാമിയും പത്രോസിൻേറയും പൗലോസിൻേറയും സഹചരനുമായിരുന്ന ലൂക്കാതന്നെ സ്വന്തം കൃതി രചിച്ചിട്ടുണ്ടു്. പത്രോസിൽനിന്നുംമററും നേരിട്ടു കേട്ടറിഞ്ഞ കാര്യങ്ങളെല്ലാം വിശദമായിട്ട് ഒരനുഭവജ്ഞൻെറ സഹജലാളിത്യത്തോടുകൂടി വിശ്വസനീയമായ ഒരു പുസ്തകം ഗ്രീക്കുഭാഷയിൽ എഴുതിയിട്ടുള്ളതു ഭാഗ്യവശാൽ നമുക്കു് കരഗതമാണു്. അപ്പുസ്തകത്തിൻെറ പേരു എന്താണെന്നോ?

അതാണ് "നടപടി" എന്നു പറയുന്ന പുസ്തകം. അതു ആധുനിക മലയാളഭാഷയിലേക്കു ഈയിടെ

---

മറിയത്തെക്കണ്ടയുടൻ അന്യോന്യം സ്വസ്തിയോടുകൂടി എലിസബെത്തു പറയുന്നു: "സ്ത്രീകളിൽ നീ അനുഗ്രഹീത'യാണു് എന്നു. ഗബ്രിയേൽ മാലാകായുടെ അതേ വാക്യംതന്നെ. പക്ഷേ ഇതേപ്പററി ഒരു സംശയം ചിലക്കുണ്ടു്. ഈ വാക്യത്തിൻെറ കർത്തൃസ്ഥാനം എലിസബത്തിനാണെന്നും മാലാകയുടേതുമായി വിശുദ്ധ ലൂക്കാ കൂട്ടിച്ചേർത്തതാണെന്നുമാണു് വാദം. St. Luke may have taken his knowledge of the event from an older account, written in Aramaic or Hebrew. The worlds. "Blessed art thou among women" (V. 28) are spurious and taken from verse 42, The account of the Visitation (cath: Encyclopedia Vol. I page 542). അർഹിക്കുന്ന വിലമാത്രമേ ഇതിനു നാം കല്പിക്കേണ്ടതുള്ളു. സുവിശേഷങ്ങളിൽ കാണുന്നതു ഗബ്രിയേലും എലിസബെത്തും ഇതേവാക്കുകളിൽ മറിയത്തെ അഭിവാദനം ചെയ്തു എന്നാണല്ലോ. ആവത്തനത്തിൻെറ അനൗചിത്യത്തെ പരിഗണിച്ചായിരിക്കാം ഇങ്ങനെയൊരു അഭിപ്രായം തന്നെയുണ്ടായതു്.

നന്മനിറഞ്ഞവളെ! നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു, എന്നാണേയല്ലും.

---


# വികൃതിക്കൊച്ച്

(എൻ. സി. മാത്യു, പൊൻകുന്നം)

"ഞാൻ സ്വർഗ്ഗത്തിൽ പോകുമോ"

"നീ നല്ല കുട്ടിയായിരുന്നാൽ പോകും"

"ഞാൻനല്ലവളല്ലെങ്കിൽനരകത്തിൽപോകുമോ"



(ലേഖകൻ)

ഇല്ല എന്ന് തീർത്തുപറയാമോ—ഒരുവിധം പറഞ്ഞാൽ ഉത്തരം മുട്ടിയ്ക്കുന്ന ഒരു ചോദ്യമാണത്. ഇങ്ങനെ ഒരു കുഞ്ഞ്, തന്റെ അമ്മയോടു ചോദിച്ചാൽ അവർ എന്തുത്തരം പറയും?

പക്ഷെ, കേവലം മൂന്നുവയസ്സുമാത്രം പ്രായമുള്ള ആ ബാലിക അതിനുത്തരവും കണ്ടുപിടിച്ചു. അവൾ പറയുകയാണ്: "സ്വർഗ്ഗത്തിൽ അമ്മയുടെ അടുക്കലേയ്ക്കു് ഞാൻ പറന്നെത്തും. അപ്പോൾ അമ്മ എന്നെ മുറുകെ കെട്ടിപ്പിടിക്കുമല്ലൊ. പിന്നെയെങ്ങനെയാണു് ദൈവം എന്നെ വേർപെടുത്തിയെടുക്കുന്നതു്".

മാതാവിന്റെ കരവലയത്തിൽ ചേർന്നൊതുങ്ങി, മാതൃവക്ഷസ്സിൽ തല ചായ്ച്ചുറങ്ങുന്ന ആ ഓമനപുത്രിയെ വേർപെടുത്താൻ ദൈവം അശക്തനെന്നോ? തീർച്ചയായും അല്ല പാവനചരിതരായ മാതാപിതാക്കൾക്കു് അങ്ങനെയൊരു ദുരവസ്ഥ സംജാതമാകയില്ല. ദൈവപരിപാലനയുടെ മഹത്വം ഹേതുവാൽ പുണ്യപരിപൂർണ്ണതയിൽ വളർത്തപ്പെടുന്ന സന്താനങ്ങൾ ഇഹത്തിലെന്നപോലെ പരത്തിലും മാതൃവക്ഷസ്സിലും പിതൃസന്നിധിയിലും ആയിരിക്കും.

ആ കൊച്ചുകുഞ്ഞിന്റെ വാക്കുകൾ ഇനിയും വ്യാഖ്യാനിക്കുവാനുണ്ടു്. അതങ്ങനെ നിൽക്കട്ടെ. മറെറാരവസരത്തിൽ ആ വികൃതിക്കൊച്ചു പറയുകയാണ്; അതും സ്വമാതാവിനെ സ്നേഹാതിരേകത്താൽ ഉമ്മവച്ചതിനുശേഷം, പ്രിയപ്പെട്ട അമ്മേ, അമ്മ മരിച്ചെങ്കിൽ എത്ര നന്നായിരുന്നു." ഏതെങ്കിലും ഒരു കുട്ടി പറയുമോ, സ്നേഹനിധിയായ "അമ്മ മരിച്ചെങ്കിൽ എത്ര നന്നായിരുന്നു" എന്നു്. എന്നാൽ ആ

---

വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. ഈ നടപടിപ്പുസ്തകം വായിക്കാതെ ക്രിസ്തുമതത്തിന്റെ പ്രാരംഭചരിത്രം അറിയാൻ നമുക്കു് മററു യാതൊരു മാർഗ്ഗവുമില്ല.

ഇനിയും ക്രൈസ്തവമതത്തിന്റെ ജീവിതമുറകളും ആചാരങ്ങളും അറിയാൻ വല്ല മാർഗ്ഗവുമുണ്ടോ?

ഉണ്ടു്. പൗലോസിന്റെ ലേഖനങ്ങൾ പതിനാലിലും പത്രോസ്, ചെറിയ യാക്കോബ്, യോഹന്നാൻ, യൂദാ ഇവരെഴുതിയിട്ടുള്ള ഏഴുലേഖനങ്ങളും വായിച്ചാലറിയാം. ഈ ലേഖനങ്ങളിൽനിന്നു് ക്രിസ്ത്യാനികളുടെ ജീവിതരീതികളെപ്പററി നമുക്കു് കൂലംകഷമായി പഠിക്കാം. ഒരു വാക്കിൽ ക്രൈസ്തവ ധർമ്മശാസ്ത്രത്തിന്റെ ശരിയായ അർത്ഥവും സാരാംശവും ഈ ഇരുപത്തൊന്നു ലേഖനങ്ങളിലുമായി ചിതറിക്കിടക്കുകയാണു്. തന്നിമിത്തം പൗലോസിന്റെ വിദഗ്ദ്ധമായ ലേഖനങ്ങളെപ്പോലെതന്നെ മററുള്ളവരുടെ ലേഖനങ്ങളും നമ്മുടെ ഗാഢമായ പഠനത്തിനു വിഷയമാകേണ്ടതാണു്.*

ലേഖനങ്ങളും യോഹന്നാന്റെ വെളിപാടുകളും, നടപടിയും എല്ലാം കൂട്ടിച്ചേർത്തു പ്രതിദിനം വായിക്കത്തക്ക സമ്പ്രദായത്തിൽ "പ്രതിദിന പുതിയ നിയമം" എന്ന പേരിൽ ഈ അടുത്തകാലത്തു ഒരു കൃതി മലയാള ഭാഷയിൽ ഇറങ്ങിയിട്ടുണ്ടു്

---

* പ്രസ്തുതഗ്രന്ഥം 1½; 1¾; 2-രൂപാ വിലയ്ക്കു ബയണ്ടിങ്ങിന്റെ രീതിയനുസരിച്ചു് യൂണിയൻപ്രസ്സ് മാനേജർ, മരിയാപുരം, ഒല്ലൂർ എന്ന വിലാസത്തിലെഴുതിയാൽ ആർക്കും ലഭിക്കും. വിവർത്തകൻ ഈ ലേഖകൻതന്നെയാണു്. തൃശ്ശിവപേരൂർ മെത്രാനച്ചൻ തിരുമേനിയുടെ പ്രൗഢമായ അവതാരികയും പ്രസ്തുത കൃതിയെ അലങ്കരിച്ചിട്ടുണ്ടു്. ബൈബിൾ വായനയിലും സൽസാഹിത്യപാരായണത്തിലും കത്തോലിക്കർ പരാങ്മുഖരാണെന്നുള്ള പ്രതിപക്ഷത്തിന്റെ കുററാരോപണത്തിനു്, പ്രസ്തുതകൃതിയുടെ പ്രചാരം ഒട്ടു സമാധാനം നൽകാതിരിക്കയില്ലെന്നാണു പ്രതീക്ഷ. (പത്രാധിപർ)

കുഞ്ഞിന് അതിനുമുണ്ട് ഒരു സമാധാനം പറയാൻ. നോക്കുക, ആ ബാലിക പറയുകയാണ്: "അമ്മ സ്വർഗ്ഗത്തിൽപോകുന്നതിനു വേണ്ടിയാണ് ഞാൻ അങ്ങനെ ആഗ്രഹിക്കുന്നതു്. മരിക്കാതെ അവിടെ എത്താൻ കഴികയില്ലെന്ന് അമ്മ പറയുന്നുണ്ടല്ലോ."

ഇത്തരം വികൃതിക്കൊച്ചുങ്ങളോടു മുട്ടത്തുപോകുകയേ ഉള്ളൂ. സ്നേഹപ്രകടനങ്ങൾക്കിടയിൽ "അമ്മ മരിച്ചെങ്കിൽ, അപ്പൻ മരച്ചെങ്കിൽ" എന്നൊക്കെ ആഗ്രഹിക്കുന്ന കുസൃതിക്കുട്ടക്ക അത്തരക്കാരുടെ ഉദ്ദേശ്യശുദ്ധിക്ക് മാപ്പുകൊടുക്കാം. മനുഷ്യേതരമായ ചില ഗുണങ്ങൾ ഉണ്ടായിരുന്നെങ്കിലും ഒരസാധാരണത്വവും ആ മോഹന കുസുമത്തിന് ഇല്ലായിരുന്നു. സ്വസഹോദരങ്ങളെ തള്ളിയിടും, പിച്ചിപ്പറിക്കും, അടിയ്ക്കും, അപ്പനോടും മററും ചിലപ്പോൾ ധിക്കാരമായി പറയും, പെരുമാറും. എന്നിരുന്നാലും ഒരു വിശേഷത ആ കൊച്ചുകുഞ്ഞിൽ വിളങ്ങിയിരുന്നു. "അമ്മേ, ഞാൻ സെലിനെ ഒന്നു നുള്ളി, ഒന്ന് അടിക്കുകയും ചെയ്തു. എന്നാൽ ഇനി ഒരിക്കലും അങ്ങനെ ചെയ്കയില്ല." എന്നു പറഞ്ഞുകൊണ്ട് ഓടിവരും. ആ നിശ്ചയം അക്ഷരശ്ശഃ പാലിക്കുകയും ചെയ്യും. അതൊരു വിശേഷതയല്ലേ—തെററാണെന്നു ബോധ്യമാകുന്നതു് ആവർത്തിക്കാതെയിരുന്നാൽ എന്തു നന്നായിരുന്നു ശ്രമിച്ചാൽ പ്രയാസമുള്ള സംഗതിയുമല്ലല്ലോ അതു്. സ്വന്തം തെററിനെ മറയ്ക്കാനും,മറക്കാനും ശ്രമിക്കുന്നവർ ആ കുഞ്ഞിനെക്കണ്ടു പഠിച്ചെങ്കിൽ! ഒരു ഉദാഹരണംകൂടി പറയാം. "നീ നിലത്തു് ചുംബിച്ചാൽ അരയണതരാം". മൂന്നു വയസ്സുമാത്രം പ്രായമുള്ള ആ കുസൃതിക്കുരുന്നിനെ ഒന്നു പരീക്ഷിക്കാൻ വേണ്ടി അവളുടെ അമ്മ പറഞ്ഞതാണ്. അരയണ—ഒരു കുഞ്ഞിനെ സംബന്ധിച്ചിടത്തോളം വലിയ സമ്പത്താണ്. നിലത്തൊന്നു ചുംബിക്കുക—പ്രയാസരഹിതമായ ഒരു പ്രവൃത്തി, പ്രതിഫലമുള്ളതും.

"അമ്മേ—വേണ്ട, വേണ്ട, ആ അരയണ എനിക്ക് ആവശ്യമില്ല" അമ്പമ്പ ആ വികൃതിയുടെ ഉത്തരം കേട്ടില്ലേ?-അതവൾക്കാവശ്യമില്ലെന്ന്. അവളുടെ അതിരുകടന്ന ആത്മാഭിമാനം. അതൊരു കുററം തന്നെ—പക്ഷേ സ്വാഭിമാനം എന്നുമെന്നും നല്ലതു തന്നെ. ആ പരീക്ഷയിൽ ജയിച്ചതാരാണ്—അമ്മയോ വികൃതിക്കൊച്ചോ?

ആ വികൃതിക്കൊച്ചു ആരാണെന്നറിയാമോ? അതല്ലേ അതിശയം, നമ്മൾ എല്ലാവരേയും പോലെ ജീവിച്ചവൾ. നമ്മേപ്പോലെതന്നെ കുസൃതിത്തരങ്ങൾ കാണിച്ചുവളർന്നവൾ ചില ദുശ്ശാഠ്യങ്ങളുണ്ടെങ്കിലും ബുദ്ധിയുള്ളവൾ. ബോദ്ധ്യമായ തെററുകൾ ബോധപൂർവ്വം ചെയ്യുകയില്ലെന്നു നിശ്ചയമുള്ളവൾ. അവളുടെ അമ്മയുടെ വാക്കുകളിൽതന്നെ നമുക്കു കാണാം.

"ആ കൊച്ചു വികൃതി, ത്രേസ്യാ, എങ്ങനെയായിത്തീരുമെന്ന് ആർക്കും പറഞ്ഞുകൂടാ. അവൾ തീരെ ചെറുപ്പവും ആലോചന ഇല്ലാത്തവളും ആണ്. അവൾക്ക് നല്ല ബുദ്ധി ഉണ്ടെന്നുവരികിലും അവൾ അവളുടെ ജ്യേഷ്ഠത്തിയേപ്പോലെ അത്ര സുശീലയല്ല. അവളുടെ ദുശ്ശാഠ്യത്തെ കീഴടക്കാൻ പ്രയാസം അവൾ ഒന്നു പറഞ്ഞുപോയാൽ പിന്നെ ആർക്കും അതു മാററാൻ സാധിക്കുകയില്ല. പക്ഷെ സ്വന്തം തെററിനെ ഒളിച്ചുവയ്ക്കുന്ന സ്വഭാവം അവൾക്കില്ലായിരുന്നു.

കാലചക്രം കറങ്ങിത്തിരിഞ്ഞു. പരിഷ്കാരത്തിൻെറ പരമോച്ചപദവിയിൽ എത്തിയെന്ന് അഹങ്കരിച്ചാനന്ദിക്കുന്ന ലോകം ആ കൊച്ചുവികൃതിയെ ഉററുനോക്കുകയാണ്. അവളുടെ ആ "കുറുക്കുവഴി" കണ്ടുപിടിക്കാൻ ദുർഗ്ഗമമായ ഒരു പന്ഥാവിലും അവൾ സഞ്ചരിച്ചില്ല. അമാനുഷമായ യാതൊരു കർമ്മവും അവൾ ചെയ്തില്ല. പഞ്ചാഗ്നിനടുവിൽ തപസ്സുചെയ്തു.

എങ്കിലും ഇന്നവൾ ലോകത്തിനു മാർഗ്ഗദർശനം നൽകുന്നു. അനേകായിരങ്ങളുടെ മദ്ധ്യസ്ഥയായി മഹനീയ ഭാസ്സോടെ ഈശോനാഥൻെറ തൃച്ചേവടികളിൽ പുഷ്പാർച്ചന ചെയ്യുന്നു, "തേൻ പൊട്ടിച്ചോരൊന്നൊലിക്കുന്ന" നറുസൂനങ്ങൾ വാരിക്കൂട്ടി. അതു മററൊന്നുമല്ല; ത്യാഗം, സഹനം, അടക്കം, വിനയം, അനുസരണ ഇത്യാദി സൽഗ്ഗുണങ്ങൾ, പ്രാർത്ഥനയാകുന്ന നൂലിൽ കോർത്തു് തൻെറ ഹൃദയനാഥനായ "ഉണ്ണിഈശോയ്ക്കു" സമർപ്പിക്കുകയാണ് അവൾ ചെയ്യുന്നതു്. പുണ്യപരിപൂർണ്ണത പ്രാപിക്കാൻ കഠിനതപസ്സോ, പ്രായശ്ചിത്തപ്രവൃത്തികളോ ഒന്നും വേണ്ട; ചെറിയ ചെറിയ നന്മപ്രവൃത്തികൾ മതി എന്നവൾ നമ്മോടുപദേശിക്കുന്നു.

അതാരാണെന്നല്ലേ-ജീവിച്ചിരിക്കുന്ന അമ്മ, മരിച്ചാൽ കൊള്ളാമെന്ന് ആഗ്രഹിച്ചവൾ? കൊച്ചുകുട്ടികളുടെ വികൃതിത്തരങ്ങളത്രയും കാണിച്ചു വളർന്നവൾ, നിലത്തൊന്നു ചുംബിക്കുവാൻപോലും ആത്മാഭിമാനംകൊണ്ടു സമ്മതിക്കാഞ്ഞവൾ, സ്വർഗ്ഗപ്രാപ്തിക്കു "കുറുക്കുവഴി" കണ്ടുപിടിച്ച ആ "കൊച്ചുത്രേസ്യാ" തന്നെ.

# എന്തു്; അങ്ങനെ സംഭവിച്ചു?

(ജി. സി. ടീലാർ)

ഉയരമുള്ള ഒരു കുന്നിൻെറ മുകളിലാണു കുഞ്ചാക്കോയുടെ ഭവനം. അവിടെ കയറിനിന്നാൽ തോന്നും അനേകം കുന്നുകളുടെ ഇടയ്ക്കു് അതു നായകത്വം നടിച്ചു നിൽക്കയാണെന്നു്. അതിൻെറ ചരുവുകളിൽ വൻവൃക്ഷങ്ങൾ ഇടതിങ്ങി വളർന്നു നിൽക്കുന്നു. അടി പരന്നു മുകളിലേക്കു കൂമ്പി കൂമ്പി കയറുന്ന വൃക്ഷനിരകൾ കണ്ടാൽ ആകെക്കൂടി അതൊരു പച്ചിലത്തുറു ആണെന്നു തോന്നും. അതിനു മുകളിലുള്ള സമതലത്താണു് കുഞ്ചാക്കോയും കുടുംബവും വസിക്കുന്നതു്. അവർക്കു തണുപ്പും തണലും നൽകുവാനെന്ന മട്ടിൽ വൃക്ഷങ്ങളുടെ കൊമ്പുകൾ ഉയരത്തിൽ പരസ്പരം കോർത്തു നിൽക്കുന്നു. അതിൽക്കൂടി പക്ഷികൾ നിർബാധം ചിലച്ചു ചാഞ്ചാടി നടക്കുന്നുണ്ടു്.

ആനന്ദകരമായിരുന്നു തൊമ്മിക്കുഞ്ഞിൻെറ ബാല്യം. അവിടെ ഇടതൂർന്നു നിൽക്കുന്ന വൃക്ഷനിരകളും അതിൽക്കൂടി കൂട്ടത്തോടെ പറന്നു നടക്കുന്ന പൈങ്കിളികളും ആഹ്ലാദം നൽകി അവൻെറ ഹൃദയത്തിനു്. കുഞ്ചാക്കോയുടെയും ഈത്തമ്മയുടെയും അഞ്ചാമത്തെ പുത്രനായിട്ടാണു് അവൻ ലോകവെളിച്ചം കണ്ടതു്. ഏററം ഇളയ മകൻ എന്ന നിലയിൽ അവർക്കു അവനോടുണ്ടായിരുന്ന വാത്സല്യം സീമാതീതമായിരുന്നു. കാലുമുട്ടിയോ, തലമുട്ടിയോ ഉണ്ടാകുന്ന വേദന തൊമ്മിക്കുഞ്ഞു സഹിക്കാറില്ല. അവൻ നിറുത്തില്ലാതെ കരയും. അവനെ ശാന്തനാക്കുവാൻ ഈത്തമ്മ ഒരു കുറുവടിയുമായി വന്നു ചോദിക്കും: "എൻെറ മോൻെറ കാലുമുട്ടിയതെവിടെയാ?" ഒരു കല്ലായിരിക്കും അവൻ ചൂണ്ടി കാണിക്കുക. ഉടൻ ഈത്തമ്മ ആ വടിയുമായി കല്ലിനടുക്കൽ എത്തി അതേൽ ആഞ്ഞടിച്ചു കാണിക്കും. അപ്പോഴാണു് തൊമ്മിക്കുഞ്ഞിനു തൃപ്തിയാകുക. തൻെറ കാലിനുണ്ടായ വേദനയെക്കാൾ കൂടുതലായി ആ കല്ലിനു നൊമ്പരം തട്ടിയല്ലോ, എന്ന വിചാരത്താൽ അവൻ ചിരിച്ചു തുടങ്ങും. കരഞ്ഞുകൊണ്ടിരിക്കുന്ന മകനെ ഒന്നു സന്തോഷിപ്പിക്കണമെന്നേയുള്ളു ഈത്തമ്മയ്ക്കു്. പക്ഷെ വിവേകശൂന്യമായ ആ പ്രവൃത്തി തൊമ്മിക്കുഞ്ഞിനെ ഒരു പ്രതികാരേച്ഛുവായി വളർന്നുവരുവാൻ സഹായിച്ചു.

"അമ്മച്ചിക്കിട്ടൊന്നു കൊടുക്കെടാ മകനേ." രണ്ടു വയസ്സു് മാത്രം പ്രായമുള്ള തൊമ്മിക്കുഞ്ഞിനോടു കുഞ്ചാക്കോ പറഞ്ഞതാണു്. ബേബിയുടെ പെൻസിൽ കുത്തിയൊടിച്ചു കളഞ്ഞതിനു് അവൻ രണ്ടടി വാങ്ങി ഈത്തമ്മയിൽനിന്നും. അപ്പോൾ തുടങ്ങിയതാണു് അവൻെറ കരച്ചിൽ. ഈത്തമ്മയ്ക്കിട്ടു രണ്ടടി കൊടുത്താൽ അവൻെറ കരച്ചിലടങ്ങുമെന്നു് കുഞ്ചാക്കോയ്ക്കറിയാമായിരുന്നു. തൊമ്മിക്കുഞ്ഞിനെക്കൊണ്ടു തല്ലിക്കുന്നതാണു ഏററം ഫലപ്രദമെന്നും അയാൾക്കു തോന്നി. അവൻ കരച്ചിൽ നിറുത്തി ഓടി അമ്മച്ചിയുടെ അടുക്കലേക്കു. തല്ലു വാങ്ങുവാൻ അവൾ ഒരുങ്ങി നിൽക്കയായിരുന്നു. ആ കുഞ്ഞുകൈകൊണ്ടു് അവൻ പല പ്രാവശ്യം അമ്മച്ചിയുടെ തുടയിൽ അടിച്ചു. വേദനകൊണ്ടു നിലവിളിക്കുന്ന മട്ടിലുള്ള അവളുടെ അഭിനയം അവനെ വളരെ സംതൃപ്തനാക്കി.

ചെരിപ്പും കണ്ണാടിയും കൂടാതെ അവൻ പള്ളിക്കൂടത്തിൽ പോകയില്ല. അവനെ പഠിപ്പിക്കുന്ന കൃഷ്ണപിള്ളസാറിനു് അതു രണ്ടും ഉണ്ടെന്നാണു് അവൻ പറയുന്നതു്. "എൻെറ മോനേ, വരും കൊല്ലമാട്ടെ അമ്മച്ചി മേച്ചനൊരു ചെരുപ്പു തൈപ്പിച്ചു തരാം, ഒരു കണ്ണാടീം മേടിച്ചുതരാം. ഇപ്പം നീ ഒന്നു പോയ്ക്കേ പള്ളിക്കൂടത്തിലോട്ടു്. ദേ മണിയടിച്ചു പിള്ളേരെല്ലാം പോണു എൻെറ മോൻ പഠിച്ചു മിടുക്കനാകണ്ടേ?" ഈത്തമ്മയുടെ നയംകൊണ്ടു് അവനെ പാട്ടിലാക്കാൻ കഴിഞ്ഞില്ല. "എന്നാ വരും കൊല്ലം ഈച്ചു പഠിച്ചാമതി" അങ്ങനെ ഒരു മറുപടി ഈത്തമ്മ പ്രതീക്ഷിച്ചിരുന്നില്ല. ആയുസ്സു കളയാതെ അവൻ പഠിച്ചു മിടുക്കനാകണമെന്നാണു് അവളുടെ ആഗ്രഹം. ഉടൻ അവനു റബ്ബർ ഷൂസും പച്ചക്കണ്ണ

---

അതേ—ആയിരങ്ങളുടെ അവലംബത്വവും, അവശരുടെ ആശാകേന്ദ്രവും, യുവതീയുവാക്കന്മാരുടെ നല്ല മാതൃകയും ആയ ആ ചെറുപുഷ്പം, ആ വിശുദ്ധയുടെ കാലടികളെ പിൻചെന്നു്, ആ വിശുദ്ധിയുടെ നീരുറവയിൽ നിന്നു് നമുക്കും അനുഗ്രഹവും ആശിസ്സും നിറഞ്ഞ തീർത്ഥജലം പാനം ചെയ്യാം. ധന്യധന്യയായ ചെറുപുഷ്പമേ, നിൻെറ ആന്തരികസൗന്ദര്യം ഞങ്ങൾ അറിഞ്ഞിരുന്നെങ്കിൽ!

---

ടയും അവരം വരുത്തിക്കൊടുത്തു. അവൻ സ്കൂളിൽ പോകുവാനും തുടങ്ങി.

പഠനത്തിലായിരുന്നില്ല തൊമ്മിക്കുഞ്ഞിൻെറ ശ്രദ്ധ. രണ്ടും മൂന്നും കൊല്ലം ഒരു ക്ലാസ്സിൽ "സത്യഗ്രഹ" മനുഷ്ഠിച്ചിട്ടാണ് അവൻ അതിനടുത്ത പടിയിലേക്കു കയറാറുണ്ടായിരുന്നതു്. എങ്കിലും വേഷഭൂഷാദികളിൽ അവനെ വെല്ലുവാൻ മററാരും അവിടെ ഉണ്ടായിരുന്നില്ല "അമ്മച്ചീ, എനിക്കൊരു നല്ല റിസ്ററവാച്ചു വാങ്ങിക്കണം ഇന്നു റിസ്ററവാച്ചു കെട്ടാതെ പിള്ളേരാരും സ്കൂളിൽ വരുന്നില്ല" മകൻെറ ധൂർത്തിനെപ്പററി ഈത്തമ്മയ്ക്കു ബോദ്ധ്യമായിത്തുടങ്ങി. എന്നാലും അവനെ സങ്കടപ്പെടുത്തുവാൻ ആ മാതൃഹൃദയത്തിനു കഴിയുമോ? അവരം പറഞ്ഞു: "എൻെറ കുഞ്ഞേ, ഇവിടെ സംഗീതം പാടുന്ന ഒരു ക്ലോക്കുണ്ടു്. ഇവിടെനിന്നും സമയം നോക്കി നിനക്കു പള്ളിക്കൂടത്തിൽ പോകാം. സ്കൂളിൽ ചെന്നാൽ അവിടെയുണ്ടു് മണി. സമയം ചേങ്ങലയിൽ അടിച്ചു കാണിക്കയും ചെയ്യും പിന്നെ നിനക്കെന്തിനാണ് റിസ്ററവാച്ചു്?"

"അമ്മച്ചിക്കു് ഇക്കാലത്തെ പരിഷ്ക്കാരം വല്ലതുമറിയാമോ? വാച്ചു കെട്ടുന്നതു സമയം കാണാനും മററുമല്ല. കൈയ്ക്കു് ഒരലങ്കാരത്തിനുവേണ്ടിയല്ലേ പെണ്ണുങ്ങരം സ്വർണ്ണവള ഉപയോഗിക്കുന്നതു്. അതുപോലെ പുരുഷന്മാർക്കും ഒരലങ്കാരം ഇക്കാലത്താവശ്യമാണു്. റിസ്ററവാച്ചില്ലാതെ ഞാൻ ഇനി പള്ളിക്കൂടത്തിലേക്കില്ല."

തൊമ്മിക്കുഞ്ഞു് ഹൈസ്കൂളിലെങ്കിലും ചെന്നെത്തണമെന്നു് കുഞ്ചാക്കോയ്ക്കും ഈത്തമ്മയ്ക്കും നിർബന്ധമാണു് ഇക്കാലത്തു വിദ്യാഭ്യാസമുള്ള യുവാക്കന്മാരെയാണു് വിവാഹച്ചന്തയിൽ ആവശ്യം. മകനു കുറേ പഠിത്തമുണ്ടെന്നു വന്നാൽ സ്ത്രീധനത്തുക കൂട്ടിപ്പറയാമല്ലൊ എന്നാണവരുടെ ലാക്കു്. കുഞ്ചാക്കോയും ഈത്തമ്മയുംകൂടി ആലോചിച്ചു് 500 രൂപായുടെ ഒരു റിസ്ററവാച്ചു് തൊമ്മിക്കുഞ്ഞിനു വാങ്ങിക്കൊടുത്തു. അവൻ അഭിമാനമത്തനായി. അവൻെറ വാച്ചു് ഒന്നാംതരമാണെന്നു് എല്ലാവരും അഭിപ്രായപ്പെട്ടു. വ്രണത്തിനു ചുററും ഈച്ച ആർത്തുകൂടുന്നതുപോലെയാണു് പുതിയ റിസ്ററവാച്ചുംകെട്ടി സ്കൂളിൽ എത്തുന്ന തൊമ്മിക്കുഞ്ഞിൻെറ ചുററും വിദ്യാർത്ഥികരം കൂടാറുണ്ടായിരുന്നതു്.

ആ മനുഷ്യൻ വളരെ ധൃതിയിലാണു് ഓടിവരുന്നതു്. കുഞ്ചാക്കോയും ഈത്തമ്മയും പരസ്പരം നോക്കി. പന്നയ്ക്കൽ ലൂക്കായുടെ വദനം കോപത്തിൻെറയും സങ്കടത്തിൻെറയും ഒരു സമ്മേളനരംഗമായിരുന്നു വളരെ ആശങ്കയോടുകൂടി കുഞ്ചാക്കോ ചോദിച്ചു: "എന്തുള്ള വിശേഷം ലൂക്കാച്ചേട്ടാ?" ലൂക്കായ്ക്കു കലികൊണ്ടു് അയാരം പറയുകയാണു്: "ഓഹോ, ഒരു വലിയ വിശേഷവുംകൊണ്ടാ ഞാനിങ്ങോട്ടു വന്നിരിക്കുന്നതു്. നിങ്ങക്കൊരു കുരുത്തംകെട്ട സന്തതിയൊണ്ടല്ലൊ! ആ തൊമ്മിക്കുഞ്ഞു്! അവൻ എൻെറ മകൻ മാത്തുക്കുട്ടിയെ കയ്യാലപ്പൊറത്തുന്നു തള്ളിയിട്ടേച്ചു് ഓടിക്കളഞ്ഞു. മാത്തുക്കുട്ടിയുടെ കൈയ്യൊടിഞ്ഞു കിടക്കുവാ."

കുഞ്ചാക്കോ ചിന്താമഗ്നനായി ഇരുന്നുപോയി. ഈത്തമ്മയ്ക്കു കോപമാണുണ്ടായതു്. "തൻെറ ഒരു മാത്തുക്കുട്ടി! അവൻ മഹാ അസത്താണെന്നെനിക്കറിയാം. എൻെറ തൊമ്മിക്കുഞ്ഞാണെങ്കിൽ ഈ കാലത്തിനോടെടയ്ക്കു് ഒരു കുഞ്ഞിനെ നുള്ളിനോവിച്ചിട്ടില്ല. പിന്നെയാ തൻെറ മാത്തുക്കുട്ടിയെ കയ്യാലമാട്ടേന്നു തള്ളിയിടാൻ പോണതു്. താൻ തൻെറ പാട്ടിനു പോ. അവൻതന്നെ മറിഞ്ഞുവീണേച്ചു് എൻെറ തൊമ്മിക്കുഞ്ഞിനെ പഴിവയ്ക്കുണതായിരിക്കും." എന്നാൽ കുഞ്ചാക്കോയുടെ അഭിപ്രായം നേരെ മറിച്ചായിരുന്നു. "കാര്യം കേരംക്കുന്നതിനു മുമ്പേ നീ ഇത്രമാത്രം തുള്ളുന്നതെന്തിനു്? എന്തുണ്ടായിയെന്നു് നമുക്കു തൊമ്മിക്കുഞ്ഞിനെ വിളിച്ചൊന്നു ചോദിക്കാമല്ലൊ. അവൻ എന്തു പറയുമെന്നറിയട്ടെ." അവനെ വിളിച്ചു ചോദിക്കുവാൻപോലും ഈത്തമ്മ സമ്മതിച്ചില്ല. കാര്യമുണ്ടെങ്കിൽ ചോദിക്കണം; അല്ലാത്തതു തള്ളണം. വല്ലോരും നുണപറേന്നതുകേട്ടു് ഇങ്ങനെ എളകാൻ തുടങ്ങിയാൽ പിന്നെ അവനോടു ചോദ്യത്തിനേ നേരം കാണുമല്ലൊ. അവൻ ഇതൊന്നും ചെയ്യുന്നോനല്ലെന്നു് എനിക്കു തീർച്ച അറിയാം."

കുഞ്ചാക്കോ അവിടെനിന്നും എഴുന്നേററു പൊയ്ക്കളഞ്ഞു. ഈത്തമ്മയുമായി വാദിക്കുവാൻ കഴികയില്ലാഞ്ഞാണു്. "മാത്തുക്കുട്ടീടെ കാര്യം ഞാൻ സഹിച്ചോളാം. അവൻ നുണപറഞ്ഞു എന്നെനിക്കു വിശ്വാസമില്ല നിങ്ങളുടെ തൊമ്മിക്കുഞ്ഞുമൂലം നിങ്ങരം കണ്ണുനീരു കുടിക്കാണ്ടിരുന്നാൽ നന്നു്." ഇത്രയും പറഞ്ഞിട്ടു് പന്നയ്ക്കൽ ലൂക്കാ തിരിഞ്ഞു നടന്നു. ആ രംഗം സൂക്ഷ്മനിരീക്ഷണംചെയ്തുകൊണ്ടു് തൊമ്മിക്കുഞ്ഞു കതകിൻ പുറകിൽ ഒളിച്ചിരിക്കയായിരുന്നു. ലൂക്കാ പോയി കഴിഞ്ഞപ്പോരം അവൻ

പുറത്തേക്കിറങ്ങി. "അമ്മച്ചീ, ഇപ്പഴാപോയവൻ ഇവിടെവന്നെന്തു നുണയാ കത്തിച്ചതു്?

"അതിയാൻ പറഞ്ഞു നീ അതിയാൻെറ മകനെ ഉന്തിയിട്ടു കൈയ്യൊടിച്ചെന്നു് "

"പച്ചക്കള്ളം! ഞാൻ അതിയാൻെറ മകനെ കണ്ടിട്ടുതന്നെ ദിവസം നാലായി. പിന്നെ ഞാനെങ്ങനെ ഇന്നവനെ ഉന്തിയിടും?"

"അതുതന്നെ ഞാനും പറഞ്ഞു. നീ അങ്ങനെയൊന്നും ചെയ്യുകേലെന്നെനിക്കറിഞ്ഞുകൂടെ? അതിയാൻ അതിയാൻെറ പാടുനോക്കട്ടെ. ചെറുക്കൻെറ കൈയ്യൊടിഞ്ഞെങ്കിൽ കൊണ്ടുപോയി തിരുമ്മിക്കട്ടെ നമ്മളെന്തുവേണം."

തൊമ്മിക്കുഞ്ഞിൻെറ ദുശ്ശീലങ്ങൾക്കു വളരുവാൻ വളക്കൂറുള്ള മണ്ണാണു സ്വഗൃഹത്തിൽ ലഭിച്ചതു്. പന്നായ്ക്കൽ ലൂക്കായുടെ വാക്കുകൾ ഒരു പ്രവചനം പോലെ യഥാർത്ഥമാകുവാൻ പോകുന്നതുപോലെ തോന്നി. ഒരു ദിവസം കുഞ്ചാക്കോയ്ക്കു കിട്ടിയ വാർത്ത കർണ്ണകഠോരമായിരുന്നു. സുകുമാരനുമായി മുച്ചീട്ടു കളിച്ചുകൊണ്ടിരുന്ന തൊമ്മിക്കുഞ്ഞു് അടിക്കടി പരാജയപ്പെടുവാൻ തുടങ്ങി. പണമുള്ളതു മുഴുവൻ നഷ്ടപ്പെട്ടപ്പോൾ നിരാശനായിത്തീർന്ന തൊമ്മിക്കുഞ്ഞു് കഠാരിഊരി സുകുമാരനെ കുത്തിക്കൊന്നുകളഞ്ഞു. പോലീസുകാർ ഉടൻതന്നെ സ്ഥലത്തെത്തി തൊമ്മാക്കുഞ്ഞിനെ ജയിലിലേക്കു് ആനയിച്ചു.

കുഞ്ചാക്കോയ്ക്കും ഈത്തമ്മയ്ക്കും അന്നുറക്കം വന്നില്ല. "നീയാണവനെ വളംവച്ചു വളർത്തിവിട്ടതു്. അവൻ ചീത്തയാകും ചീത്തയാകും എന്നു ഞാൻഎത്ര പ്രാവശ്യം പറഞ്ഞു. അന്നൊക്കെയും മകൻ രൂപക്കൂട്ടിൽ വയ്ക്കാൻ കൊള്ളാവുന്ന ഒരു പുണ്യാളച്ചനാണെന്നാണുനീ വിചാരിച്ചതു്. ഇപ്പോഴെന്തായി?" കുഞ്ചാക്കോയുടെ കൊള്ളിവാക്കുകൾ ഈത്തമ്മ സഹിച്ചില്ല. "ആൺ മക്കൾ അപ്പനെയാണു് കണ്ടുപഠിക്കുന്നതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? നിങ്ങൾ നല്ലകാര്യങ്ങൾ ധാരാളം പറയുമെങ്കിലും നല്ല കാര്യങ്ങൾ അധികം ചെയ്യാറില്ലല്ലോ." എങ്കിലും തൊമ്മിക്കുഞ്ഞു് ചീത്തയാകുവാൻ അധികം സഹായിച്ചതു് ഈത്തമ്മയാണെന്നായിരുന്നു നാട്ടുകാരുടെ അഭിപ്രായം.

വെണ്ടയ്ക്കാക്ഷരത്തിൽ ആ വാർത്ത എല്ലാപത്രങ്ങളിലും വന്നു. കുഞ്ചാക്കോയാണു് പത്രം ആദ്യം കണ്ടതു്. അതു വായിച്ചപ്പോൾ അയാൾ ബോധരഹിതനായി കസേരയിലേക്കു വീണുപോയി. അസാധാരണമായ ഒരു സ്വരംകേട്ടു് ഈത്തമ്മ അടുക്കളയിൽ നിന്നും ഓടിവന്നു. കുഞ്ചാക്കോയുടെ കയ്യിൽ നിന്നും പിടിവിട്ടു് പത്രം അലസമായി അയാളുടെ കാൽ ചുവട്ടിൽ കിടക്കുന്ന കാഴ്ച ഈത്തമ്മയെ അമ്പരപ്പിക്കുകയുണ്ടായി അവൾ പത്രം കുനിഞ്ഞെടുത്തു് ഇങ്ങനെ വായിച്ചു: – സുകുമാരൻ എന്ന മുച്ചീട്ടുകളിക്കാരനെ കുത്തിക്കൊന്നതിനു് 10 കൊല്ലത്തെ കഠിനതടവിനു് ഘാതകനായ തോമസ് വിധിക്കപ്പെട്ടു. എന്നാൽ ഒരു മാസം കഴിഞ്ഞപ്പോൾ അയാൾ ജയിലിൽ നിന്നും ഒളിച്ചോടിക്കളഞ്ഞു അയാളെ അന്വേഷിച്ചു് കണ്ടു പിടിക്കുവാൻ റിസർവ്വ് പോലീസ് നാനാഭാഗത്തേക്കും അയക്കപ്പെട്ടിരിക്കയാണു്.

"പിടികിട്ടിയാലുടൻ അവർ എൻെറ മകനെ കൊല്ലും," എന്നു പറഞ്ഞു് ഈത്തമ്മയും അസ്വസ്ഥയാകുവാൻ തുടങ്ങി. എങ്കിലും അവൾ ധൈര്യമവലംബിച്ചു് പ്രാർത്ഥനാ മുറിയിൽ പ്രവേശിച്ചു് പ. മറിയത്തിൻെറ തിരുസ്വരൂപത്തിനു മുൻപിൽ മുട്ടുകുത്തി "എൻെറ അമ്മേ, ഇപ്പോൾ ഞാൻ എന്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നു് എനിക്കറിഞ്ഞുകൂടാ. എൻെറ തൊമ്മിക്കുഞ്ഞിനെ എങ്ങനെ രക്ഷിക്കണമെന്നു് അവിടുത്തേക്കറിയാമല്ലോ. പിടികിട്ടിയാൽ പോലീസുകാർ അവനെ കൊന്നുകളയും." ഈത്തമ്മയുടെ പ്രാർത്ഥന ദീർഘമായിരുന്നു. രണ്ടു ദിവസത്തേക്കു് അവൾ ഭക്ഷണംപോലും കഴിച്ചില്ല.

ഫോൺവിളി! കുഞ്ചാക്കോ ശ്രദ്ധിച്ചു. "തൊമ്മിക്കുഞ്ഞു് രണ്ടു ദിവസം മുഴുവനും ഓടി. എങ്കിലും പെട്ടെന്നു് അയാളുടെ ചിന്താഗതിയിൽ ഏതോ മാററംവന്നു. അയാൾ അടുത്തുള്ള ഒരു പോലീസ് സ്റ്റേഷനിലേക്കു നടന്നു് അവിടെ സ്വയം അവകു കീഴടങ്ങിയിരിക്കുന്നു. ഇനി അയാളെപ്പററി ഒന്നും ഭയപ്പെടേണ്ടതില്ല."

കുഞ്ചാക്കോയുടെ നയനങ്ങളിൽ സന്തോഷാശ്രുക്കൾ വന്നുനിറഞ്ഞു "ഇതിനുവേണ്ടിയായിരുന്നു എൻെറ പ്രാർത്ഥന. ഇനി അവനു് ഒരു കുഴപ്പവും ഉണ്ടാകയില്ല. കലാവധി അവസാനിച്ചു് അവൻ തിരിയെ വരുമ്പോൾ വളരെ നല്ലവനായിരിക്കും. അതിനുവേണ്ടി ഞാൻ ഇനി പ്രാർത്ഥിക്കുവാൻ പോകയാണു്." സന്തോഷാധിക്യത്തിൽ ഈത്തമ്മ നടത്തിയ പ്രസ്താവന. (with apologies to Fulton Oursler.)

വി. യോഹന്നാൻ ക്രൂസിന്റെ

# കർമ്മെലഗിരിയാരോഹണം

(വിവർത്തനം)

പുസ്തകം 1. അദ്ധ്യായം 4 (തുടർച്ച)*

എന്നാൽ, അറിവില്ലാത്ത ശിശുക്കളെപ്പോലെ സ്വന്തജ്ഞാനം അവഗണിച്ചുകൊണ്ട് ദൈവസേവനത്തിൽ സ്നേഹത്തോടുകൂടി പുരോഗമിക്കുന്നവർ മാത്രമേ ദൈവജ്ഞാനം സമ്പാദിക്കുകയുള്ളു. ഈദൃശജ്ഞാനം കൊറീന്ത്യാക്കാരെയും പഠിപ്പിച്ചുകൊണ്ട് സെൻറ് പോൾ പറയുന്നു: "നിങ്ങളിൽ ആരെങ്കിലും ഈ ലോകത്തിൽ ജ്ഞാനിയാണെന്നു വിചാരിക്കുന്നെങ്കിൽ, അവൻ ജ്ഞാനിയാകേണ്ടതിനു ദോഷനായിത്തീരട്ടെ. എന്തെന്നാൽ, ഈ ലോകത്തിലെ ജ്ഞാനം ദൈവത്തിന്റെ സന്നിധിയിൽ ഭോഷത്തമാകുന്നു" (9) ആകയാൽ അറിഞ്ഞുകൊണ്ടല്ല, അറിയാതെയാണ് ആത്മാവ് ചരിക്കേണ്ടതു്, ദൈവജ്ഞാനത്തോടു സംയോജിക്കുന്നതിനു മുമ്പ്. ലോകത്തിലെ സകല മേൽക്കോയ്മയും, സ്വാതന്ത്ര്യവും ദൈവാരൂപിയുടെ മേൽക്കോയ്മയോടും, സ്വാതന്ത്ര്യത്തോടും തുലനംചെയ്തുനോക്കിയാൽ, ഏററം നികൃഷ്ടമായ അടിമത്തവും, ദുരിതവും, പാരതന്ത്ര്യവുമാകുന്നു.

6. തന്മൂലം, അധികാരസ്ഥാനങ്ങളാലോ, അതുപോലുള്ള ഉദ്യോഗങ്ങളാലോ, ആശകളുടെ ദുസ്വാതന്ത്ര്യത്താലോ വശീകരിക്കപ്പെടുന്ന ആത്മാവ്, ദൈവതിരുമുമ്പിൽ ഒരു പുത്രനേപ്പോലെയല്ല, പിന്നെയോ, ഒരു നീച അടിമയേപ്പോലെയും ബന്ദിയേപ്പോലെയുമാണ് പരിഗണിക്കപ്പെടുന്നതു്. അതിന്റെ കാരണം, തന്നെത്താൻ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ ചെറിയവനും, ചെറിയവൻ വലിയവനും ആകട്ടെ എന്ന നമ്മുടെ കർത്താവിന്റെ വിശുദ്ധ പ്രബോധനത്തെ ആ ആത്മാവ് ആശ്ലേഷിക്കാത്തതാണ്. തന്നിമിത്തം അതിനു ത്രാണിയില്ലാതായിത്തീരുന്നു, ദൈവൈക്യത്തിൽനിന്നു ലഭ്യമാകുന്ന അരൂപിയുടെ യഥാർത്ഥ സ്വാതന്ത്ര്യം പ്രാപിക്കാൻ; എന്തെന്നാൽ അടിമത്തത്തിനു സ്വാതന്ത്ര്യത്തിൽ പങ്കില്ല. ദുരാശകൾക്കു വിധേയമായ ഒരു ഹൃദയത്തിൽ വസിക്കുക, സ്വാതന്ത്ര്യത്തിനു സാദ്ധ്യമല്ല. കാരണം, ഈ ഹൃദയം ഒരടിമയുടേതാകുന്നു. എന്നാൽ സ്വാതന്ത്ര്യം സ്വതന്ത്രന്റെ ഹൃദയത്തിലേ കുടികൊള്ളുകയുള്ളു; എന്തെന്നാൽ അവനു് ഒരു പുത്രന്റെ ഹൃദയമുണ്ട്. ഇതുകൊണ്ടത്രേ സാറാ തന്റെ ഭർത്താവായ അബ്രാഹത്തോട് ആവശ്യപ്പെട്ടതു്, അടിമസ്ത്രീയുടെ പുത്രൻ സ്വതന്ത്രയുടെ പുത്രനോടുകൂടി അവകാശിയാകാതിരിക്കുവാൻവേണ്ടി, അടിമയേയും അവളുടെ പുത്രനേയും പുറത്താക്കാൻ. (10)

7. ലോകത്തിൽ ഏതെല്ലാം വസ്തുക്കളുണ്ടോ, അവയിൽ മനസ്സിനു തോന്നുന്ന സകല സന്തോഷങ്ങളും അഭിരുചികളും, ദൈവത്തിന്റെ ആനന്ദങ്ങളോടു് താരതമ്യപ്പെടുത്തിയാൽ, വേദനയുടെയും, പീഡയുടെയും കയ്പിന്റെയും പരമകാഷ്ഠയാകുന്നു. അതിനാൽ അവയിൽ ഹൃദയം വയ്ക്കുന്നവൻ ഏററം വലിയ വേദനയ്ക്കും, പീഡയ്ക്കും, കയ്പിനും അർഹനായി ദൈവദൃഷ്ടിയിൽ കരുതപ്പെടുന്നു. തന്മൂലം ദൈവൈക്യമാകുന്ന ആ ആലിംഗനത്തിന്റെ ആനന്ദങ്ങൾ അനുഭവിക്കാൻ അയാൾ അശക്തനായി ഭവിക്കുന്നു. വേദനയും തിക്തതയുമാണ് അയാൾക്കു ലഭിക്കേണ്ടതു്. സകല സൃഷ്ടസമ്പത്തും മഹത്വവും ദൈവമാകുന്ന സമ്പത്തിനോട് തുലനംചെയ്താൽ ദാരിദ്ര്യത്തിന്റെയും ദുരിതത്തിന്റെയും പാരമ്യമാകുന്നു. അതിനാൽ സൃഷ്ടസമ്പത്തിനെ സ്നേഹിക്കുകയും കൈയ്യടക്കി വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ആത്മാവ് ദൈവത്തിന്റെ മുമ്പിൽ ഏററം വലിയ ദരിദ്രയും നികൃഷ്ടയുമായിത്തീരുന്നു. അക്കാരണത്താൽ, ദിവ്യരൂപാന്തരസ്ഥിതിവിശേഷമാകുന്ന സമ്പത്തും പ്രതാപവും സമ്പാദിക്കാൻ ഈ ആത്മാവ് അശക്തയായി പരിണമിക്കുന്നു; എന്തെന്നാൽ നികൃഷ്ടവും ദരിദ്രവുമായ ഒന്നും സമ്പന്നവും പ്രതാപവത്തുമായ മററൊന്നും തമ്മിലുള്ള അകൽച്ച കുറച്ചൊന്നുമല്ലല്ലോ.

8. ആകയാൽ, തങ്ങളുടെ കാഴ്ചപ്പാടിൽ മനോമോഹനവും സമ്പൽസമൃദ്ധവുമായ ഈ ലോകത്തെ

* കാർമ്മെൽ, പു. 9, ലക്കം 4, വശം 122-ൽ നിന്നു്.

(9) I കൊറീ. 3/18-19.

(10) ഉൽപത്തി, 21/10.

## അൽമായകർമ്മലീത്തരോട്

# സ്വഭാവാതീത ദൈവസാന്നിദ്ധ്യം

(റവ. ഫാ. അക്വെയിൻജൽ, ഒ. സി. ഡി.)

സർവ്വസൃഷ്ടികളിലും സർവ്വേശ്വരൻ, സത്ത, ശക്തി, ജ്ഞാനം ഇവയാൽ സന്നിഹിതനായിരിക്കുന്നുവെന്നു ഇതിനുപരി പ്രസ്താവിച്ചുകഴിഞ്ഞു (കഴിഞ്ഞ ലക്കങ്ങളിൽ). പ്രകൃത്യാ ഉള്ള പ്രസ്തുത ദൈവസാന്നിദ്ധ്യത്തെ അനന്തമായി അതിശയിക്കുന്ന വിധത്തിലാണ് ദൈവപ്രസാദവരത്തിൽ സ്ഥിതിചെയ്യുന്ന ആത്മാവിൽ പരിശുദ്ധ ത്രിത്വം അധിവസിക്കുന്നതു്. സ്വഭാവാതീതമായ പ്രസ്തുത സാന്നിദ്ധ്യത്തിൻെറ സ്വഭാവം, ദിവ്യാതിഥിയുടെ ഗുണപ്രദമായ ആധിപത്യം, ആതിഥ്യമര്യാദ ഇവയെക്കുറിച്ചാണ് ഇനി പ്രതിപാദിക്കുവാൻ പോകുന്നതു്.

ജ്ഞാനസ്നാനത്തോടുകൂടി ശുദ്ധീകരണവരപ്രസാദം ആത്മാവിൽ ആദ്യമായി പ്രവേശിക്കുമ്പോൾ രണ്ടു മഹാഅൽഭുതങ്ങളാണ് അവിടെ നടക്കുന്നതു്. ദൈവം ആത്മാവിൽ ആഗതനാകുന്നു, അതിൽ അധിവസിക്കുവാൻ സ്ഥിരപ്രസാദവരം ആത്മാവിൻെറ സത്തയെ ഉയർത്തുന്നു, ബുദ്ധിയെ പ്രകാശിപ്പിച്ചും മനസ്സിനെ ബലപ്പെടുത്തിയുംകൊണ്ടു്.

### ആത്മാവിൻെറ അതിഥി

ത്രിയേകസർവ്വേശ്വരൻെറ ബാഹ്യ പ്രവർത്തനങ്ങളെല്ലാം മൂവരുടേയും പൊതുവാണെന്നു വിളിക്കുന്നു.

---

സ്നേഹിച്ചുകൊണ്ടു്, സ്വയം വിരൂപരും അധമരും, നികൃഷ്ടരും ദരിദ്രരും ആകുന്ന ആളുകളെക്കുറിച്ചു്, വ്യസനസമേതം ദിവ്യബോധജ്ഞാനം ഇപ്രകാരം അവലാതി പറയുന്നു, സുഭാഷിതങ്ങളിൽ:—

"അല്ലയോ മനുഷ്യരേ, നിങ്ങളെയാണ് ഞാൻ വിളിക്കുന്നതു്. എൻെറ സ്വരം മനുഷ്യ പുത്രരുടെ പക്കലേയ്ക്കു്. ഓ! കുഞ്ഞുങ്ങളേ, കൗശലത്തെ നിങ്ങൾ മനസ്സിലാക്കുവിൻ: അവിവേകികളേ, നിങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുവിൻ നിങ്ങൾ ശ്രവിക്കുവിൻ, എന്തുകൊണ്ടെന്നാൽ, ഞാൻ വലിയ കാര്യങ്ങളെപ്പററി സംസാരിക്കും....എന്നോടുകൂടെ സമ്പത്തും, മഹത്വവും, മഹനീയധനവും, നീതിയും ഉണ്ടു്. എൻെറ ഫലം സ്വർണ്ണത്തെക്കാളും വിലയേറിയ രത്നത്തെക്കാളും, എന്നിൽനിന്നുള്ള പുഷ്പങ്ങൾ ഉൽകൃഷ്ടമായ വെള്ളിയെക്കാളും ശ്രേഷ്ഠമാകുന്നു. നീതിയുടെ വഴികളിൽ, വിധിയുടെ മാർഗ്ഗമദ്ധ്യേ ഞാൻ നടക്കുന്നു. എന്നെ സ്നേഹിക്കുന്നവരെ സമ്പന്നരാക്കുന്നതിനും അവരുടെ ഭണ്ഡാഗാരങ്ങളെ നിറയ്ക്കുന്നതിനുമായിട്ടത്രേ (ഇതു്)" (11.)

ഇവിടെ ദിവ്യബോധജ്ഞാനം സംസാരിക്കുന്നതു്, നാം നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ, തങ്ങളുടെ ഹൃദയവും പക്ഷവും ഏതെങ്കിലും ഭൗമികവസ്തുവിൽ വയ്ക്കുന്ന എല്ലാവരോടുമാണ്. അവരെ ശിശുക്കളെന്നു വിളിക്കുന്നു. കാരണം, തങ്ങൾ സ്നേഹിക്കുന്ന ചെറിയ വസ്തുക്കളെപ്പോലെ, അവർ തങ്ങളെത്തന്നെ ചെറുതാക്കുന്നു. അതിനാൽ, ദിവ്യബോധജ്ഞാനം അവരോടുപദേശിക്കുന്നു, വിവേകമുള്ളവരായിരിക്കുവാൻ; താൻ അവരെപ്പോലെ നിസ്സാരകാര്യങ്ങളെക്കുറിച്ചല്ല, പിന്നെയോ, പ്രാധാന്യമുള്ള കാര്യങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നതെന്ന് ഗ്രഹിക്കുവാനും. അവർ സ്നേഹിക്കുന്ന മഹത്തായ സമ്പത്തും പ്രതാപവും തന്നോടുകൂടിയും തന്നിലുമാണ് സ്ഥിതിചെയ്യുന്നതു്, അല്ലാതെ അവർ വിചാരിക്കുന്നിടത്തല്ല ഉന്നത സമ്പത്തുകളും നീതിയും തന്നിലത്രേ കാണപ്പെടുന്നതു്; എന്തെന്നാൽ, അവയുടെ സാദൃശ്യഭാവങ്ങളായി ഇഹലോകവസ്തുക്കൾ അവർക്കു പ്രത്യക്ഷപ്പെട്ടാലും, തൻെറ വസ്തുക്കൾ ശ്രേഷ്ഠതരമാണെന്ന് അവർ ഗ്രഹിക്കട്ടെ എന്നു ജ്ഞാനം അവരോടു പറയുന്നു. ഇവയിൽ അവർ കണ്ടെത്തുവാൻ പോകുന്ന ഫലം സ്വർണ്ണത്തെക്കാളും, വിലയേറിയ രത്നങ്ങളേക്കാളും അവർക്കു കൂടുതൽ പ്രയോജനകരമായിരിക്കും. ആത്മാക്കളിൽ ദിവ്യജ്ഞാനം ഉല്പാദിപ്പിക്കുന്നവ അവർ ഇഷ്ടപ്പെടുന്ന വിശിഷ്ട വെള്ളിയേക്കാൾ മേന്മയേറിയതും ആകുന്നു. ഈ വെള്ളികൊണ്ടിവിടെ വിവക്ഷിക്കുന്നതു് ഇഹലോകജീവിതത്തിൽ ഉണ്ടായിരിക്കാൻ പാടുള്ള ഏതുതരം പക്ഷത്തേയുമാണ്.

11. സുഭ. 8/4—6 & 18—21.

ങ്കിലും സ്നേഹത്തിന്റെ പ്രവർത്തനങ്ങൾ സ്നേഹത്തിന്റെ ദൈവമായ പരിശുദ്ധാരൂപിയുടേതായിട്ടാണു് വ്യവഹരിക്കപ്പെടുന്നതു്. അതിനാൽ പ്രസാദവരത്തോടുകൂടിയുള്ള ദൈവസാന്നിദ്ധ്യം പരിശുദ്ധാരൂപിയുടേതെന്നു് പറയപ്പെടുന്നു. "നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നുവെന്നും ദൈവാത്മാവു് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലയോ? എന്നു വി. പൗലോസ് അപ്പോസ്തലൻ ചോദിക്കുന്നതു് മേല്പറഞ്ഞ അർത്ഥത്തിലാണു്. (1 കൊറി. 3/16)

പരിശുദ്ധാരൂപിയുള്ളിടത്തു് പിതാവും പുത്രനും ഉണ്ടായിരിക്കും. പിതാവും പുത്രനും സന്നിഹിതരാകുമ്പോൾ പരിശുദ്ധാരൂപിയും അവിടെ കാണും. ഈ അർത്ഥത്തിൽവേണം ദിവ്യരക്ഷകന്റെ താഴെക്കാണുന്ന വാക്കുകൾ വ്യാഖ്യാനിക്കുവാൻ. "ആർ എന്നെ സ്നേഹിക്കുന്നുവോ അവനെ എന്റെ പിതാവും സ്നേഹിക്കുന്നു. ഞങ്ങൾ അവന്റെ പക്കൽ വരും; അവനിൽ അധിവസിക്കുകയുംചെയ്യും" (ജോൺ 14/23). പിതാവും പുത്രനും അധിവസിക്കുന്നിടത്തു് പരിശുദ്ധാത്മാവും ഉണ്ടു്.

അതിനാൽ ആത്മാവിലുള്ള ദൈവസാന്നിദ്ധ്യത്തെ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമെന്നോ പ. ത്രീത്വത്തിന്റെ സാന്നിദ്ധ്യമെന്നോ പറഞ്ഞുവരുന്നു. ദൈവം അധിവസിക്കുന്ന ആത്മാവു് ദൈവത്തിന്റെ ആലയവും, ദൈവസദൃശ്യവും, ദൈവസന്താനവുമായി ഭവിക്കുന്നു. "ദൈവത്തിന്റെ ആലയം വിശുദ്ധമാകുന്നു, അതു നിങ്ങൾതന്നെ" (1 കൊറി. 3/17) എന്നു വി. പൗലോസും, "അവിടുന്നു നമ്മെ പുത്രന്മാരെന്നു വിളിക്കുകയും അങ്ങനെ ആക്കിത്തീർക്കുകയും ചെയ്തുവല്ലോ" (1 ജോൺ 3/1) എന്നു വി. ജോണും ഉൽഘോഷിക്കുന്നു. മാത്രമല്ല, ദൈവം തന്റെ ആലയമായ ആത്മാവിനു ദിവ്യമായി പ്രവർത്തിക്കുന്നതിനുള്ള ശക്തി നൽകി, അതിനെക്കൊണ്ടു പ്രവർത്തിപ്പിക്കുന്നു.

വരപ്രസാദംവഴിയുള്ള മേല്പറഞ്ഞ ദൈവസാന്നിദ്ധ്യം വെളിപാടുകൊണ്ടേ നാം അറിയിന്നുള്ളു. വിശ്വാസമാകുന്ന ദൂരദർശിനിയുടെ സഹായത്താൽ പ്രസ്തുത സാന്നിദ്ധ്യത്തിന്റെ അസ്തിത്വം, സ്വഭാവം ഇവയെക്കുറിച്ചു് സാമാന്യജ്ഞാനം നമുക്കു ലഭ്യമാകുന്നു.

## ത്രീത്വത്തിലെ പരമരഹസ്യങ്ങൾ ആത്മാവിലും

പ. ത്രീത്വത്തിൽ അനന്തമായി നടക്കുന്ന പ്രവർത്തനങ്ങൾ ആത്മാവിലും സംഭവിക്കുന്നു. അതായതു് നീതീകരിക്കപ്പെട്ട ആത്മാവിലേയ്ക്കു് പിതാവു് ആഗതനാകുന്നു. അതോടുകൂടി പിതാവിൽനിന്നു ജനിക്കുന്ന പുത്രനും സന്നിഹിതനാകുന്നു. പിതാവു് പുത്രനേയും പുത്രൻ പിതാവിനെയും അനന്തമായ സ്നേഹത്താൽ നിരന്തരം സ്നേഹിക്കുന്നു. ഇവരുടെ സ്നേഹത്തിൽനിന്നു പരിശുദ്ധാത്മാവു് പുറപ്പെടുന്നു. പിതാവിൽനിന്നുള്ള പുത്രന്റെ ജനനവും, പിതാവിന്റേയും, പുത്രന്റേയും പരസ്പരസ്നേഹത്തിൽനിന്നുള്ള പരിശുദ്ധാത്മാവിന്റെ പുറപ്പാടും വരപ്രസാദസ്ഥിതിയിലിരിക്കുന്ന ആത്മാവിൽ സദാ സംഭവിച്ചുകൊണ്ടിരിക്കുകയാണു്.

മൂന്നു ദൈവീക ആളുകളുടെ സാന്നിദ്ധ്യത്താൽ ദൈവവും ആത്മാവും തമ്മിൽ ഏററവും ഗാഢമായ ബന്ധം സംജാതമാകുന്നു. തദ്വാരാ, ആത്മാവു് അൽഭുതകരമാംവിധം പരിശുദ്ധമാക്കപ്പെടുകയും ചെയ്യുന്നു. അനന്തമായി പ്രവർത്തനനിരതനായ ദൈവം വിസ്മയകരമായി ആത്മാവിൽ പ്രവർത്തിക്കുകയാണു്. പിതാവു്, സ്നേഹിതൻ, സഹായി, സംരക്ഷകൻ എന്ന നിലയിലെല്ലാം അവിടുന്നു ആത്മാവിൽ പ്രവർത്തിക്കുന്നു.

## പിതൃത്വത്തിന്റെ പ്രവർത്തനം

ആത്മാവിന്റെ വരപ്രസാദാവസ്ഥയിൽ, ദൈവം നമ്മിൽ അധിവസിച്ചുകൊണ്ടു് പിതാവായി വർത്തിക്കുന്നു. നമ്മെ മക്കളാക്കിത്തീർക്കുന്നു. "അടിമത്തത്തിന്റെ ആത്മാവിനെയല്ല ഭയത്തിനായി നിങ്ങൾ വീണ്ടും കൈക്കൊണ്ടിരിക്കുന്നതു്; മറിച്ചു് (ദൈവത്തെ) ആത്മാവിനെ—ഞങ്ങളുടെ പിതാവേ എന്നു നാം വിളിക്കുന്ന പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയത്രേ—നിങ്ങൾ കൈക്കൊണ്ടിരിക്കുന്നതു്. നാം ദൈവത്തിന്റെ മക്കളാകുന്നുവെന്നു് ഈ ആത്മാവു് നമ്മുടെ ആത്മാവിനു് സാക്ഷ്യം നൽകുകയും ചെയ്യുന്നു." (റോമ. 8/15.) പുത്രന്മാരെന്നു വിളിക്കുക മാത്രമല്ല, യഥാർത്ഥത്തിൽ പുത്രന്മാരാക്കിത്തീർക്കുന്നു എന്നാണു് വി. യോഹന്നാൻ അഹ്ലാദപൂർവം ഉൽഘോഷിക്കുന്നതു്.

എത്രമാത്രം പിതൃസഹജമായ വാൽസല്യത്തോടുകൂടി യാണ് ദൈവം നമ്മോടു വർത്ത്[illegible]ന്നതെന്ന് ഇസയി യാസ് വഴി ദൈവം നമ്മെ അറിയിക്കുന്നു. "തന്റെ ഉദരത്തിലെ പുത്രനോട് ആർദ്രതയില്ലാത്തവണ്ണം തന്റെ കുഞ്ഞിനെ മറക്കുവാൻ ഒരു സ്ത്രീക്കു കഴി യുമോ? അവളങ്ങനെ മറക്കുന്നെന്നിരുന്നാൽത ന്നെയും ഞാൻ നിന്നെ മറക്കുന്നതല്ല." (ഇസയി. 49/19.)

## സ്നേഹിതൻ രഹസ്യം കൈമാറുന്നു

ആത്മാർത്ഥതയുള്ള സ്നേഹിതന്മാർ തമ്മിൽ രഹ സ്യങ്ങൾ കൈമാറുന്നതുപോലെ, ആത്മാവിൽ വസി ക്കുന്ന ദൈവം പരിശുദ്ധാത്മാവുവഴിയായി അവി ടുത്തെ നിരവധി രഹസ്യങ്ങൾ ആത്മാവിന് വെളി പ്പെടുത്തിക്കൊടുക്കുന്നു. "പരിശുദ്ധാത്മാവായ പാര ക്ലേത്ത് നിങ്ങളെ സകലവും പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (ജോൺ 14/26) എന്നാ ണല്ലോ ദിവ്യനാഥൻ അരുളിചെയ്തിട്ടുള്ളത്.

ദൈവശാസ്ത്രമെന്നു മാത്രമല്ല, യാതൊരു പഠി പ്പുമില്ലാത്ത ചില ഭക്തസ്ത്രീകൾ ദൈവകാര്യങ്ങളെ ക്കുറിച്ച് സംസാരിക്കുന്നതുകേട്ട് ദൈവശാസ്ത്രജ്ഞ ന്മാർപോലും അൽഭുതപ്പെടാറുണ്ട്. ദൈവപരിപാ ലനയെപ്പററി സമഗ്രമായി പഠിച്ചിട്ടുള്ള തത്വജ്ഞ ന്മാർ ചില അനിഷ്ടസംഭവങ്ങളിൽ ആശ്വാസരഹിത രായി "ഞെളിപിരി"കൊള്ളുമ്പോൾ, ജോബിനെ പ്പോലെ പരീക്ഷിക്കപ്പെട്ടിട്ടും പതറാതെ നിൽക്കുന്ന ഭക്തരായ സാധ്വീമണികളെ നാം കാണുന്നുണ്ട്. വി അമ്മത്രേസ്യാ, അഗ്രെഡായിലെ മേരി മുതലായ വരുടെ ജ്ഞാനം ലോകഗുരുക്കന്മാരിൽ നിന്നെന്ന തിനെക്കാൾ അവരുടെ ആത്മാവിൽ സ്ഥിതിചെയ്തി രുന്ന ദിവ്യഗുരുവിൽനിന്നായിരുന്നു. സ്നേഹിതന്മാ രോടു രഹസ്യം കൈമാറുന്നതിനെക്കുറിച്ച് കർത്താവു പറഞ്ഞു: "ഞാൻ ഇനി നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല. തന്റെ യജമാനൻ ചെയ്യുന്നതെ ന്തെന്ന് ദാസന്മാർ അറിയുന്നില്ലല്ലോ. എന്നാൽ എന്റെ പിതാവിൽനിന്ന് ഞാൻ കേട്ടവയെല്ലാം നിങ്ങളെ ഞാൻ അറിയിച്ചതുകൊണ്ട് എന്റെ സ്നേഹിതന്മാരെന്നു നിങ്ങളെ ഞാൻ വിളിക്കുന്നു." (ജോൺ 15/15)

സുമധുരമായ സുഹൃത്ബന്ധം ദൈവം തന്റെ സ്നേഹഭാജനമായ ആത്മാവിനോടു പുലർത്തുന്നു എന്നും അത്യുത്തമമിത്രത്തോടെന്നവിധമാണ് അവിടുന്ന് അതി നോടു അനുവർത്തിക്കുന്നതെന്നും അവിടുന്നുതന്നെ വെ ളിപ്പെടുത്തിയിട്ടുണ്ട്. "എന്റെ സ്വരംകേട്ട് വാതിൽ തുറക്കുന്നവനാരോ അവന്റെപക്കൽ ഞാൻ പ്രവേശി ക്കുകയും അവനോടുകൂടി ഞാനും എന്നോടുകൂടി അ വനും അത്താഴം കഴിക്കുകയും ചെയ്യും. (വെളി. 3/30). ആത്മാവുമായുള്ള ഈ മൈത്രീബന്ധം വരപ്രസാദവർദ്ധ നവോടുകൂടി കൂടുതൽ ദൃഢതരമായിത്തീരുന്നു. ആത്മാ വാകുന്ന സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന രാജാധിരാജൻ, സ്വർഗ്ഗീയ നിക്ഷേപങ്ങളെ സമൃദ്ധി യായി, അനസ്യൂതം അതിനു നൽകുകയും, എല്ലാ ത്തരം സുകൃതങ്ങളിലും അതിനെ സമ്യക്കായി അലങ്ക രിക്കുകയും, അതിനെ പുണ്യങ്ങളുടെ കേദാരമാക്കി ത്തീർക്കുകയും ചെയ്യുന്നു. (തുടരും)

---

### തക്കലെ

1956 ഡിസംബർ 21-ാംന് ബ്ര. സ്റ്റനിസ്ലാവൂസ്, ഒ. സി. ഡി. തക്കലെനൊവീസ്യാത്താശ്രമത്തിൽ വച്ച് തന്റെ പ്രഥമവ്രതവാഗ്ദാനം ചെയ്തിരിക്കുന്നു.


നിങ്ങളുടെ വീട്ടുകളിൽ

**പ്രതിദിന പുതിയനിയമം**

ഉണ്ടോ? ഇല്ലെങ്കിൽ ഉടനെ വരുത്തുക.

സാഹിത്യതിലകൻ

സി. കെ. മററം, കുറവിലങ്ങാട്.

# സംസാര നിയന്ത്രണം

(എസ്. പി. കാച്ചപ്പിള്ളി, ആലുവാ)



മനുഷ്യനൊഴികെയുള്ള പ്രപഞ്ചത്തിലെ ഇതര സൃഷ്ടവസ്തുക്കളെല്ലാം തന്നെ, മനുഷ്യനുവേണ്ടി നിർമ്മിച്ചിരിക്കുന്നതാണു്, ദൈവം. മനുഷ്യന്റെ പരമാന്ത്യലബ്ധിക്ക് സഹായകങ്ങളായിട്ടാണു്, ലോകത്തിലെ സകല ചരാചരങ്ങളേയും, ശൂന്യതയിൽ നിന്നു് ഭാവാവസ്ഥയിലേക്ക് ഉത്ഭവിപ്പിച്ചിരിക്കുന്നതു് ആ സ്വർഗ്ഗീയകലാശില്പി. മനുഷ്യമസ്തിഷ്കത്തിനു് തികച്ചും അജ്ഞാതമായ ഈ ശക്തിവിശേഷം, നമ്മിൽ അത്ഭുതമുളവാക്കും, ഇതിനെപ്പററി ശരിയായി ചിന്തിച്ചാൽ. അതെ, ഇല്ലാത്ത അവസ്ഥയിൽനിന്നും ഉള്ള അവസ്ഥയിലേക്ക് ഒരു സധാനത്തെ നിർമ്മിക്കുവാൻ-സ്ഥായിയായ അസ്തിത്വം നൽകുവാൻ-ഇന്നുവരെ ഒരു മനുഷ്യനും കഴിഞ്ഞിട്ടില്ല; യാതൊരു ശാസ്ത്രഗവേഷകനും തത്വജ്ഞനും ഇന്നുവരെ സാധിച്ചിട്ടില്ല. ഭാവിയെപ്പററി ഏതാണ്ടൊരു നിർവ്വചനം നൽകുവാൻ ഒരു പക്ഷെ, ശാസ്ത്രത്തിനു കഴിഞ്ഞേക്കാം. എന്നാൽ, നിസ്സാരമെന്നു് തോന്നിക്കുന്ന വയലിലെ ഒരു പുൽക്കൊടിപോലും നൂതനമായി നിർമ്മിക്കുന്നതിനു് മനുഷ്യബുദ്ധി കേവലം അശക്തമാണു്. ഇതിന്റെ രഹസ്യമെന്തു്? മറെറാന്നുമല്ലാ, സൃഷ്ടികാര്യം ദൈവത്തിനു് മാത്രം സാധിക്കുന്ന ഒന്നാണു്, എന്നതു തന്നെ.

ഇങ്ങനെ, പ്രപഞ്ചവസ്തുക്കളുടെമേൽ താൽക്കാലിക കർത്തൃത്വം നൽകിക്കൊണ്ടു് അവയെ അടക്കി ഭരിക്കുവാൻ ദൈവം മനുഷ്യനെ അനുവദിച്ചു. ഇതര ജീവികൾക്കു ലഭിച്ചിട്ടില്ലാത്ത ഒരു വിശേഷ വൈഭവത്തോടും പ്രതാപത്തോടുംകൂടിയാണു്, അവനെ ലോകത്തിലേക്ക് അയച്ചിട്ടുള്ളതു്. മരണമില്ലാത്ത ഒരു ആത്മാവ്-എന്നും ശോഭിക്കുന്ന ഒരു ദൈവപ്രകാശം-മനുഷ്യനുമാത്രമെ നൽകപ്പെട്ടിട്ടുള്ളു. ചിന്തിക്കുന്നതിനും നന്മതിന്മകളെ വിവേചിച്ചറിയുന്നതിനുമുള്ള ആ അതുല്യവൈഭവം, മനുഷ്യശരീരത്തോടു സംഘടിപ്പിച്ചപ്പോൾ, അവൻ ഉന്നതനായ ഒരു സൃഷ്ടിയായിത്തീർന്നു. ഈ മനുഷ്യശരീരത്തിനു് പല അവയവങ്ങളും ദാനം ചെയ്തിട്ടുണ്ടു്, സർവ്വശക്തൻ. അവയ്ക്കെല്ലാമുണ്ടു്, ദൈവനിർദ്ദിഷ്ടമായ ചില ഉപയോഗങ്ങൾ-ഉദ്ദേശങ്ങൾ. മനുഷ്യൻ, എന്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ, ഏതൊരു പരമലക്ഷ്യം അവനായി ദൈവം കല്പിച്ചിരിക്കുന്നുവോ, മഹത്തമമായ ആ പരമാന്ത്യത്തെ പ്രാപിക്കുന്നതിനു് സഹായകങ്ങളായി അവയെ ഉപയോഗിക്കുന്നതിലാണു് മനുഷ്യന്റെ വ്യക്തിത്വം തെളിഞ്ഞുകാണുന്നതു്; വിശേഷബുദ്ധി വികസിതമാകുന്നതു്. കണ്ണു് കാണുവാനും, ചെവി, കേൾക്കുവാനും, അധരം സംസാരിക്കുവാനും ഉതകുന്നതുപോലെ, കാലു് നടക്കുവാനും കൈ പ്രവർത്തിക്കുവാനും പ്രയോജനപ്പെടുന്നു. ഇങ്ങനെ, മറേറാരോ അവയവങ്ങളും അവയുടേതായ ഓരോ കൃത്യങ്ങളും നിർവ്വഹിക്കുന്നുണ്ടു്. അവ വേണ്ടവിധം സൂക്ഷത്തോടും പരമാന്ത്യപ്രാപ്തിക്കു സഹായകമായവിധത്തിലും ഉപയോഗിക്കുമ്പോൾ അവൻ ദൈവഹിതം നിറവേററുന്നു.

നമ്മുടെ ശരീരത്തിലെ പരമപ്രധാനമായ അവയവങ്ങളിലൊന്നാണു് രസനേന്ദ്രിയം അഥവാ നാവു്. നോക്കുക! സൃഷ്ടാവ് എത്ര ഭദ്രമായി അതു് നമ്മുടെ ശരീരത്തിൽ ഘടിപ്പിച്ചിരിക്കുന്നു! ശത്രുക്കളിൽനിന്നു് രക്ഷ പ്രാപിക്കുന്നതിനു് ചുററും കാവൽഭടരെ നിറുത്തുന്നതുപോലെ, സുദൃഢമായ ദന്തക്കോട്ടയ്ക്കകത്തു് സൂക്ഷിച്ചിരിക്കയാണു്, ആ അമൂല്യനിധി. ഇത്ര സുരക്ഷിതമായി നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഈ അവയവത്തെ ഏതു് വിധത്തിൽ നാം ഉപയോഗിക്കുന്നു? അവഗാഢം ചിന്തിക്കേണ്ട ഒരു വസ്തുതയാണിതു്. കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ, പലപ്പോഴും ഈ അതുല്യാവയവത്തെ നാം ഓടിച്ചിട്ടില്ലേ? നയിച്ചിട്ടില്ലേ? അലക്ഷ്യമായി, അശ്രദ്ധമായി നാം പലപ്പോഴും ഉപയോഗിച്ചിട്ടില്ലേ, ഇന്നും ഉപയോഗിക്കുന്നില്ലേ, ഈ ശുദ്ധാവയവത്തെ? ഇതരാവയവങ്ങളോടൊപ്പം ഇതിനോടും നമുക്ക് ഉത്തരവാദിത്വ

മില്ലേ? മനസ്സിൻെറ നിഗൂഢവിചാരങ്ങളെപ്പോലും വിവേചിച്ചറിയുന്ന സ്രഷ്ടാവിൻെറ പക്കൽ, ഈ അപരാധത്തിന് ശരിയായ ഉത്തരം നൽകേണ്ടിവരുമെന്നുള്ള ,സത്യം നാം മറന്നുപോയോ?

നമ്മുടെ കുടുംബരംഗങ്ങളിലേക്ക് ഒന്ന് പ്രവേശിക്കാം. ശോചനീയമായ ഒരവസ്ഥയാണ് പലപ്പോഴും കാണാവുള്ളത് പലയിടത്തും. എന്താണത്? ദുർഗ്ഗന്ധം വമിക്കുന്ന എത്രയെത്ര സംസാരങ്ങളാണ് നമ്മിൽ പലരുടേയും ജിഹ്വാഗ്രങ്ങളിൽനിന്നും ബഹിർഗ്ഗമിക്കുന്നത്. ദൈവസ്തുതികീർത്തനങ്ങളാൽ സദാ മുഖരിതമാകേണ്ട കുടുംബാന്തരീക്ഷം ദിവസത്തിൽ എത്രപ്രാവശ്യം അശുദ്ധഭാഷണങ്ങളാലാവരണം ചെയ്യപ്പെടുന്നുണ്ട്?

ഒരു ക്രസ്തീയ കുംടുംബം, ക്രിസ്തുവിനാൽ ഭരിക്കപ്പെടേണ്ട ഒരു വിശുദ്ധാലയമാണ്. ദൈവസ്നേഹചൈതന്യനിർഭരമായിരിക്കേണ്ട കുടുംബവായു, മിക്കവാറും ദൂഷിച്ചു വഷളാകുന്നത് അനിയന്ത്രിത സംസാരത്തിൻെറ തിരത്തള്ളലാലാണ്. കുടുംബത്തിൻെറ പാവനതയെ ചോദ്യംചെയ്യുന്ന എത്രയെത്ര ജുഗുപ്സാവഹങ്ങളായ ശൈലികളാണ് പദപ്രയോഗത്തിൽ നാം സ്വീകരിക്കാറുള്ളത്. ഇതിന് ഒരു സമൂലപരിവർത്തനം വന്നെങ്കിൽമാത്രമെ, സമുദായഗാത്രത്തിൻെറ ഹൃദയമായ കുടുംബം വിശുദ്ധീകൃതമാകയുള്ളു.

ഒരു ക്രിസ്തീയകുംടുംബത്തിൻെറ മഹത്വം എന്ത്? ഇതിനെപ്പററി ആധുനികകാലത്ത് നമ്മിൽ പലരും ചിന്തിക്കാറില്ല. ഇന്ന് സ്വർഗ്ഗത്തിൽ വാഴുന്ന വിശുദ്ധന്മാർ, ലോകത്തിലായിരുന്നപ്പോൾ എവിടെയാണ് ജനിച്ചുവളർന്നത്. ദൈവത്തിലും, ദൈവത്തിനുവേണ്ടിയും ദൈവത്തെ പ്രതിയും ജീവിക്കുവാൻ അവർക്ക് വേണ്ട പ്രചോദനം കിട്ടിയത് എവിടെനിന്ന്? ദൈവപ്രസാദവരമാണ് പ്രധാനമായി,സദ്പഥത്തിലേക്ക് അവരെ നയിച്ചതെങ്കിലും, ബാഹ്യമായി അവർ സ്വന്ത കുടുംബത്തോടാണ്—മാതാപിതാക്കന്മാരോടാണ് കടപ്പെട്ടിരിക്കുന്നത്, ഈ വിഷയത്തിൽ.ഇത്ര പരിശുദ്ധമായ—ഉന്നതതമമായ—കുടുംബാന്തരീക്ഷത്തെ മലീമസമാക്കുന്ന നരാധമന്മാർ ആരായിരുന്നാലും, അവർ ശാപഗ്രസ്തർതന്നെ. സംശയമില്ല.

ആത്മനിയന്ത്രണം, വിശുദ്ധപദപ്രാപ്തിക്ക് അത്യന്താപേക്ഷിതമാണ്. ശരീരനിയന്ത്രണംമൂലം വേണം അത് സാധിക്കുവാൻ. കാരണം, ആത്മശരീരസംയുക്തരാണല്ലോ, നാമോരോരുത്തരും.

നിയന്ത്രണം രണ്ടുവിധമുണ്ട്. ഉത്തമം, നീചം. ഉത്തമനിയന്ത്രണം നന്മയിലേക്കും, തൻമൂലം നിത്യാനന്ദത്തിലേക്കും ക്രമേണ വഴിതെളിക്കുന്നു. നീച നിയന്ത്രണം, തിന്മയിലേക്കും തദ്വാരാ, നിത്യനാശത്തിലേക്കും. ജനനനിയന്ത്രണം മുതലായ പ്രകൃതിവിരുദ്ധങ്ങളായ പ്രവർത്തനങ്ങൾ നീച നിയന്ത്രണത്തിൻെറ പരിധിയിൽ പെട്ടതാണ്.

മനുഷ്യജീവിതം, നിരന്തരമായ ഒരു പോരാട്ടമാണ്. ലോകത്തോടും, പിശാചിനോടുമെന്നതിനേക്കാൾ കൂടുതലായി സ്വശരീരത്തോടുതന്നെയാണ് നിരന്തരമായി നാം സമരം ചെയ്യേണ്ടത്. കാരണം, നമ്മുടെ അധമാംശം, അനുനിമിഷം പോർവിളി നടത്തിക്കൊണ്ടിരിക്കയാണ്, ഉത്തമാംശത്തോട്. ഈ ദ്വന്ദ്വയുദ്ധത്തിൽ വിജയംവരിക്കണമെങ്കിൽ, സ്വശരീരത്തിലെ ഓരോ ഇന്ദ്രിയങ്ങളേയും യഥാവിധി നിയന്ത്രിക്കേണ്ടിയിരിക്കുന്നു. നാവിനെ നിയന്ത്രിക്കുകയെന്നതു ഒട്ടും അപ്രധാനമായ ഒരു സംഗതിയല്ല. സംസാരം ക്രമീകരിക്കുക. ഇതിൽനിന്നും, അപ്രതീക്ഷിതമായ പല ആത്മീയഗുണങ്ങളും നമുക്ക് ലഭിയ്ക്കും. ക്രിസ്താനുകരണകർത്താവു ചോദിക്കുന്നു: "നാം സംസാരിക്കാൻ തുടങ്ങിയാൽ, മനസ്സാക്ഷിക്കുററം കൂടാതിരിക്കുന്നത് നന്നാ അപൂർവ്വമായിരിക്കെ, ഇത്ര സന്തോഷത്തോടെ നാം സംസാരിക്കയും പരസ്പരം സല്ലപിക്കയും ചെയ്യാറുള്ളത് എന്തുകൊണ്ട്?"എന്ന്. ഇതുകൊണ്ട് എപ്പോഴും മൌനം ഭജിക്കണമെന്നർത്ഥമില്ല. പരസ്നേഹത്തിന് വിരുദ്ധമായി മനസാ,വാചാ,കർമ്മണാ നാം ഒന്നും പ്രവർത്തിക്കരുതെന്നുള്ളത് ദൈവപ്രമാണമാണല്ലോ. നമ്മുടെ ഓരോ സംസാരത്തിലും—പ്രയോഗിക്കപ്പെടുന്ന വാക്കുകളോരോന്നിലും— ഇക്കാര്യം വിസ്മരിക്കരുത്. "നിന്നെപ്പോലെ നിൻെറ അയൽക്കാരനെ സ്നേഹിക്കണം" എന്ന കല്പന ചെറുതല്ല. ദൈവസ്നേഹം പരിപോഷിപ്പിക്കപ്പെടുന്നത് മററൊന്നുകൊണ്ടുമല്ല. അത്ര മഹത്തമമാണ് പരസ്നേഹം. അതിനു വിരുദ്ധമായുള്ള ഓരോ വാക്കുകളും ദൈവതിരുമുമ്പിൽ ശിക്ഷാർഹങ്ങളാണ്.

"സംസാരിക്കാൻ ന്യായവും ആവശ്യവുമുള്ളപ്പോൾ, നല്ല മാതൃകക്ക് ഉതകാവുന്നവയെ സംസാരിച്ചുകൊള്ളുക." എന്ന് ക്രിസ്താനുകരണം അനുശാ

# ഒരൽഭുത സംഭവം

(ജോൺ സി. മാത്യു, പെരിയപ്പുറം, തൃശ്ശിനാപ്പള്ളി

1858-ൽ നടന്ന ആ അത്ഭുതസംഭവം ലോകത്തിൽ ഒരു കോളിളക്കംതന്നെ ഉളവാക്കി. തൻമൂലം "ലൂർദ്" ഇന്നു് അത്ഭുതങ്ങളുടെ കേന്ദ്രമായി ലോകത്തിൽ പരിലസിക്കുകയാണു്. വെറും 14 വയസ്സു മാത്രം പ്രായമുണ്ടായിരുന്ന 'ബെർണ്ണദീത്താ'യായിരുന്നു ഈ അത്ഭുതങ്ങളുടെ എല്ലാം അടിസ്ഥാനം.

അന്നു പ്രകൃതി വളരെ മ്ളാനമായിരുന്നു. ശൈത്യം വളരെ അസഹ്യമായിരുന്നു. ബെർണ്ണദീത്താ ഉച്ചഭക്ഷണത്തിനുശേഷം വിറകു ശേഖരിയ്ക്കുന്നതിനു് പുറത്തുപോകുവാൻ അനുവാദം ചോദിച്ചെങ്കിലും, അവരം കാസാരോഗബാധിതയായിരുന്നതിനാൽ അവളുടെ അമ്മആദ്യം വിസമ്മതിക്കുകയാണുണ്ടായതു്. എങ്കിലും

---

സിക്കുന്നു. ആത്മപ്രയോജനം ലഭിക്കുന്നതിനുപകരം, നമ്മുടെ സംസാരം, ആത്മനാശത്തിനു് വഴിതെളിച്ചാൽ, അതു് വർജ്ജിക്കേണ്ടതല്ലേ?

നമ്മുടെ സംസാരവിഷയം, പലപ്പോഴും പരദൂഷണമാണെന്നു് അല്പം ചിന്തിച്ചാൽ മനസ്സിലാക്കാം. കുററംപറച്ചിൽ ഒരു "ഫാഷനായി"ത്തീർന്നിട്ടുണ്ടു്, ആധുനികകാലത്തു്. ജോലിത്തിരക്കുകൾ കഴിഞ്ഞു് ഉല്ലസിക്കേണ്ട സമയത്തു് എന്താണു് നമ്മുടെ ജോലി? അന്യരുടെ കുററം പറച്ചിൽ. അപഹാസ്യമായ ഒരു നയമാണിതു്.

വി. ക്രിസോസ്തോമസ് പറയുന്നു. "എളുപ്പത്തിൽ ചെയ്തുപോകുന്ന ഒരു പാപമാണു്, കുററാരോപണം. പശ്ചാത്താപത്തിൻെറ ലേശംകൂടാതെ അതു് ചെയ്യുന്നു. അതിൻെറ ശിക്ഷ ഭയങ്കരമാണു്. മറേറതു പാപം ചെയ്യുന്നതിനും ബാഹ്യമായ ഉപകരണം വേണം. ദോഷാരോപണത്തിനു് സ്വന്തനാവുമതിയല്ലോ. അതു തന്നെയാണു്, ആളുകൾ എളുപ്പത്തിൽ അതു് ചെയ്തുപോകുന്നതിനു് കാരണവും" എന്നു്. നാം ഈ പാപത്തിൻെറ ഗൌരവം മനസ്സിലാക്കുന്നില്ല. സഹോദരങ്ങളുടെ കുററങ്ങളേയും കുറവുകളെയും ക്ഷമിക്കയും സഹിക്കയും ചെയ്വാൻ ദൈവകല്പനപ്രകാരം കടപ്പെട്ടിരിക്കുന്ന നാം, അവരുടെ കുററങ്ങൾ ജനതാമദ്ധ്യേ പ്രചരിപ്പിച്ചു മാനഹാനിവരുത്തുന്നതു്, വാസ്തവത്തിൽ, കടുത്ത അനീതിയല്ലേ? അതിനുള്ള ശിക്ഷ, അഹോ, ഭയാനകം.

സ്വന്തം കുററങ്ങളെ കാണാതെ, അന്യരുടെ അപരാധങ്ങൾ കൊട്ടിഘോഷിക്കുന്നതു് നരകത്തിലേയ്ക്കുള്ള ഒരു ഇടവഴിയാണെന്നാണു്, പ്രസ്തുത സിദ്ധാന്തത്തിൻെറ അഭിപ്രായം.

വി. പത്രോസ് ശ്ലീഹാ പഠിപ്പിക്കുന്നതു് നോക്കുക. "ജീവിതത്തെ സ്നേഹിക്കയും, സുദിനങ്ങൾ പ്രതീക്ഷിക്കയും ചെയ്യുന്നവൻ; തൻെറ നാവിൽനിന്നും ചുണ്ടിൽനിന്നും, ദോഷാരോപണം ഒഴിച്ചു നിറുത്തട്ടെ"

"നാം പല കാര്യങ്ങളിലും തെററുചെയ്യുന്നു. ആരെങ്കിലും വാക്കുകൊണ്ടു തെററുന്നില്ലെങ്കിൽ അവൻ പരിപൂർണ്ണനാണു്. അവനു് ശരീരത്തെ മുഴുവൻനിയന്ത്രിക്കാൻ കഴിയും." വി. യാക്കോബ് ശ്ലീഹാ എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്." അദ്ദേഹം വീണ്ടും വിശദീകരിക്കുന്നു- "വളരെ വലിയ കപ്പലിനെ ചെറിയ ചുക്കാൻകൊണ്ടു നിയന്ത്രിക്കുന്നതുപോലെ, ശരീരത്തെ, അതിൻെറ ഒരു ചെറിയ അവയവമായ നാവുകൊണ്ടു നിയന്ത്രിക്കണം?"

വി. ബെർണ്ണാർദ് പ്രസ്താവിക്കുന്നു. "ദോഷാരോപകൻെറ നാവിലും, കേൾക്കുന്നവൻെറ കാതിലും പിശാചുണ്ടു്"-എന്നു്.

മേൽ വിവരിച്ച സിദ്ധവൈര്യരുടെ അനുശാസനങ്ങളെപ്പററി നാം അവഗാഢം ചിന്തിക്കയും അനിയന്ത്രിത സംസാരംകൊണ്ടുണ്ടാകാവുന്ന ദുഷ്യഫലങ്ങളെപ്പററി യഥാർത്ഥം മനസ്സിലാക്കി അവയിൽനിന്നും ഒഴിഞ്ഞു മാറേണ്ടതുമാണു്. കാര്യമായ ജോലിയൊന്നുമില്ലാത്തവർ ഒന്നു ചെയ്യണം. സദ്ഗ്രന്ഥങ്ങൾ വായിക്കുക; സ്വയം ധ്യാനിക്കുക. അപ്രതീക്ഷിതമായ ആത്മഗുണം നമുക്കു് ലഭിയ്ക്കും.

അമിതഭക്ഷണംകൊണ്ടു് ദീപ്തക്ഷയമുണ്ടാകുന്നതുപോലെ, അമിതഭാഷണം കൊണ്ടും അസമാധാനമാണു് നമ്മിൽ വളരുക. അതുകൊണ്ടു സമയം വ്യർത്ഥമാക്കാതെ, രക്ഷാകരമായ ഈ നാളുകളിൽ, ഹ്രസ്വമായ നമ്മുടെ ഇഹലോക പ്രവാസത്തിൽ നമ്മുടെ ജീവിതനിയന്ത്രണംമൂലം നശിക്കാത്ത സമ്പത്തുകളെ സമ്പാദിക്കേണ്ടതു് അനുപേക്ഷണീയമായ കർത്തവ്യമാണു്.

അവളുടെ നിർബന്ധം അമ്മയെ സമ്മതിപ്പിക്കുക തന്നെ ചെയ്തു.

അവൾ തന്റെ കൂട്ടുകാരികളുമൊത്തു കാട്ടിലേയ്ക്കു തിരിച്ചു. അവർ 'മസബില്ലാ'യ്ക്കു സമീപമുള്ള ഒരു ഗ്രോട്ടോയുടെ എതിർവശത്തെത്തിയപ്പോൾ ഒരു ചെറുതോട്ട് അവരുടെ ഗതിയെ വിഘ്നപ്പെടുത്തി. വെള്ളം കുറവായിരുന്നതിനാൽ ബെർണ്ണദീത്തയുടെ രണ്ടു കൂട്ടുകാരികളും തോടു കടന്ന് വിറകുശേഖരണം ആരംഭിച്ചു. വെള്ളത്തിന്റെ തണുപ്പു കൂടുതലായിരുന്നതിനാൽ ബർണ്ണദീത്താ ഇറങ്ങുവാൻ മടിച്ചു.

അവൾ തന്റെ കാൽമേസ് ഊരി ഇറങ്ങുവാൻ തുടങ്ങിയപ്പോൾ എന്തോ ഒരു ശബ്ദം കേട്ടു. അവൾ അതു വകവയ്ക്കാതെ വെള്ളത്തിൽ ഇറങ്ങി. അപ്പോൾ മുൻഭാഗത്തുനിന്നും കാററടിക്കുന്നതു കണ്ടു ഭയന്ന് പിൻപോട്ടുകയറി. പക്ഷേ കാററ് ഗ്രോട്ടോയുടെ ചുററും മാത്രമെ ഉണ്ടായിരുന്നൊള്ളു അവിടെ അടുത്തുള്ള വൃക്ഷങ്ങളുടെ പിറകിലായി തന്നോളം പ്രായം വരുന്ന ഒരു സുന്ദരിയെ കണ്ടു. അവളുടെ ശിരോവസ്ത്രം പാദംവരെ നീണ്ടുകിടന്നിരുന്നു. അരയിലെ കെട്ട് നീലനിറത്തിലുള്ളതായിരുന്നു. വലതുകരത്തിൽ തൂങ്ങിക്കിടന്നിരുന്ന ജപമാലയായിരുന്നു അവളുടെ ഏകാഭരണം. ആ സുന്ദരരൂപം ബർണ്ണദീത്തായെ തന്റെ പക്കലേയ്ക്കു മാടിവിളിച്ചു. തൽക്ഷണം അവൾ മുട്ടിന്മേൽനിന്നു കൊന്തനമസ്കാരം ആരംഭിച്ചു. അതവസാനിച്ചപ്പോൾ ആഗത തലകുനിച്ചു മന്ദഹസിച്ചശേഷം അപ്രത്യക്ഷയായി. ഇതായിരുന്നു ബർണ്ണദീത്തായ്ക്കുണ്ടായ ആദ്യത്തെ ദർശനം.

അല്പം കഴിഞ്ഞ് കൂട്ടുകാരികൾ വിറകു ശേഖരിച്ച് മടങ്ങിവന്നപ്പോൾ നിശ്ചലയായി മുട്ടിന്മേൽ നിൽക്കുന്ന ബെർണ്ണദീത്തായെയാണ് അവർ കണ്ടത്. അവർ അവളെ കപട 'ഭക്ത' എന്നു വിളിച്ചു പരിഹസിച്ചു. മാറ്റ്മഡ്യ്യ അവൾക്കുണ്ടായ ദർശനത്തെപ്പററി ടോയിതറെറയോടു പറയുകയും അവൾ അമ്മയെ വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു. മേലിൽ ആ സ്ഥലത്തേയ്ക്കു പോകരുതെന്ന് അമ്മ അവൾക്കു ആജ്ഞ നൽകി.

അവളെ ഏതോ അദൃശ്യശക്തി അങ്ങോട്ടാകർഷിക്കുന്നതായി അവൾക്ക് അനുഭവപ്പെട്ടു. പിറേറ ആഴ്ചയും അവൾ പിതാവിന്റെ അനുമതിയും വാങ്ങി അങ്ങോട്ടു തിരിച്ചു. മുമ്പുണ്ടായ ദർശനംതന്നെയാണ് അവൾക്ക് രണ്ടാമതും ഉണ്ടായത്. മൂന്നാംപ്രാവശ്യത്തെ ദർശനത്തിൽ രണ്ടാഴ്ച തുടർച്ചയായി ഗ്രോട്ടോ സന്ദർശിക്കണമെന്നുപദേശിക്കുകയും നിത്യസമ്മാനം വാഗ്ദാനം ചെയ്യുകയും ചെയ്തശേഷമാണ് ആ കന്യക അപ്രത്യക്ഷയായത്.

ബർണ്ണദീത്തായ്ക്ക് 'മസ്സാബില്ലെ' ഗ്രോട്ടോയിൽ ഏതോ അത്ഭുതദർശനമുണ്ടാകുന്നുണ്ടെന്നു നാടെല്ലാം പരന്നു. ആബാലവൃദ്ധം ജനങ്ങൾ അവിടെ എത്തി. അവളുടെ മുഖഭാവം നോക്കിയാൽ ദർശനമുണ്ടാകുന്ന സമയം മനസ്സിലാക്കാൻ പ്രയാസമില്ലായിരുന്നു.

ഇതു സ്വപ്നമോ, കല്പിതകഥയോ, എന്നൊന്നു പലരും വിശ്വസിച്ചിരുന്നു. മേലിൽ ഗ്രോട്ടോ, സന്ദർശിച്ചാൽ ജയിലിലടയ്ക്കുമെന്നും മററും പോലീസ് അധികൃതർ അവളെ ഭീഷണിപ്പെടുത്തി. പക്ഷേ അവളുടെ നിശ്ചയത്തിൽനിന്നും അവളെ പിന്മാററാൻ ആരെക്കൊണ്ടും കഴിഞ്ഞില്ല

ഫെബ്രുവരി 26-ാംതീയതിയുണ്ടായ ദർശനത്തിൽ ഗ്രോട്ടോയുടെ ഒരു ഭാഗത്തുനിന്നും ഒരു നീരുറവ പൊട്ടിപ്പുറപ്പെടുകയും, അതിൽനിന്നു കുടിക്കുന്നതിനും, കുളിക്കുന്നതിനും പ. കന്യക അവളോട് ആവശ്യപ്പെടുകയുംചെയ്തു ഈ വററാത്ത നീരുറവ ഗോവു നദിയിലേയ്ക്കാണ് ഒഴുകിവീഴുന്നത്.

മാർച്ച് 2-ാംതീയതിയിലെ ദർശനത്തിൽ ഗ്രോട്ടോയിലേയ്ക്ക് അടുത്തദിവസംതന്നെ ഒരു പ്രദക്ഷിണം നടത്തണമെന്നും, അതിന്റെ സമീപേ ഒരു കപ്പേള പണിയിക്കണമെന്നും സ്ഥലത്തെ വൈദികരെ അറിയിക്കുവാൻ പ. കന്യക അവളോടാജ്ഞാപിച്ചു. മാർച്ച് 24-ാംതീയതി നടന്ന ദർശനത്തിൽ അവൾ കന്യകയോടു പേരു ചോദിച്ചു. "ഞാൻ അമലോത്ഭവയാകുന്നു" എന്നു കന്യക മറുപടി പറയുകയും ചെയ്തു. അതിനുശേഷം രണ്ടുപ്രാവശ്യംകൂടി ദർശനം ഉണ്ടായി. അങ്ങിനെ ദർശനങ്ങൾ എല്ലാതന്നെ അവസാനിച്ചു. പിന്നീട് അവൾ പ. കന്യകയെ കാണുന്നത് സ്വർഗ്ഗത്തിൽ ചെന്നതിനുശേഷമാണ്.

ഇങ്ങനെ ലോകത്തിന് അജ്ഞാതമായിക്കിടന്നിരുന്ന ലൂർദ്ദുനഗരം അത്ഭുതസംഭവങ്ങളുടെ കേന്ദ്രമായിവിശ്വവിഖ്യാതി നേടിക്കഴിഞ്ഞു ഇന്നും അനേകായിരത്തെ അങ്ങോട്ടാകർഷിക്കുന്നത് ആ വററാത്ത നീരുറവയാണ്. അതിൽ കുളിച്ചു സുഖം പ്രാപിക്കുന്നവർ അനേകരാണ്.

# MARIAN LIFE IN CARMEL

(Rev. Fr. Victor O. C. D., Carmel Hill, Trivandrum)

**Introduction**

This issue of "Carmel" ushers in a veritable "Annus Memorabilis" par excellence for the Discalced Carmelites of Malabar, because we are commemorating this year the third centenary of the coming of the Carmelites to Kerala. The celebration of this happy occasion should not be restricted to external solemnities only, but should be marked by a more intensifying study and practice of Carmelite life. Therefore while thanking Almighty God and the Queen of Carmel on this occasion for the innumerable blessings and favours received during the last three hundred years, a brief survey of one of the chief characteristics of our Holy Order, namely of Marian life in Carmel will, I think, be quite in keeping with the aim and spirit of this commemoration.

**Mary the heart and centre of Carmel**

Every catholic worthy of the name has a tender childlike devotion to the Blessed Virgin Mary. If this is true of the ordinary catholic, what shall we say of the Carmelite, who is Mary's child of predilection ? Whoever is acquainted even in the slightest manner with Carmelite life will easily perceive that its heart is focussed on Mary. For the Carmelite, his attitude towards Mary is not merely a devotion. It is much more than that. It is a life. Yes, his life is intertwined, interlaced and devotailed with Mary. She enters into every aspect of his life like water in a sponge. Indeed Mary is not only the Flower, the Beauty and Queen of Carmel; but she is also the ALL of Carmel, so that it has been truly said that "Totus Carmelus est Marianus", Carmel is wholly Marian. Yes, Carmel is all Mary in outlook, in spirit and practice.

From the very fact that the Order bears the name of the Blessed Virgin of Mount Carmel, it is obvious that the Carmelite must love and venerate his beloved patroness. No one can be said to have the true spirit of Carmel unless there burns in his heart the tenderest love for this dearest Mother and Queen. Therefore the loving veneration of Mary is the aim of the Order, its spirit, its distinctive character, its mission in the church, its means of action, its strongest safeguard and its greatest glory.

To know and love Mary and to make her known and loved, to imitate her and to leave others to do so is the ideal and prefection of the Carmelite vocation. In Mary and through Mary we come to the true knowledge of God, which leads us to our life of contemplation and action.

**The Carmelite consecration to Mary is not as a slave but as a child**

St. Gringnon de Montfort in his excellent treatise on "True devotion to Mary" teaches us to consider ourselves as the SLAVES of Mary and to consecrate ourselves to her as her slaves. Evidently what he means is not a real slave, but a slave of love.

The Carmelite Marian devotion is not opposed to that of Gringnon de Montfort, for, that would be uncharitable

and unchristian. Besides, such an attitude would not be pleasing to Mary. His doctrine is not only good and gives honour to Mary, but also helps many souls. To oppose it simply because it does not agree with our own idea would be narrowmindedness. However, we would assert that the de Montfort consecration to Mary is not a monopoly. Our Holy Order of Carmel also has a long standing tradition of complete consecration to Mary, which appeals very much to the faithful of all ranks and conditions of life. It has some qualities, which makes it in a certain sense more attractive than de Monrfort consecration. The Carmelite consecration is based and built upon the intimate and attractive union of a child with its mother and of a mother with her child. This consecration was not only made by but also lived by St. Therese, the Little Flower, the most popular saint of modern times. This idea is as old as the Carmelite order itself, which was founded to venerate Mary in a very special way. The spirit of Carmel is not only the spirit of contemplation, but it is also the spirit of complete consecration to Mary, whom the Carmelites wish to love and venerate by their entire supernatural life. Moreover, we bind ourselves by our Holy Profession to follow the Marian life of the Order by this childlike consecration to Mary, our Mother and our Queen.

The order of Carmel has been instituted, as we shall see in the sequel, to venerate Mary in a very special way. All along the avenue of centuries throughout the entire history of the Order, there is nothing more striking and touching than the duel of love between Mary and her Carmelite sons. On one side, Mary lavishing her maternal care and protection and granting privileges and, on the other, her sons sparing nothing to show her their esteem, love and veneration by special tokens.

The characteristic and most important part of Carmelite attire is of course the Scapular, Mary's special gift, her own garment, the pledge of her neverfailing love, the shield of her continual protection, the sign of eternal salvation according to the promise she herself has made to St. Simon Stock and last but not least, the guarantee of speedy deliverance from Purgatory as revealed by her to Pope John XXII. The Carmelite act of Religious Profession is also a promise made after God to Mary together with a complete dedication of oneself to her. Over and above this, manifold are the occasions on which the Carmelite shows his special love and veneration to Mary both in public and in private. The High Mas of our Lady of Mount Carmel every Saturday in all Carmelite churches, the Solmen Salve Regina sung by the whole community every Saturday evening, the Solemn Procession in honour of Mary every third Sunday of the month, the kissing of the superior's scapular whenever we receive anything from him are all tokens of our filial love to Mary. Besides these there are still other considerations that link and bind the Carmelite more and closely to Mary.

**The Carmelite life of contemplation is a replica of Mary's own life**

Throughout all the mysteries of the Incarnation and Redemption that were accomplished through Mary, "She kept everything pondering them in her heart". What was her life at Nazareth but one of contemplation and action?

The long period of thirty years of the closest intimacy with her divine Son Jesus, during the hidden life at Nazareth is the model we have to imitate. The terrible trials she underwent as Co-redemptrix during the passion and death of Jesus and her whole-hearted co-operation with the special graces from the Holy Spirit make her the most perfect model of interior life and contemplation. It is true that there have been very exemplary Carmelite saints in our order, proposed to us for our imitation, but all these pale into insignificance before Mary.

**Mary is also our model in our Exterior Ministry and Apostolate**

Mary is called in the Litany "Queen of apostles". Next to Jesus, if there was anyone who has a love for the salvation of souls it is surely Mary. It was her immense love for souls that prompted her to pronounce her "Fiat" at the Annunciation knowing very well how much pain and anguish it was going to cost her. At Bethlehem she brought forth her Divine Son Jesus without any pain. In begetting Jesus, she also begot us her spiritual childern, but this at the foot of the cross in unspeakable pain and anguish.

She offered her son Jesus to God the Father on the cross, that God may be glorified and souls may be saved from perdition. What apostle in the world history can boast of such a zeal for souls as Mary? In the Primitive church after the Ascension of our Lord, Mary was the strength, the solace and the inspiration of the apostles and the early christians during the difficult peried of the church's infancy. Like a tender Mother she nursed the Infant Church founded by her Divine son. St. Dionysius of Alexandria commenting on the words of the Biblical text "They were persevering in prayer with Mary the Mother of Jesus", says "With them too was the great house of God, the great mansion of God, Mary the Mother of God.' And St. Jerome writes "Mary remained for a time on earth after the Ascension of her son with the apostles, that she might instruct them more fully, since she had seen and handled things more familiarly, and was therefore better able to express them. For things that we better know we better utter". (De Assump. B. V. M.)

Moreover, in Mary's visit to her cousin St. Elizabeth on her mission of charity, we see in her the perfect model of apotsolic zeal truly worthy of imitation.

Is it surprising then that the Carmelites should make Mary the object of so much love and veneration throughout the ages down to this very day?

**The Marian life in Carmel in its historical setting**

The origin of the Marin title of the order is of absorbing interest. The earliest historical records reveal Mary as holding a central place in Carmelite life and history.

St. Elias the great prophet of Carmel, who always walked in the sight of God and later merited to appear with Christ on Mount Thabor at the transfiguration, by his prophetic insight and illumination of divine grace could have been favoured with the knowledge of the mytsery of the incarnation and could have seen Mary the Virgin Mother of the Messiah in the little rain-bearing cloud that came to Carmel in answer to his prayer.

The earliest disciples of St. Elias known as the "Sons of the prophets continued the Elian spirit and way of life, living in the hope of the Incarnation. They too prayed that the virgin may bring forth the promised redeemer.

From the earliest times so great was the devotion to Mary in Carmel that the members of the order were known as the "Brothers of the blessed Virgin Mary of Mount Carmel."

The title "Queen of Carmel" came into use only in the sixteenth century, most probably having its origin in Spain, whereas the titles of "Sister" and "Mother" date from the earliest age of the Order.

Yes indeed it is Mary who brings to Carmel the dew and the rain that fertilises this garden of delights. Without her it would be barren and desolate without fruit or flower. Mount Carmel itself became a figure of our Lady and the scriptural texts that extol its beauty, sweetness and fertility are applied to her, so much so that it is believed that the Order was divinely founded to honour and venerate Mary in a very special way. This is the raison d'etre of its existence.

There is a long standing tradition that on Mount Carmel there was a chapel built in honour of the Mother of God soon after the ascension of our Lord.

Owing to the absence of cogent historical testimony we are unable to substantiate this claim, but we know for certain that about the beginning of the 13th century there was a chapel dedicated io our Lady on Mount Carmel near the fountain of Elias, thus showing the Marian as well as the Elian aspect of Carmelite life. The "Institutio primorum monachorum", which is perhapes one of the oldest of Carmelite documents expressly testifies to this. It was on this hallowed spot that the religous known as the "Brothers of the blessed Virgin Mary" assembled daily to sing her praises and in course of time the Order came to be called the "Order of the most blessed Virgin of Mount Carmel". This official title is mentioned in several Papal Constitutions before 1256.

It is quite obvious that it was their special devotion to thier heavenly Queen and Mother that earned this title for them, for, just as her chapel was the heart and centre of their monastery, so also the blessed virgin Mary was the very soul and spirit of their daily lives.

The Roman Pontiffs themselves recognised this title as far back as 1247 when they addressed the Carmelites as "Brothers of the Blessed Virgin Mary of Mount Carmel". In 1248 it was pope Clement V, who in a bull issued to the Order declared that it was "divinely founded in honour of the glorious and Blessed Virgin Mary". In the year 1282 Very Rev. Fr. Peter Amilianus, the General of the Order in an official letter to Edward I king of England expressly mentions it. Moreover from time immemorial the Carmelites have made their Religious Profession by solemn dedication of their lives for the greater glory and honour of Mary.

Mary too on her part was not indifferent to Carmel's special love for her. She, who can never be outdone in generosity responded to it in a way her Brothers or Sons of Carmel never expected.

Although from a human point of view the abandoning of the Holy Mount of Carmel with its sweet memories in the 11th century, under the stress of the Mohomedan persecution, was very painful to the Carmelites, the migration to the west at the inspiration of Mary is a fine example of how our Lady brings good out of evil and turns into a glorious victory what appears to be an ignominious defeat and failure. Mary never deserted them in their direst trails. She was their guiding star, their solace and encouragement in their doubts and perplexities. Wave after wave of opposition rose against the Order about the middle of the thirteenth century and to all appearances it seemed that the Order would sink beneath the raging waves.

At this juncture Divine providence raised a saintly and devout client of Mary to the office of the General of the Order. This was no other than St. Simon Stock. With all the fervour of his soul he implored the Queen of Carmel in the well-known beautiful words of the hymn "Flos Carmeli", which he composed, asking her to come to the rescue of the Order.

It was in answer to this prayer that our Lady appeared to him on the 16th of July 1251 at Aylesford in Kent, giving him the scapular and saying. "Take my son, this scapular. Whoseover dies wearing this shall not suffer eternal fire." Thus the scapular is a sign of her special love and a garment of salvation for all who wear it devoutly.

The wearing of the scapular, richly endowed as it is with great and many privileges, has more than a material significance. In its spiritual significance it means an initiation into the Marian life of Carmel i. e. a complete dedication to the Marian way of life in Carmel.

The importance of the scapular vision consists in this that it confirmed the Order in its very special devotion to our Lady and strengthened its faith in her all-powerful protection. It gave the Carmelites all the world over that intimate and profound conviction of Mary's special adoption, that feeling that Mary has taken them under the mantle of her protecting love to become more and more to them a sweet and fond Mother.

**Conclusion**

Let us therefore esteem our Marian life as one of the greatest treasures that Divine Providence has entrusted to us. A treasure so glorious, so sublime, so pregnant with high spiritual and mystical doctrine should be made profitable not only for us Carmelites, but also for the whole Christian world. Let us bear in mind that it is a moral obligation on us, Carmelites, to open the door and introduce all christians to this treasure, so that they all may be benefited by it.

That the commemoration of this third centenary may be an incentive to all of us to cultivate in our hearts and in the hearts of others a more ardent love for Mary is our earnest wish and prayer.

---

## To Mary's Immaculate Heart

Holy the woumb that bare Him
Holy the breasts that fed,
But holier still the royal heart
That in His passion bled!

*Cardinal Newman.*

## പുതിയ പുസ്തകങ്ങൾ

1 വളരുന്ന തലമുറ—അനുവാദകൻ: എഫ്രേം കുന്നപ്പള്ളി. വശം 139; പ്രസാധകർ: എസ്.എച്ച്. ലീഗ്, അലുവാ നോർത്ത് [1956] വില 11 ണ.

റവ. ഫാ. ഫുൾജൻസ് ഒ. എഫ്. എം. യുവജനങ്ങൾക്കുവേണ്ടി രചിച്ചിട്ടുള്ള ഒരിംഗ്ലീഷ് ഗ്രന്ഥത്തിന്റെ തർജ്ജമ യൗവനം, യുവജനങ്ങളുടെ സാമാന്യമായും പ്രത്യേകമായും ഉള്ള കടമകൾ, ചാരിത്ര്യം, അതു് നഷ്ടപ്പെടാതിരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ, അതു സംരക്ഷിച്ചാലുള്ള ആനന്ദം മുതലായി യുവാക്കന്മാരും യുവതികളും അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് പ്രതിപാദ്യം. ആകർഷണീയമായ മുഖചിത്രത്തോടുകൂടിയ ഈ ഗ്രന്ഥത്തിനു കുട്ടികളുടെ ഇടയിൽ പ്രചുരപ്രചാരം സിദ്ധിക്കട്ടെ.

2. പീഡകളുടെ മനുഷ്യൻ (കർമ്മലഗ്രന്ഥാവലിനമ്പർ 15). ഗ്രന്ഥകർത്താവ്: ഫാ. ബർണർഡിൻ, ഒ. സി. ഡി. വശം 54; സെൻറ് ജോസഫ്സ് പ്രെസ്, തിരുവനന്തപുരം, 1956; വില 6 ണ.

നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള ചിന്തകളാണുള്ളടക്കം. ആറായിഭാഗിച്ച് പ്രസംഗഭാഷയിൽ എഴുതിയിട്ടുള്ള ഈ ചെറുപുസ്തകം വലിയ നോമ്പുകാലപ്രസംഗങ്ങൾക്കുമാത്രമല്ല, അക്കാലധ്യാനങ്ങൾക്കും ഉപയോഗപ്രദമാകുന്നു.

3. കുട്ടികൾ പ്രസംഗകർ ആകണമെങ്കിൽ. ഫാ ജോസഫ് പുതിയാപറമ്പിൽ, ബി. എ വശങ്ങൾ 103; സെൻറ് ഫ്രാൻസിസ് സെയിൽസ് പ്രെസ്സ്, കോട്ടയം. വില 10 അണ.

ഈശ്വരഭക്തി, മാതൃപിതൃഭക്തി, ഗുരുഭക്തി, പരിശ്രമശീലം സത്യസന്ധത, ക്ഷമ, അസൂയ മുതലായ പതിനേഴോളം വിവിധവിഷയങ്ങളെ പുരസ്കരിച്ചുള്ള ചെറിയ ചെറിയ ഉപന്യാസങ്ങളാണ് ഉള്ളടക്കം. വിദ്യാർത്ഥിയോഗങ്ങളിൽ ആശയദാരിദ്ര്യം കൊണ്ടു വിഷമിക്കുന്ന കുട്ടികളെ സഹായിക്കാനാണി പുസ്തകം എഴുതപ്പെട്ടിരിക്കുന്നതു്. സാമാന്യജ്ഞാനത്തെ വർദ്ധിപ്പിക്കാൻ പോരുന്ന ഒരദ്ധ്യായവും അവസാനത്തിൽ ചേർത്തിരിക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കുന്നു. ലളിതഭാഷയിൽ വിരചിതമായിരിക്കുന്ന ഈ ഗ്രന്ഥം ഉപയോഗിച്ചാൽ വിദ്യാർത്ഥികൾക്കു വിഷമം കൂടാതെ പ്രസംഗചാതുരി വികസിപ്പിക്കാവുന്നതാണ്.

## വിഷയവിവരം


| | | വശം |
|---|---|---|
| 1. | ബത്ലഹമിന്റെ സന്ദേശം | |
| 2. | കർമ്മലീത്തരുടെ കേരളപ്രവേശത്തിന്റെ മൂന്നാം ശതാബ്ദം | 1 |
| 3. | അമ്മയും മകനും | 5 |
| 4. | ശകുനമോ യാദൃശ്ചികമോ? | 8 |
| 5. | "നന്മനിറഞ്ഞ മറിയം"—പ്രാർത്ഥന III | 11 |
| 6. | ക്രിസ്തുമതോല്പത്തി | 14 |
| 7. | വികൃതിക്കൊച്ചു് | 15 |
| 8. | എന്തു്, അങ്ങനെ സംഭവിച്ചു? | 17 |
| 9. | വി. യോഹന്നാൻ ക്രൂസ്സിന്റെ കർമ്മലഗിരിയാരോഹണം | 20 |
| 10. | സ്വഭാവാതീത ദൈവസാന്നിദ്ധ്യം | 21 |
| 11. | സംസാരനിയന്ത്രണം | 24 |
| 13. | ഒരൽഭുതസംഭവം | 26 |
| 12. | Marian Life in Carmel | 28 |
| | പുതിയ പുസ്തകങ്ങൾ | |

*HAVE YOU READ?*

# A MAN OF GOD

**Price Rs. 4-8-0**



( A Biography of Archbishop BENZIGER )

*FRESH ARRIVALS !!*

## WAY OF THE CROSS PICTURES (Italian)

| | | | | |
|---|---|---|---|---|
| 19″ × 14″ | Size | Per set | Rs. | 45 0 0 |
| 12″ × 9″ | ,, | ,, | | 25 0 0 |
| 9″ × 4″ | ,, | ,, | | 5 0 0 |

MANAGER,
St. Joseph's Press,
Trivandrum—1


Edited by Very Rev. Fr. Eliseus O. C. D., Printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors.